വില ₹30

# ജീവനും വെളിച്ചവും

ക്രിസ്തുമസ് പുതുവത്സര പതിപ്പ്



ക്രിസ്തുമസ് പുതുവത്സരാശംസകൾ...


CARMEL GIRLS'
HIGHER SECONDARY
SCHOOL
MERRY
Christmas
and Happy New Year!
VAZHUTHACAUD, THYCAUD P. O., TRIVANDRUM, KERALA
TEL. 0471 - 2327025, 2337025, 2736025

# ജീവനും വെളിച്ചവും

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2023 ജനുവരി
പുസ്തകം - 47 ലക്കം - 1
വില 30 രൂപ (വാർഷിക വരിസംഖ്യ: 360 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com
www.archtvmnews.com



**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. തോമസ് ജെ. നെറ്റോ
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. യൂജിൻ എച്ച് പെരേര
**ഉപദേശക സമിതി**
ഫാ. ലോറൻസ് കുലാസ്
ഫാ. ഡാർവിൻ പീറ്റർ
ഫാ. ഡാനിയേൽ ആർ.
ഫാ. ഡൈസൺ
ഫാ. ആഷ്‌ലിൻ ജോസ്
ഫാ. മൈക്കിൾ തോമസ്
ഫാ. സന്തോഷ്കുമാർ പനിയടിമ
ഫാ. ക്രിസ്റ്റിൽ റൊസാരിയോ
ഫാ. ഷാജിൻ ജോസ്
ഫാ. സിൽവസ്റ്റർ കുരിശ്
ഫാ. നിജു അജിത്
പി. ശശിധരൻ
**പത്രാധിപർ**
ഫാ. ദീപക് ആന്റോ
**സഹ പത്രാധിപർ**
ഫാ. ലെനിൻ ഫെർണാണ്ടസ്
ബർഗ്മാൻ തോമസ്
**മാനേജർ (പരസ്യവിഭാഗം)**
ഫാ. മനീഷ് പീറ്റർ
**പത്രാധിപ സമിതി**
മോൺ. ജെയിംസ് കുലാസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
സിന്ധുമരിയ നെപ്പോളിയൻ
**ആർട്ടിസ്റ്റ്**
വർഗീസ് ജോർജ്ജ്
**ഡിറ്റിപി & ലേ-ഔട്ട്**
സുനിൽകുമാർ
**ഓഫീസ് നിർവഹണം**
ടെൽമ ജെ.വി.



*Account Details:*
State Bank of India
A/C No. 57027220934
IFSC : SBIN0070308
A/C Name : Editor, Jeevanum Velichavum


## മുഖവിചാരം



# സഹനത്തിന്റെ മഹത്വം പ്രഘോഷിക്കുന്ന ക്രിസ്തുമസ്...

മനുഷ്യ ചരിത്രത്തിലെ അവസാനവാക്കും വാചകവും കുറിക്കപ്പെട്ടു കഴിയുമ്പോൾ കണ്ടെത്താവുന്ന ഏറ്റവും ഭാരമേറിയ വാക്യങ്ങളിലൊന്ന് 'സത്രത്തിൽ അവർക്ക് സ്ഥലം ലഭിച്ചില്ല'( ലൂക്കാ 2:7) എന്നതായിരിക്കും.

സ്വദേശത്തുനിന്ന് പാലായനം ചെയ്ത്, ബന്ധുക്കളും കൂടെയുള്ളവരാലും ഉപേക്ഷിക്കപ്പെട്ട്, വീടില്ലാതെ മറ്റുള്ളവരോട് അഭയം ചോദിച്ച്, കൊട്ടിയടച്ച വാതിലുകൾ താണ്ടി, ഒടുവിൽ പുൽക്കൂട്ടിൽ ദൈവസുതൻ ജനിച്ചു. അവന് പിറക്കാൻ ഇടം ലഭിച്ചത് ഒരു കാലിത്തൊഴുത്ത് ആയിരുന്നു. ദൂരെയുള്ള ബത്‌ലഹേം ഓർമ്മപ്പിക്കുന്ന ഈ ചരിത്രം നമ്മുടെയും ഒട്ടും ദൂരത്തല്ലാത്ത സമകാലീന ചരിത്രമാണ്.

മനുഷ്യൻ ആദ്യമായി സ്വർഗം ദർശിക്കാൻ താഴേക്ക് നോക്കി ഒരു സ്ത്രീയുടെ കൈകളിലേക്ക്... വൃത്തിഹീനമായ തൊഴുത്തിൽ വിശുദ്ധി പിറന്നു... മൃഗതുല്യം പ്രവർത്തിക്കുന്നവരാൽ കൊല്ലപ്പെടേണ്ടവൻ മൃഗങ്ങൾ ഭക്ഷിക്കുന്നിടത്ത് ശയിച്ചു. കാളയെയും കഴുതയെയും ആരാധിച്ച് പാപം ചെയ്ത ഇസ്രയേൽ ജനത്തിന്റെ പാപങ്ങൾക്ക് പരിഹാരം യാചിച്ചുകൊണ്ട് കാളയും കഴുതയും ബത്‌ലഹേമിലെ കാലിത്തൊഴുത്തിൽ ശിരസ്സ് നമിച്ചു നിന്നു.

ദേവാലയത്തിൽ കാഴ്ചവയ്ക്കപ്പെട്ട ദരിദ്രനായ ഉണ്ണിയേശു അമൂല്യ സമ്പത്തിന്റെ അക്ഷയ നിധിയാണെന്ന് തിരിച്ചറിഞ്ഞ ശിമയോൻ തന്റെ ജീവിതത്തിന്റെ അസ്തമയ ദശയിൽ ഒരു പുതിയ സൂര്യോദയം പ്രവചിച്ചു. ശിശുവിനെ അംഗീകരിക്കുകയോ നിരാകരിക്കുകയോ മാത്രമാണ് ലോകത്തിന് ചെയ്യാനുള്ളത് എന്ന് ആ ദീർഘദർശി പ്രഖ്യാപിച്ചു. ഒത്തുതീർപ്പില്ലാത്ത രക്ഷയുടെ പാതയാണ് അത്. മനുഷ്യരുടെ രക്ഷമാത്രം ആഗ്രഹിക്കുന്ന ഇടങ്ങളിൽ ഇന്നും ഒത്തുതീർപ്പുകൾക്ക് സ്ഥാനമില്ല.

വേദനയോടെ മക്കളെ പ്രസവിക്കുമെന്നും സർപ്പത്തിന്റെ തല അവളുടെ സന്തതി തകർക്കുമെന്നും ഏദൻ തോട്ടത്തിൽവച്ച് സ്ത്രീയെ അറിയിച്ച ദൈവം ശിമയോനിലൂടെ ലോകത്തെ അറിയിച്ചത്, 'സഹിക്കുന്ന ദാസന്റെ അമ്മയും സഹനം ഏറ്റെടുക്കേണ്ടി വരും' എന്നാണ്. സഹനവും വേദനയും മറ്റുള്ളവർക്കുവേണ്ടി കൂടി ഏറ്റെടുക്കുന്ന നിശ്ശബ്ദതയാണ് പുൽക്കൂട്ട് നൽകുന്ന സന്ദേശം. 'നിൻറെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചുകയറുകയും ചെയ്യും' (ലൂക്കാ 2: 35). അപരനുവേണ്ടി സ്വന്തം രക്തം ചൊരിയേണ്ടിവരുന്നതിനെ ക്രിസ്തുമസ് അടയാളപ്പെടുത്തുന്നുണ്ട്.

വിജാതീയർക്ക് യേശു പ്രകാശമായിരിക്കുമെന്ന് പ്രവചിച്ച ശിമയോൻ ഇന്ന് നമ്മെ ഓർമ്മപ്പെടുത്തുന്ന സമകാലീന വ്യക്തിത്വങ്ങൾ ഉണ്ട്, യേശുവിന്റെ പാത പിന്തുടർന്ന ഈശോസഭാ വൈദികനായ സ്റ്റാൻസ് സ്വാമിയെപ്പോലെ, തീവ്രവാദി എന്ന വിളിപ്പേരോടെ... . ധാരാളം പേർ...

പ്രകാശമായ യേശുവിനെ ഉയർത്തിപ്പിടിക്കുവാൻ യേശു സ്നേഹിക്കുന്ന എല്ലാരോടും ഈ ക്രിസ്മസ് ആവശ്യപ്പെടുന്നു.

യേശുവിന് സാക്ഷിയാകാൻ ഇതാണ് സമയം....

'എനിക്ക് നിങ്ങളെ അറിയാം' എന്ന് അവനും നിങ്ങളെ സാക്ഷ്യപ്പെടുത്തും തീർച്ച...

**പത്രാധിപർ**

# പ്രതികരണങ്ങൾ




## ജീവനും വെളിച്ചവും മുന്നേറുന്നു

ഡിഡംബർ ലക്കം ജീവനും വെളിച്ചവും മാസിക വിഭവസമൃദ്ധികൊണ്ടും വർണഭംഗികൊണ്ടും മികച്ചതായി. വിഴിഞ്ഞം അതിജീവന സമരത്തെക്കുറിച്ച് മൈക്കിളച്ചൻ എഴുതിയ വിശദവും വ്യക്തവുമായ ലേഖനവും സമരത്തിൽ പങ്കെടുത്തവരുടെ കുറിപ്പുകളും അനുയോജ്യവും അവസരോചിതവുമായ ഒന്നായി തോന്നി. അതുപോലെ ഹൃദയസ്പർശിയായ എഴുത്താണ് ദൈവജന സമക്ഷം ഒരു വികാരിയച്ചന്റെ കത്ത്. സിസ്റ്റർ ലീമ രാജൻ എഴുതിയ 'കൈവിട്ടുപോയ ഇന്നലെകൾ' വല്ലാത്ത ഒരു നൊമ്പരമുണർത്തി. വിൻസെന്റ് ലോപ്പസിന്റെ കഥ, ചോർച്ച ഒരു ഗൃഹാതുരത്വ സ്മരണയാണ്. ലൈല പുലരിയുടെ കവിത, 'കടലിന്റെ ആരവം' കാലിക പ്രസക്തമാണ്. മികച്ച നിലവാരം കാത്തുസൂക്ഷിക്കുന്ന ജീവനും വെളിച്ചത്തിനും അതിന്റെ അണിയറ പ്രവർത്തകർക്കും അഭിനന്ദനങ്ങൾ...

**വില്യം യേശുദാസ്, താഴമ്പള്ളി**

## വിപ്ലവകാരിയല്ലാത്ത ക്രിസ്ത്യാനി ചാവുദോഷത്തിലാണ് ജീവിക്കുന്നത്

തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ വൈദികരേ, നിങ്ങളെക്കുറിച്ചോർക്കുമ്പോൾ തികഞ്ഞ അഭിമാനം തോന്നുന്നു.

ദൈവശാസ്ത്ര ആദർശങ്ങളും ഒത്തുതീർപ്പ് രാഷ്ട്രീയവുംകൊണ്ട് നിങ്ങൾ ജനത്തിന്റെ വിശ്വാസ്യത നഷ്ടപ്പെടുത്തിയില്ല.

ചവിട്ടിനിന്ന മണ്ണ് കടലെടുത്തുപോയപ്പോൾ ആ മണ്ണിൽ നിന്നുയർന്ന പീഡിതലക്ഷങ്ങളുടെ നിലവിളിയെ നിങ്ങൾ അവഗണിച്ചില്ല.

മാനിഫെസ്റ്റോകളും മൂലധനവും ആഹ്വാനം ചെയ്യുന്ന വർഗ്ഗസമരത്തിന്റെ നെറ്റ് റിസൾട്ട് അധ്വാനവർഗത്തിന്റെ നേതാക്കൾ മറന്നിട്ടും തീരദേശ ജനതയെ നിങ്ങൾ കൈവിട്ടില്ല.

സാമൂഹ്യ ജീവിതത്തിന്റെ മുഖ്യധാരകളിൽ വരേണ്യവർഗം പിടിമുറുക്കുമ്പോൾ പാർശ്വവൽകൃതരുടെ ഒരുമിച്ചുകൂടലിന് പള്ളിമണികൾ മുഴക്കേണ്ട കാലമായി എന്ന് നിങ്ങൾ ഓർമ്മിപ്പിച്ചു.




പൗരോഹിത്യമെന്നത് കേവലം പ്ലാസ്റ്റിക് പൂക്കൾക്കും മെഴുകുതിരിക്കാലുകൾക്കുമിടയിൽ ക്രിസ്തുവിനെ അന്വേഷിക്കലായിരുന്നില്ല. സ്വർണ്ണക്കുരിശുകൾക്കും നേർച്ചപ്പെട്ടികൾക്കും കാവൽ കിടക്കുന്ന ബാധ്യതയായിരുന്നില്ല. കുമ്പസാരക്കൂടുകളും കളിക്കളങ്ങളും വിട്ട് തങ്ങളുടെ ജനത്തിന്റെ മുന്നിൽത്തന്നെ നിലയുറപ്പിച്ചു. ഇടയനെ അടിച്ച് ആടുകളെ ചിതറിക്കാനുള്ള ശ്രമങ്ങളെ നിശ്ചയദാർഢ്യത്തോടെ നിങ്ങൾ ചെറുത്ത് തോൽപിച്ചു.

ലോകത്തിന്റെ നേർഖണ്ഡമാണ് നിങ്ങളുടെ പൗരോഹിത്യം. ഫാസിസ്റ്റും നാസിസ്റ്റും ഓട്ടോക്രാറ്റും ബൂർഷ്വായും ഒരു വശത്ത്. മറുവശത്ത് നിലനിൽപ്പിനുവേണ്ടി കണ്ണീർവാർത്തും അലമുറയിട്ടും കരയുന്ന ഒരു ജനത. അവരുടെ മുഖത്തിന് രൂപഭംഗിയോ സാമീപ്യത്തിന് അത്തറിന്റെ മണമോ ഉണ്ടായിരുന്നില്ല. എന്നിട്ടും നിങ്ങൾ അവരോടൊപ്പം നിലയുറപ്പിച്ചു.

'വിപ്ലവകാരിയല്ലാത്ത ക്രിസ്ത്യാനി ചാവുദോഷത്തിലാണ് ജീവിക്കുന്നത് A Catholic who is not a revolutionary is living under mortal sin". അവനവന്റെ നിയോഗങ്ങളിൽ നിന്ന് ഒളിച്ചോടാതെ നിങ്ങളെ ആശ്രയിക്കുന്ന ജനതയുടെ വിശ്വാസം ഇനിയും കാത്തുസൂക്ഷിക്കാൻ നിങ്ങൾക്ക് കഴിയട്ടെ.

ആശംസകൾ...

**ഫാ. ജോബിൻ വലിയപറമ്പിൽ,**
തലശേരി രൂപത

# താളുകളിൽ


**അതിജീവനസമരം** 6
ഡോ. തോമസ് ജെ. നെറ്റോ

**തിരുപ്പിറവിയുടെ സനാതനത്വം** 10
കെ. ജയകുമാർ ഐഎഎസ്

**മഞ്ഞും നിലാവും പെയ്ത് ബെത്‌ലഹേം കുളിർന്നുവിറയ്ക്കുമ്പോൾ** 12
പെരുമ്പടവം ശ്രീധരൻ

**ക്രിസ്തു എന്ന ഒറ്റത്താരകം** 14
ഫാ. വിൻസെന്റ് വാരിയത്ത്

**ശനിയുടെ അപഹാരവും ഞായറിന്റെ അവരോഹണവും** 22
ഇഗ്നേഷ്യസ് തോമസ്

**ഗോഡൗണാകുന്ന ബത്‌ലഹേമിലേക്ക് പോകാം** 28
ഫാ. ഡൈസൺ

**മനുഷ്യാവതാരം; ദൈവം നമ്മോടുകൂടെ** 32
ഫാ. ലോറൻസ് കുലാസ്

**ക്രിസ്തുമസ് നാളിലെ നാടകരാവുകൾ** 38
എൻ.എൻ.റോയ്

**ബത്‌ലഹേമിലെ ദൈവാനുഭവങ്ങൾ** 42
ബ്ര. ജോഷൻ ജെ.എസ്.

**സിനിമ** 44
എ. അനിൽകുമാർ

**വായന** 46
താര ഇഗ്നേഷ്യസ്

**വാർത്തകൾ** 47


**നീർച്ചാൽ** 50

**വചനജ്വാല** 56

**നേർക്കാഴ്ച** 58
ജെ.സി.


## 3 കഥകൾ, 7 കവിതകൾ







ലേഖനം



# അതിജീവന സമരം
## താൽക്കാലികമായി നിർത്തിവയ്ക്കാനുള്ള സാഹചര്യങ്ങൾ




+ഡോ. തോമസ് ജെ. നെറ്റോ
തിരുവനന്തപുരം അതിരൂപത മെത്രാപ്പൊലീത്ത


2022 ജൂലൈ 20-ന് തീരദേശവാസികളും മത്സ്യത്തൊഴിലാളികളും 7 ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ നേതൃത്വത്തിൽ ആരംഭിച്ച സമരം നാല് മാസങ്ങൾ പിന്നിട്ടും പരിഹാരം കാണാതെ തുടരുന്നതിലുള്ള ആശങ്ക പല മേഖലകളിൽ നിന്നും പലപ്പോഴും ഉയർന്നു വരുന്നുണ്ടായിരുന്നു. ഇതിനിടെ നവംബർ 26, 27 തിയതികളിൽ മുല്ലൂർ- വിഴിഞ്ഞം പ്രദേശങ്ങളിൽ നടന്ന അനിഷ്ടസംഭവങ്ങളുടെ പശ്ചാത്തലത്തിൽ സമരത്തിന്റെ വിവിധ വശങ്ങൾ വിലയിരുത്തി തുടർനടപടികൾ ആലോചിക്കാൻ വേണ്ടി വിവിധ സമിതികൾ വിളിച്ചു കൂട്ടാൻ തീരുമാനിക്കുകയും അതനുസരിച്ച് ഡിസംബർ 1, 2 തിയതികളിലായി കൂടിയ സമരസമിതി കോർകമ്മിറ്റി, വൈദികസമ്മേളനം എന്നിവയുടെ നിർദ്ദേശങ്ങളും മന്ത്രിസഭാ ഉപസമിതിയുമായി ചർച്ചചെയ്യാനുള്ള സർക്കാർ ക്ഷണവും പ്രസ്തുത ദിവസം തന്നെ ഉച്ചകഴിഞ്ഞ് കൂടിയ സമരസമിതിയുടെ ജനറൽ കൗൺസിൽ ചർച്ചയ്ക്ക് വിധേയമാക്കുകയും, വ്യത്യസ്ത അഭിപ്രായങ്ങൾക്കൊടുവിൽ സമര സമിതി പ്രതിനിധികൾ മന്ത്രിസഭാ ഉപസമിതിയുമായി ചർച്ച നടത്താനും വേണ്ടിവന്നാൽ നിലവിലെ സാഹചര്യം പരിഗണിച്ചുകൊണ്ട് താൽക്കാലികമായി സമരം നിർത്തിവയ്ക്കാനുള്ള തീരുമാനം കൈക്കൊള്ളാനും സമരസമിതി പ്രതിനിധികളെ ചുമതലപ്പെടുത്തി.

### നമ്മുടെ ആവശ്യങ്ങളും അവയോടുള്ള സർക്കാർ സമീപനവും

നമ്മൾ ഉന്നയിച്ച 7 ആവശ്യങ്ങളിൽ തുറമുഖ നിർമ്മാണം നിർത്തിവച്ചുള്ള പഠനം ഒഴികെയുള്ള ആറ് ആവശ്യങ്ങളും ന്യായമാണെന്നും പരിഗണിക്കാവുന്നതാണെന്നും മന്ത്രിസഭാ ഉപസമിതി ചർച്ചയിൽ അംഗീകരിക്കുകയുണ്ടായി. ഇതേ നിലപാട് തന്നെയാണ് മുഖ്യമന്ത്രി നിയമസഭയിൽ പ്രഖ്യാപിച്ചതും. കേരളത്തിലെ വിവിധ രാഷ്ട്രീയ പാർട്ടികളും സർക്കാർ നിലപാടിനോടു ചേർന്നു പോകുന്നതായിരുന്നു. അതേസമയം, അനുഭാവപൂർവ്വം അംഗീകരിക്കുന്നുവെന്നു പറയുകയും അവയെ

ല്ലാം നടപ്പിലാക്കി തുടങ്ങിയെന്ന് നിയമസഭയ്ക്കകത്തും മാധ്യമങ്ങളിലൂടെയും അവകാശവാദം ഉന്നയിക്കുകയും ചെയ്ത സർക്കാർ ഭാഗികമായി മാത്രമാണ് ആറുകാര്യങ്ങളും നടപ്പിലാക്കുന്നത്.

തീരശോഷണത്തിനും തൻമൂലമുള്ള വീടും സ്ഥലവും തൊഴിലും നഷ്ടപ്പെടുന്നതിനുമുള്ള പ്രധാന കാരണം വിഴിഞ്ഞം തുറമുഖനിർമ്മാണമാണെന്ന നമ്മുടെ നിലപാടിനെ അംഗീകരിക്കാൻ സർക്കാർ ഇനിയും തയ്യാറായിട്ടില്ല. കാലാവസ്ഥ വ്യതിയാനം കൊണ്ടാണ് ഇവ സംഭവിക്കുന്നതെന്നാണ് സർക്കാർ നിലപാട്. ഈ സാഹചര്യത്തിലാണ് മത്സ്യത്തൊഴിലാളികളുടെ ആശങ്ക പരിഹരിക്കുന്ന തരത്തിൽ നമ്മൾ നിർദ്ദേശിക്കുന്ന രണ്ടു വിദഗ്ദരെക്കൂടി ഉൾപ്പെടുത്തി സുതാര്യമായ പരിസ്ഥിതി ആഘാത പഠനം നടത്തണമെന്ന് ആവശ്യപ്പെടുന്നത്.

**തീരശോഷണത്തിനും തൻമൂലമുള്ള വീടും സ്ഥലവും തൊഴിലും നഷ്ടപ്പെടുന്നതിനുമുള്ള പ്രധാന കാരണം വിഴിഞ്ഞം തുറമുഖനിർമ്മാണമാണെന്ന നമ്മുടെ നിലപാടിനെ അംഗീകരിക്കാൻ സർക്കാർ ഇനിയും തയ്യാറായിട്ടില്ല. കാലാവസ്ഥ വ്യതിയാനം കൊണ്ടാണ് ഇവ സംഭവിക്കുന്നതെന്നാണ് സർക്കാർ നിലപാട്.**

### താൽക്കാലികമായി സമരം നിർത്തിവയ്ക്കാനുള്ള സാഹചര്യം

ആവേശപൂർവ്വം നമ്മൾ തുടർന്നുവന്ന അതിജീവന സമരം 140-ാം ദിവസം നിർത്തിവച്ചതിനോടു സമ്മിശ്ര പ്രതികരണമാണ് ഉണ്ടായത്.

1. സമരം നിർത്തിവയ്ക്കാനുള്ള തീരുമാനത്തിലേക്ക് നയിച്ച പ്രധാനപ്പെട്ട സാഹചര്യം നവംബർ 26, 27 തിയതികളിൽ മുല്ലൂർ, വിഴിഞ്ഞം പ്രദേശങ്ങളിലുണ്ടായ അനിഷ്ടസംഭവങ്ങളാണ്. തദ്ദേശിയരും പോലീസും ഉൾപ്പെടെ നൂറുകണക്കിന് ആളുകൾക്ക് മുറിവേൽക്കുകയും അവിടെയുണ്ടായിരുന്ന സമാധാന അന്തരീക്ഷം തകരുകയും നിരപരാധികളായ അനേകർക്കെതിരെ ജാമ്യമില്ലാ വകുപ്പുകൾ ഉൾപ്പെടുത്തി പോലീസ് കേസുകൾ എടുക്കുകയും സഞ്ചാര സ്വാതന്ത്ര്യം തടസ്സപ്പെടുത്തുകയും ചെയ്യുന്ന സാഹചര്യം തുടർന്നുവരികയായിരുന്നു.

2. സമരത്തിന്റെ പേരിൽ സംഘർഷമോ സംഘർഷസാഹചര്യമോ നമ്മൾ ആഗ്രഹിക്കുന്നില്ല. ഇന്നത്തെ സാഹചര്യത്തിൽ തുറമുഖ കവാടത്തിൽ നമ്മൾ സമരം തുടരുന്നത് വീണ്ടും കൂടുതൽ അനിഷ്ടസംഭവങ്ങൾക്ക് കാരണമാകുമെന്ന് നമ്മൾ സംശയിക്കുന്നു. ഭീതിജനകമായ ഇന്നത്തെ സാഹചര്യം മാറ്റിയെടുത്ത് ഒരു സമാധാന അന്തരീക്ഷം രൂപപ്പെടുത്തുന്നതിനാണ് മുൻതൂക്കം കൊടുക്കേണ്ടത് എന്ന ചിന്തയിൽ നിന്നാണ് തൽക്കാലത്തേക്ക് സമരം നിർത്തിവയ്ക്കാനുള്ള തീരുമാനത്തിലേക്ക് എത്തിചേർന്നത്.

3. സമരസമിതിയുമായി മന്ത്രിസഭ ഉപസമിതി സെപ്തംബറിൽ നടത്തിയ ചർച്ചയിൽ 'സമരം നിർത്തിവച്ചാൽ തുടർചർച്ചയാകാമെന്ന്' മന്ത്രിസഭാ ഉപസമിതി നിലപാടെടുത്തതിനെ തുടർന്ന് തുടർചർച്ചകൾ നവംബർ അവസാനം വരെയും നടന്നില്ല. ഈ സാഹചര്യത്തിൽ കേരളാ റീജിയൺ ലാറ്റിൻ കാത്തലിക് കൗൺസിൽ, കേരളാ കത്തോലിക്കാ മെത്രാൻ സമിതി, തിരുവനന്തപുരം ലത്തീൻ അതിരൂപതാ ലയ്സണിംഗ് കമ്മിറ്റി എന്നിവയുടെ നേതൃത്വത്തിൽ സർക്കാരും സമരസമിതിയും തമ്മിലുള്ള ചർച്ചയ്ക്ക് കളമൊരുക്കാൻ ശ്രമിച്ചുവരികയായിരുന്നു. ഈ പശ്ചാത്തലത്തിലാണ് കർദിനാൾ ക്ലിമീസ് ബാവായുടെ ഇടപെടലുകൾ മുഖ്യമന്ത്രിയുമായുള്ള ചർച്ചയ്ക്ക് സാഹചര്യമൊരുക്കിയത്.

### സമരം നിർത്തിവയ്ക്കുമ്പോഴുള്ള സർക്കാരിന്റെ ഉറപ്പുകൾ

അതിജീവന സമരത്തിന് നമ്മൾ ഉന്നയിച്ച 7 ആവശ്യങ്ങളിൽ ഏറ്റവും പ്രധാനമെന്ന് നമ്മൾ കരുതുന്ന 'നിർമ്മാണ പ്രവർത്തനം നിർത്തിവച്ച് പഠനം നടത്തണമെന്നും പഠനസമിതിയിൽ സമരസമിതി നിർദ്ദേശിക്കുന്ന വിദഗ്ദരെക്കൂടി ഉൾപ്പെടുത്തണമെന്നുള്ള നമ്മുടെ ആവശ്യത്തോടുമുള്ള സർക്കാർ നിലപാട് പ്രതിഷേധാർഹമാണ്. ഇതര ആവശ്യങ്ങൾ ഭാഗികമായി മാത്രം അംഗീകരിക്കുന്ന സമീപനത്തിൽ നമ്മൾ തൃപ്തരല്ല എങ്കിലും സർക്കാർ നൽകിയ ഉറപ്പുകൾ നിങ്ങളുടെ അറിവിലേയ്ക്ക് പങ്കുവയ്ക്കുന്നു.

1. തീരശോഷണം മൂലം ഭവ





നം നഷ്ടപ്പെട്ട ഗോഡൗണുകളിലും സ്കൂളുകളിലും മറ്റും കഴിയുന്ന കുടുംബങ്ങളെ അടിയന്തിരമായി മാറ്റി പാർപ്പിക്കാൻ 5500/- രൂപ പ്രതിമാസ വാടക സർക്കാർ ഒന്നരവർഷം നൽകും. രണ്ടുമാസത്തെ വാടക അഡ്വാൻസായി നൽകും. (ഇതിനുപുറമെ, അദാനിയുടെ CSR ഫണ്ടിൽ നിന്നും 2500/- രൂപ വീതം വാടകയായി ലഭ്യമാക്കാമെന്ന് സർക്കാർ അറിയിച്ചെങ്കിലും അദാനിയുടെ പണം ആവശ്യമില്ലെന്ന നിലപാട് നമ്മൾ എടുത്തു).

2. മത്സ്യത്തൊഴിലാളികൾക്ക് 635 ചതുരശ്ര അടി വിസ്തൃതിയിൽ വീടും ഓരോ ഫ്ളാറ്റിലും ആവശ്യത്തിന് സ്ഥലവും സൗകര്യവും ഉറപ്പാക്കും. ഒന്നര വർഷത്തിനുള്ളിൽ നിർമ്മാണം പൂർത്തിയാക്കും. വലയും മറ്റ് ഉപകരണങ്ങളും സൂക്ഷിക്കാൻ പൊതുവായി സ്ഥലം ഒരുക്കും.

3. പുനരധിവാസ പ്രവർത്തനങ്ങൾക്ക് ചീഫ് സെക്രട്ടറിയും തുറമുഖ വകുപ്പ് സെക്രട്ടറിയും മേൽനോട്ടം വഹിക്കും.

4. നിലവിലുള്ള മണ്ണെണ്ണ എഞ്ചിനുകൾ ഡീസൽ / പെട്രോൾ / ഗ്യാസ് എഞ്ചിനുകളായി മാറ്റുന്ന പ്രവർത്തനങ്ങൾ ഉടൻ നടപ്പിലാക്കും. ഇതിനായി ഒറ്റത്തവണ സബ്സിഡി നൽകും.

5. കേരളതീരത്ത് മത്സ്യബന്ധനം നടത്തരുത് എന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിർദ്ദേശം പുറപ്പെടുവിക്കുന്ന തിയതികളിൽ തൊഴിൽ നഷ്ടം ഉണ്ടാകുന്നത് പരിഗണിച്ച് ഫിഷറീസ് വകുപ്പിന്റെ അംഗീകാരം ഉള്ള പട്ടികയിൽ ഉൾപ്പെടുന്ന മത്സ്യതൊഴിലാളികൾക്ക് മേൽനിർദ്ദേശം നിലനിൽക്കുന്ന തിയതികളുടെ എണ്ണം കണക്കാക്കി ദേശീയ ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം A(1)(e) അനുസരിച്ച് തൊഴിൽ നഷ്ടപരിഹാരം നൽകുവാൻ നടപടി സ്വീകരിക്കും. അതുകൂടാതെ ഫിഷറീസ് വകുപ്പിന്റെ അംഗീകാരം ഉള്ള പട്ടികയിൽ ഉൾപ്പെടുന്ന മത്സ്യതൊഴിലാളികൾക്ക് ആവശ്യമുള്ള പക്ഷം അവരെ MGNREGs/അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി തുടങ്ങിയ തൊഴിൽദാന പദ്ധതികളിൽ ഉൾപ്പെടുത്തും.

6. മുതലപ്പൊഴിയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി രണ്ടാഴ്ചയ്ക്കുള്ളിൽ പൂനെ സെൻട്രൽ വാട്ടർ & പവർ റിസർച്ച് സ്റ്റേഷൻ (സി.ഡബ്ല്യു.പി.ആർ.എസ്) മായും മത്സ്യത്തൊഴിലാളി പ്രതിനിധികളുമായും ഫിഷറീസ് വകുപ്പ് ചർച്ച സംഘടിപ്പിച്ച് തുടർനടപടികൾ സ്വീകരിക്കും.


7. തീരശോഷണവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് നിയോഗിച്ച പഠനസമിതി മത്സ്യത്തൊഴിലാളികളുടെ വിദഗ്ധപ്രതിനിധികളുമായി ചർച്ച നടത്തുന്നതാണ്. പഠനത്തിന് വേണ്ട മാർഗ്ഗരേഖ നമ്മുടെകൂടി അഭിപ്രായം ഉൾക്കൊണ്ടുകൊണ്ട് നിശ്ചയിക്കും. കൂടാതെ കപ്പൽചാൽ ഏത് വരെ ഉണ്ടാകുമെന്നും കപ്പൽചാൽ മൂലം തൊഴിൽ നഷ്ടപ്പെടുന്നവരുടെ പുനരധിവാസം ഉറപ്പാക്കാമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്.

സർക്കാർ നൽകിയ ഉറപ്പുകൾ യഥാസമയം നടപ്പിലാക്കാൻ വേണ്ട ഇടപെടൽ നമ്മുടെ ഭാഗത്തുനിന്നും തുടർന്നും ഉണ്ടാകും. ക്യാമ്പുകളിൽ കഴിയുന്നവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി വാടക വീട് കണ്ടെത്തുന്നതിന് നമ്മുടെ സഹായം തുടർന്നും ആവശ്യമാണ്. സർക്കാർ നൽകുന്ന 5500/- രൂപ വാടകത്തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കി ആവശ്യമായ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകാനും നമ്മൾ സഹകരിക്കേണ്ടതുണ്ട്.

സമരം കൊണ്ട് എന്തു നേടി എന്ന് ചിന്തിക്കുമ്പോൾ സർക്കാർ നൽകിയ ഉറപ്പുകൾ ഭാഗികമാണെന്ന് തിരിച്ചറിയുന്നു. അതിനെ അതിജീവിക്കാനുള്ള സമ്മർദ്ദത്തിനും ഭാവിയിലും നമ്മൾ സന്നദ്ധരാകണം. ദീർഘമായ ഒരു സമരത്തിന് ഒന്നിച്ചുനിൽക്കാനും തളരാതെ മുന്നോട്ടുപോകാനും സാധിച്ചത് വലിയൊരു നേട്ടം തന്നെയാണ്. നീതിക്കുവേണ്ടിയുള്ള നമ്മുടെ പോരാട്ടം സാമൂഹ്യ പ്രതിബദ്ധതയുടെയും വിശ്വാസജീവിതത്തിന്റെയും ഭാഗമാണ്.

സമരമുഖത്ത് പങ്കുചേർന്ന ഇതര സഭാവിഭാഗങ്ങളും, സമുദായങ്ങളും, മതവിഭാഗങ്ങളും, മനുഷ്യാവകാശ പ്രവർത്തകരും, പരിസ്ഥിതി പ്രവർത്തകരും മറ്റും നൽകിയ പിൻബലം വലുതാണ്. അവരെ ഏവരെയും നന്ദിപൂർവ്വം സ്മരിക്കുന്നു. പ്രാദേശികമായി തിരുവനന്തപുരം ജില്ലയിലെ തീരദേശ മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങളും, നീതിക്കുവേണ്ടിയുള്ള നമ്മുടെ ജനകീയ മുന്നേറ്റവും സംസ്ഥാന തലത്തിൽ മാത്രമല്ല, ദേശീയ, അന്തർദേശീയ തലങ്ങളിലും ശ്രദ്ധേയമായി എന്നത് നമുക്ക് ഊർജ്ജം പകരുന്നതാണ്. വാണിജ്യ തുറമുഖനിർമ്മാണം സൃഷ്ടിക്കുന്ന സാമൂഹ്യ-പാരിസ്ഥിതിക, തൊഴിൽ പ്രശ്നങ്ങളും വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിനുണ്ടാകുന്ന പ്രശ്നങ്ങളും പഠിക്കുന്നതിന് നാം നവംബർ 1-ാം തിയതി നിയോഗിച്ച ജനകീയ വിദഗ്ധ സമിതിയുടെ പഠനം പുരോഗമിച്ചുവരികയാണ്. കൂടാതെ 126 മത്സ്യത്തൊഴിലാളികളെ വാദികളാക്കി ഹൈക്കോടതിയിൽ സമർപ്പിച്ച ഹർജ്ജിയും പുരോഗമിച്ചു വരുന്നു.

ഈ സമരം നാമൊരുമിച്ച് ഏറ്റെടുത്തതാണ്. നിങ്ങളുടെ ത്യാഗവും പ്രതിബദ്ധതയും അഭിമാനകരമാണ്. നിങ്ങളെ ഏവരെയും അഭിനന്ദിക്കുകയും നന്ദി പറയുകയും ചെയ്യുന്നു. തുടർന്നും നീതിക്കുവേണ്ടി ഒരുമിച്ച് നിൽക്കാം. നീതിരാജനായ ക്രിസ്തുവിന്റെ ഇടപെടലുകൾക്കായി പ്രാർത്ഥിക്കാം. ■



ഐറിസ് കൊയ്‌ലിയോ



# പെയ്ത്തോ പെയ്ത്ത്

**അ**ന്തമില്ലാ പേക്കാറ്റ്
കടലാഴങ്ങളിൽ മുങ്ങാംകുഴിയിട്ട്
ഉയിര് പിടിക്കുന്നു
ദുരിതക്കടലിൽ മുഖമടിച്ചുവീണു
ചേലാളിമാർ
വള്ളങ്ങൾ വാഴ്‌വുകൾ
കീഴ്മേൽമറിഞ്ഞു
മടക്കമില്ലാ പുറങ്കടലിൽ
അവളുടെ വള്ളം അമരത്തൂന്ന്
പലവട്ടം തള്ളിമറിച്ചിട്ടും
തുഴക്കോൽ കൈവഴുതിയിട്ടും
ആഴങ്ങളിൽ നിലവെള്ളം ചവുട്ടിക്കേറി
അണിയത്തുനിന്ന് തുഴഞ്ഞത്
അവൾ
വിതച്ചതും കൊയ്തതും
ഉമിയടർത്തി പതിരാറ്റിക്കൊഴിച്ചതും
ഉണക്കി ചെതുമ്പൽ പോക്കി
വെന്തെടുത്തതും
അവൾ
ചട്ടിയിൽ തിളച്ച്
തുടുപ്പിന്നറ്റത്തുടഞ്ഞിട്ടും
കഞ്ഞിത്തെളിയിൽ പശിയടക്കി
അന്തിയോളമലഞ്ഞതും
അവൾ
കള്ളിൻ കരുത്തിൽ നടുതളർന്ന്
കാണാത്താലിയിൽ തേങ്ങലമർത്തി
നോമ്പ് പിടിച്ച് നേർച്ച നേർന്ന്
അമ്മകന്നീ... മണീ... യെന്ന് ഒപ്പാരിച്ചതും
അവൾ
തീ തൊടാത്തവൾ
തിര വിഴുങ്ങാത്തവൾ
വിഷം തീണ്ടാത്തവൾ
ചായവും ചമയവും
കരിമണലായി ഒഴുക്കിയതും
അവൾ
കടൽപ്പേച്ചിൻ താളത്തിൽ
വാഴ്‌വൊളിപ്പിച്ച്
അകത്തുമാഴത്തിലും
കടലറിവ് വിഴുങ്ങി
നാട്ടറിവ് കാത്തതും
അവൾ
കൊമരിയെന്ന്
കെട്ടാമറിയയെന്ന് മലടിയെന്ന്
കണവൻ വാഴാത്തവളെന്ന്
പൊട്ടിയെന്ന് വലവീശിയവളെന്ന്
പേര് കെടുത്തിയോളെന്ന്
കൊമ്പാസുകാരിയെന്ന്
മിണ്ടിയാൽ തല്ലിക്കൊല്ലുമെന്ന്
പുറമ്പോക്കിൽ ചീലാന്തിമൂട്ടിൽ
നീലിച്ച് പരുത്ത എരിക്കിന്നൊത്ത്
തലവഴിയേ വെള്ളപുതച്ച്
ആട്ടും തുപ്പുമേറ്റതും
അവൾ
ഇന്ന്
നോവെണ്ണിപ്പറഞ്ഞ്
ഏറ്റുവിളിക്കാൻ
തെരുവിലിറക്കീട്ട്
അവൾക്ക്
ഒരേ ചിരി ഒരേ ആട്ടം
ഒരേ നെഞ്ചത്തടി
ഒരേ കൈക്കലാശം
സുനാമിക്ക് ഓക്കിക്ക്
കൊറോണയ്ക്ക്
വീട് കടലെടുക്കും
കെട്ടകാലത്ത് ഗോഡൗണിൽ
വാഴ്‌വ് കുഴിച്ചിട്ട നാളിൽ
പഞ്ചീസ് കളിച്ച്
അദാനി തുറയരിയുമ്പോൾ
അവൾക്ക്
ഒരേ ചിരി ഒരേ ആട്ടം
ഒരേ നെഞ്ചത്തടി
ഒരേ കൈക്കലാശം

ഒച്ചയില്ലാതെ ഒരേ മൂച്ച്

ലേഖനം



ക്രിസ്തുമസ് ഒരു സംഭവം മാത്രമല്ല; അതൊരു രൂപകമാണ്. സത്യത്തിന്റെ തിരുപ്പിറവി സാധ്യമാണെന്ന വിശ്വാസത്തിന്റെ രമണീയ രൂപകം. അതാണ് അതിന്റെ അക്ഷയമൂല്യം. അതിന്റെ സനാതനത്വം.

# തിരുപ്പിറവിയുടെ സനാതനത്വം



കെ ജയകുമാർ ഐഎഎസ്

യേശുവിനെ അറിയാൻ എളുപ്പമാണ്; ഏറെ പ്രയാസവുമാണ്. പീലാത്തോസിന്റെ മുന്നിൽ യേശു അധികം വാക്കുകൾ ഉച്ചരിച്ചില്ല. താൻ സത്യം സാക്ഷാത്കരിക്കാൻ വന്നു എന്ന മറുപടി തീർച്ചയായും പീലാത്തോസിന്റെ പ്രജ്ഞാതലത്തിനതീതമാണ്. തിരുപ്പിറവിയുടെ ലക്ഷ്യം എന്തായിരുന്നു എന്നാണു കാൽവരിയിലേക്കുള്ള യാത്രാപീഡ ആരംഭിക്കും മുമ്പുള്ള ഈ വെളിപ്പെടുത്തൽ. ഹ്രസ്വവും ദിവ്യവുമായ തന്റെ ജീവിതവൃത്തികളിലൂടെ യേശുക്രിസ്തു വെളിപ്പെടുത്തിയതെല്ലാം ഈ പരമ ദൗത്യത്തിന്റെ പ്രകാശമയൂഖങ്ങളായിരുന്നു. ഈ കാഴ്ചപ്പാടിൽ തിരുപ്പിറവിയെ സമീപിക്കുമ്പോൾ അത് കേവലമൊരു മഞ്ഞണിഞ്ഞ രാത്രിയും, നക്ഷത്രവും കാലിത്തൊഴുത്തും ഉൾപ്പെടുന്ന ചിത്രമല്ല. അനേകം അർത്ഥതലങ്ങളുള്ള അവികല മനോഹരമായ ചരിത്രത്തിലെ ഒരുജ്ജ്വല മുഹൂർത്തമായി പരിണമിക്കും.

ക്രിസ്തുമസ് ട്രീകളുടെയും നക്ഷത്ര വിളക്കുകളുടെയും സമ്മാനങ്ങളുടെയും സാന്താക്ളോസിന്റെയും ബിംബാവലിയിൽ നമ്മുടെ കാലം ഈ ദിവ്യമുഹൂർത്തത്തെ മറ്റൊരാഘോഷമാക്കി മാറ്റുന്നുണ്ടോ? സത്യ

ത്തിന്റെ മുഖം സ്വർണ്ണപ്പാത്രംകൊണ്ട് മറയ്ക്കപ്പെട്ടിരിക്കുന്നു എന്ന ഭാരതീയമായ കല്പ്പനയുടെ ആവിഷ്കാരമായി മാറാൻവേണ്ട ധാരാളം പ്രലോഭനങ്ങൾ ചുറ്റുമുണ്ട്. ഈ ആപത്തിൽപ്പെടാതിരിക്കണമെങ്കിൽ യേശുവെന്ന സത്യത്തിലേക്ക് നമ്മുടെ മനോദൃഷ്ടി പതിയേണ്ടതുണ്ട്. ആ സത്യത്തിനു ചുറ്റുമുള്ള സ്വർണ്ണ കിന്നരികളിലേയ്ക്കല്ല, കിന്നരികൾക്കപ്പുറമുള്ള ആ സത്യത്തിലേക്ക്. കുരിശുമരണമെന്ന യാഥാർഥ്യം മുന്നിൽ തെളിഞ്ഞപ്പോഴും യേശുവിന്റെ ധീരസ്വരം വിളംബരം ചെയ്ത ആ സത്യം എന്താണ്?

ഈ പ്രപഞ്ചത്തിനു ആധാരമായി ഒറ്റ സത്യമേയുള്ളൂ എന്ന് സർവമതങ്ങളും സകല ശാസ്ത്രവും സമ്മതിക്കും. ഒന്നിൽക്കൂടുതലുള്ളതൊന്നും പരമമായ സത്യമാവുകയില്ല. പലതായിക്കാണുന്നവയ്ക്കപ്പുറം ഏകമായതെന്താണോ അതാണ് സത്യം. ആ സത്യത്തെ അനേകം ദൃഷ്ടാന്ത കഥകളിലൂടെയും, വചനങ്ങളിലൂടെയും, സുവ്യക്തമായ പ്രവൃത്തികളിലൂടെയും മനുഷ്യർക്കു ഗ്രഹിക്കാവുന്ന സരളഭാഷയിൽ യേശു പകർന്നു തന്നു. ഈ ശുശ്രൂഷകളിലൂടെ ദൈവമെന്ന അപാര സത്യത്തിന്റെ പ്രായോഗികഭാഷ്യം ചമയ്ക്കുകയായിരുന്നു യേശു. സ്നേഹകാരുണ്യത്തിലൂടെയും, നിസ്വാർത്ഥതയിലൂടെയും, അലിവിലൂടെയും സഹനത്തിലൂടെയും മനുഷ്യന് പ്രാപ്യവും അനുഭവവേദ്യവുമാകുന്ന ദൈവമഹത്വം യേശു സദാ വിളംബരം ചെയ്തു.

ലോകം ഇന്ന് സ്വാർത്ഥതയുടെയും ലാഭക്കൊതിയുടെയും ഭൗതികാസക്തികളുടെയും പിടിയിലമർന്നിരിക്കേ, സ്നേഹത്തിന്റെ സ്വർഗ്ഗരാജ്യം മനുഷ്യർക്ക് അപ്രാപ്യമായിത്തീരുന്നു. സ്നേഹമഹത്വത്തിന്റെ ആ സ്വർഗ്ഗരാജ്യം നമ്മുടെ ഉള്ളിൽത്തന്നെയാണെന്ന മഹാവിളംബരവുമായി വന്ന ദൈവപുത്രൻ എത്ര എളിമയിലും സാധാരണത്വത്തിലുമാണ് ഭൂമിയിൽ അവതാരമാർന്നതെന്നു ക്രിസ്തുമസ് നമ്മെ ഓർമ്മപ്പെടുത്തുന്നു. ദൈവമഹത്വം കണ്ടെത്താൻ മണിമേടകളും സ്വർണ്ണ ദേവാലയങ്ങളും ആവശ്യമില്ലെന്നും പരമലാളിത്യതയിലെ ലാവണ്യത്തിലാണ് ദൈവസാനിധ്യമെന്നും ചേതോഹരമായി പറയുകയാണ് ക്രിസ്തുമസ്. ദൈവമെന്ന പരമ സത്യത്തെ ഏറ്റവും നിസ്സാരമെന്നു തോന്നുന്ന സന്ദർഭങ്ങളിൽ പോലും ദർശിക്കാൻ സാധിക്കുമെങ്കിൽ ജീവിത സങ്കീർണ്ണതകൾ വെയിലേറ്റ മഞ്ഞുമല പോലെ അപ്രത്യക്ഷമാകും. ഈ നൂറ്റാണ്ടിന്റെ കുടിലതകളെയും സങ്കീർണ്ണതകളെയും അഭിമുഖീകരിക്കാനുള്ള ആന്തരിക ശക്തിയാണ് തിരുപ്പിറവിയുടെ ചൈതന്യം. ആ പുൽക്കൂട്ടിൽ നിന്ന് അകലും തോറും ലാളിത്യത്തിൽ നിന്നും ഋജുവായ ജീവിത സങ്കൽപ്പങ്ങളിൽ നിന്നും നാം അകന്നുകൊണ്ടിരിക്കും. മനുഷ്യജീവിതത്തെ വിശുദ്ധമാക്കാനുള്ള അനശ്വരപ്രവാഹിനിയാണത്.



യേശുവിനെ അറിയാൻ എളുപ്പമാണ്; പ്രയാസവുമാണ് എന്ന വാക്യത്തോടെയാണ് ഈ കുറിപ്പ് ആരംഭിച്ചത്. ജീവിതയാത്രയ്ക്ക് സ്വാർത്ഥതയുടെയും അഹങ്കാരത്തിൻറെയും വിദ്വേഷത്തിൻറെയും അസഹിഷ്ണുതയുടെയും സങ്കീർണ്ണമായ വഴിയാണ് തെരഞ്ഞെടുക്കുന്നതെങ്കിൽ യേശുവിലേക്കുള്ള ദൂരം വളരെ കൂടുതലായിരിക്കും. എന്നാൽ നിസ്വാർത്ഥതയുടെയും വിനയത്തിന്റെയും സ്നേഹത്തിന്റെയും സഹനത്തിന്റെയും ലാളിത്യത്തിന്റെയും വഴിയിലൂടെയാണ് സഞ്ചരിക്കുന്നതെങ്കിൽ അത് യേശുവിലേക്കും, ശാശ്വതസത്യത്തിലേക്കുമുള്ള സുനിശ്ചിത വഴിയായിരിക്കും.

ക്രിസ്തുമസ് ഒരു സംഭവം മാത്രമല്ല; അതൊരു രൂപകമാണ്. സത്യത്തിന്റെ തിരുപ്പിറവി സാധ്യമാണെന്ന വിശ്വാസത്തിന്റെ രമണീയ രൂപകം. അതാണ് അതിന്റെ അക്ഷയമൂല്യം. അതിന്റെ സനാതനത്വം. ■

**ക്രിസ്തുമസ് ട്രീകളുടെയും നക്ഷത്ര വിളക്കുകളുടെയും സമ്മാനങ്ങളുടെയും സാന്താക്ളോസിന്റെയും ബിംബാവലിയിൽ നമ്മുടെ കാലം ഈ ദിവ്യമുഹൂർത്തത്തെ മറ്റൊരാഘോഷമാക്കി മാറ്റുന്നുണ്ടോ? സത്യത്തിന്റെ മുഖം സ്വർണ്ണപ്പാത്രംകൊണ്ട് മറയ്ക്കപ്പെട്ടിരിക്കുന്നു എന്ന ഭാരതീയമായ കല്പ്പനയുടെ ആവിഷ്കാരമായി മാറാൻ വേണ്ട ധാരാളം പ്രലോഭനങ്ങൾ ചുറ്റുമുണ്ട്. ഈ ആപത്തിൽപ്പെടാതിരിക്കണമെങ്കിൽ യേശുവെന്ന സത്യത്തിലേക്ക് നമ്മുടെ മനോദൃഷ്ടി പതിയേണ്ടതുണ്ട്. ആ സത്യത്തിനു ചുറ്റുമുള്ള സ്വർണ്ണ കിന്നരികളിലേയ്ക്കല്ല, കിന്നരികൾക്കപ്പുറമുള്ള ആ സത്യത്തിലേക്ക്.**

ലേഖനം

# മഞ്ഞും നിലാവും പെയ്ത് ബത്‌ലഹേം കുളിർന്നു വിറയ്ക്കുമ്പോൾ



പെരുമ്പടവം ശ്രീധരൻ

മഞ്ഞുംനിലാവും പെയ്ത് ബെത്‌ലഹേം കുളർന്നു വിറയ്ക്കുമ്പോൾ....

പണ്ടെന്നോ കേട്ട ഒരു പാട്ട് ആരംഭിക്കുന്നത് അങ്ങനെയാണ്. ആ പാട്ടിന്റെ ഹൃദയസൗന്ദര്യത്തിൽ നിന്ന് ഒരു രാത്രി ആവിർഭവിക്കുന്നു.

നിശബ്ദ രാത്രി
വിശുദ്ധ രാത്രി
ഇത് ക്രിസ്മസ് രാത്രി...

എല്ലാ ക്രിസ്മസ് രാത്രികളിലും ഞാൻ ആകാശംനോക്കി നിൽക്കാറുണ്ട്. കുട്ടിക്കാലം തൊട്ടേയുള്ള ഒരു പതിവാണ് അത്. ആകാശത്തിലെ അസംഖ്യം നക്ഷത്രങ്ങളിൽ ഏതാണ് ക്രിസ്തുവിന്റെ ജനനത്തെ കാണിക്കുന്ന നക്ഷ്ത്രം?

ആ നക്ഷത്രം ഇപ്പോഴും അവിടെയില്ലേ?

ഇക്കഴിഞ്ഞ നവംബർ മൂന്നാം തീയതി രാത്രി ബേത്‌ലഹേമിലെ തിരുപ്പിറവി ദേവാലയത്തിനു താഴെ മലഞ്ചരിവുകളിലൂടെ പോകുന്ന നിരത്തുവക്കിൽ നിന്ന് ഞാൻ ആകാശത്തിലേക്കുനോക്കി.

ക്രിസ്തുവിന്റെ ജനനത്തെ കാണിക്കുന്ന ആ നക്ഷത്രം എവിടെ?

മങ്ങിയ ആകാശത്തിൽ നക്ഷത്രങ്ങൾ തെളിയാൻ തുടങ്ങുന്നതേയുള്ളൂ. ഇനിയും ദിവസങ്ങൾ കുറേ കഴിയണം ഡിസംബറിന്.

ക്രിസ്മസ് കാലമാകുമ്പോഴേക്കും ബെത്‌ലഹേം കുന്നിലെ ചരിവുകളിൽ ഒലീവുകൾ പുക്കാൻ തുടങ്ങും.

ആ രാത്രി ലോകത്തുള്ള എല്ലാ കുന്നിൻ ചരിവുകളിലും മഞ്ഞും നിലാവും പെയ്യും. എല്ലാ കുന്നിൻ ചരിവുകളിലും മരങ്ങൾ തളിർക്കുകയും പൂക്കുകയും ചെയ്യും. ആ രാത്രിയിൽ ഭൂമിയിലെ എല്ലാ താഴ്വരകളും പൂക്കും.

രാത്രികളുടെ രാത്രിയാണ് അത്.

ബെത്‌ലഹേം കുന്നിൻ ചരിവിൽ നിൽക്കുമ്പോൾ എന്റെ ക്രിസ്ത്വാനുഭവം ഒരു സ്വപ്നം പോലെ ഞാൻ വീണ്ടും കണ്ടു.

അത് ഒരു കഥയാണ്;

സൂര്യവെളിച്ചം ഇരുളുന്ന സന്ധ്യാകാശത്തിന് കീഴിൽ എവിടെയോ ഉള്ള ഒരു കുന്നിൻചരിവിൽ നിഴൽക്കാടുകൾ

ക്കിടയിൽ ഒരു കുഞ്ഞാട് തളർന്ന ശബ്ദത്തിൽ കരയുന്നു. കുന്നിൻ ചരിവുകളെ മൂടിക്കിടക്കുന്ന കൊഴുത്ത നിശബ്ദതയിൽ ആട്ടിൻകുട്ടിയുടെ വിലാപം കാടുകളുടെ നിഴലുകൾക്കിടയിൽ നഷ്ടപ്പെടുന്നു. ഏതോ ഒരിടയന്റെ ആട്ടിൻപറ്റത്തിൽ നിന്ന് ഒറ്റപ്പെട്ടുപോയ ആട്ടിൻകുട്ടിക്ക് ആലയിലേക്കുള്ള വഴി അറിയില്ല. കാണാതെപോയ കുഞ്ഞാടിനെ അന്വേഷിച്ച് ഇടയൻ വരുമെന്ന് സന്ധ്യ ഇരുളുംവരെ ആട്ടിൻകുട്ടി കാത്തു. കുന്നിൻ ചരിവിലേക്ക് ആകാശത്തിൽ നിന്ന് ഇരുട്ടുകൾ ഇറങ്ങിവരാൻ തുടങ്ങിയപ്പോൾ ആട്ടിൻകുട്ടി പേടിച്ചു. നിഴൽക്കാടുകൾക്കിടയിൽ നിന്ന് ഏതെങ്കിലും ചെന്നായ് തന്റെമേൽചാടിവീഴും.

കുന്നിൻചരിവ് കുറേക്കൂടി ഇരുണ്ടു. സന്ധ്യയുടെ ഇരുട്ടിൽ കുന്നിൻ ചരിവുകളിലെ കാടുകളും മരങ്ങളും മുങ്ങി. കുന്നിൻ മുടികൾ ആകാശത്തിൽ ഇരുണ്ട ഗോപുരങ്ങളായിത്തീർന്നു. ഹതാശനായ ആട്ടിൻകുട്ടി ജീവിതത്തിന്റെ വിളുമ്പിൽ നിന്നെന്നപോലെ കുന്നിൻമുകളിലേക്ക് നോക്കി. ആകാശവിതാനത്തിലെ മേഘപ്പടവുകളിൽ നിന്ന് ആരോ ഒരാൾ കുന്നിറങ്ങിവരുന്നു. വെളുത്ത വസ്ത്രത്തിന്റെ വക്കുകൾ കിടന്നുലയുന്നു. നിഴൽക്കാടുകൾക്കിടയിലൂടെ ആ രൂപം തന്റെനേരെ നടന്നടുക്കുന്നത് ആട്ടിൻകുട്ടി കണ്ടു. ആട്ടിൻകുട്ടിയുടെ തൊണ്ടയിൽ കുരുങ്ങിയിരുന്ന അവസാനത്തെ നിലവിളിയും നഷ്ടപ്പെട്ടു. തന്റെനേർക്ക് നടന്നടുക്കുന്ന ആ നിഴൽക്കാടുകൾക്കിടയിൽ ആശങ്കയോടെ നിൽക്കുന്നു.

ആട്ടിൻകുട്ടിയെ കുനിഞ്ഞെടുത്ത് നെഞ്ചോടു ചേർത്ത് അതിന്റെ നെറ്റിയിൽ ചുംബിച്ച് അലിവോടെ അതിനെ തഴുകി.

ആട്ടിൻകുട്ടിയുടെ കണ്ണ് നിറഞ്ഞു.

ആരാണിത്? ഇത്ര അലിവോടെ...

അവൻ പറഞ്ഞു;

ഞാൻ നിന്റെ ഇടയൻ. ഇരുട്ടിൽ നീ എവിടെയാണെന്ന് ഞാൻ അന്വേഷിച്ചു നടക്കുകയായിരുന്നു. എങ്ങനെയാണ് നീ കൂട്ടം തെറ്റിപ്പോയത്?

എന്നിട്ടും ആട്ടിൻകുട്ടിക്ക് വിശ്വാസം വന്നില്ല.

ആരാണിത്? ഇത്ര സ്നേഹത്തോടെ ഇത്ര വാത്സല്യത്തോടെ... ഇത്ര കാരുണ്യത്തോടെ."

തന്നെ തഴുകുന്ന കൈത്തലത്തിലെ രക്തമൊലിക്കുന്ന ആണിപ്പാടുകൾ ആട്ടിൻകുട്ടി കണ്ടു. തന്നെ നെഞ്ചോടുചേർത്തുപിടിച്ചുകൊണ്ട് കുന്നിറങ്ങുന്ന ഇടയന്റെ ഹൃദയത്തിലെ ചൂട് ആട്ടിൻകുട്ടി അറിഞ്ഞു.

കഥ ഇത്രയേ ഉള്ളൂ.

ദിവാസ്വപ്നത്തിൽ നിന്ന് ഞെട്ടിയുണർന്ന് നോക്കുമ്പോൾ രാത്രി ഏതോ വിജനമായ കുന്നിൻചരിവിൽ ഞാനിരിക്കുകയാണ് തനിയെ.

ആകാശത്തിലെ അനേകം നക്ഷത്രങ്ങളിൽ ഒന്നിൽനിന്ന് ഒരു രശ്മി എന്റെ ഹൃദയത്തിൽ വന്നുപതിച്ചു. കൂട്ടം തെറ്റിപ്പോയ ആട്ടിൻകുട്ടി ഞാനായിരുന്നു.

ഇടയൻ ആരായിരുന്നുവെന്ന് ഇനി പറയണോ?

കുന്നിൻചരിവുകൾക്കപ്പുറത്തുനിന്ന് ഒരിളം കാറ്റുവന്ന് എന്നെ തഴുകി.

ആ കാറ്റിൽ ഒരു പാട്ടിന്റെ ഈണമുണ്ടായിരുന്നു.

മഞ്ഞും നിലാവും പെയ്ത്
ബേത്‌ലഹേം കുളിർന്നു
വിറയ്ക്കുമ്പോൾ....
ദൂരെ ബേത്‌ലഹേം മലഞ്ചരിവുകളിൽ
ഒലീവും നാരകവും മുന്തിരിയും പൂക്കുമ്പോൾ...
അപ്പോൾ
ഭൂമിയിൽ ഒരു വാഗ്ദാനം നിറവേറുന്നു. ■



ലേഖനം

# ക്രിസ്തു എന്ന ഒറ്റത്താരകം



ഫാ. വിൻസെന്റ് വാരിയത്ത്

**ജ്ഞാ**നികളെ വഴിനടത്തിയ വാൽനക്ഷത്രവും പുൽക്കൂട്ടിൽ അവർ കണ്ട പുഞ്ചിരിക്കുന്ന കുരുന്നുതാരവും ഒരാളായിരുന്നു. പിന്നീട് കാൽവരിയിൽ അവൻ ക്രൂശിക്കപ്പെട്ട നക്ഷത്രമായി; ഹൃദയം പിളർന്ന് സ്നേഹസുഷിരങ്ങളിലൂടെ പ്രകാശം പരത്തിക്കിടന്ന കരുണനക്ഷത്രം. കല്ലറവിട്ടു പുറത്തുവന്നതും ഒരു നക്ഷത്രമായിരുന്നു; 'മറ്റുള്ളവർക്കായി കത്തിജ്ജ്വലിക്കുന്ന സുസ്നേഹമൂർത്തിയായ ഒറ്റത്താരം. ഈ നക്ഷത്രത്തിന്റെ വഴിയിൽ നടന്ന ജ്ഞാനികളും ആട്ടിടയരും ഹെറോദോസ്രാജാവും മൂന്നു പ്രതീകങ്ങളാണ്.

ജ്ഞാനികൾ ജ്ഞാനമുള്ളവരായതുകൊണ്ടുതന്നെ ക്രിസ്തുവിന്റെ വഴിയിൽ എത്തിച്ചേർന്നപ്പോൾ അവരിൽനിന്ന് അവർ അപ്രത്യക്ഷരായി; ക്രിസ്തു മാത്രം നിറഞ്ഞുനിന്നു. പേർഷ്യൻ പാരമ്പര്യകഥയനുസരിച്ച് ഉണ്ണിയെ ദർശിച്ചശേഷം മൂവരും പിന്നെ പുഞ്ചിരി നിർത്തിയില്ല. പോകുന്നിടത്തൊക്കെ 'ഈശോ' എന്നൊരുമന്ത്രണം മാത്രം. ഏകദേശം ഒരേ കാലയളവിൽ മരിച്ച് ഇവരുടെ മൃതദേഹങ്ങൾ പല ദിക്കിൽനിന്നും കൊണ്ടുവന്ന് ഒരേയിടത്ത് അടക്കിയത്രെ!.

ഒരുനാൾ മൂവരുടെയും കുഴിമാടങ്ങളിലും നിന്ന് പുതിയ തരം പൂക്കൾ വിരിഞ്ഞുവന്നത്രെ; നക്ഷത്രാകൃതിയിൽ ചിരിച്ചു നില്ക്കുന്ന പൂക്കൾ!

ആ പൂക്കൾ പേർഷ്യയിലെങ്ങും പിന്നെ കണ്ടുതുടങ്ങി. Herald's trumpet എന്നാണു പൂവിനു പേര്. വിളംബരക്കാരന്റെ കാഹളം സ്വയമുയർത്താതെ മുഴക്കുന്ന ഒരു പൂവ്. ആ പൂക്കൾ കാണുന്നവരൊക്കെ ജ്ഞാനികളെ ഓർത്തതിനെക്കാൾ കൂടുതലായി ദിവ്യ ഉണ്ണിയെയും അനുഗ്രഹീത താരത്തെയും ഓർത്തത്രെ! മരിച്ചിട്ടും ജ്ഞാനികൾ നക്ഷതവഴിയേതന്നെ.

ഉണ്ണിയെ വണങ്ങിയശേഷം ആട്ടിടയർ പിന്നെ ജീവിതത്തിൽ പാട്ടു നിർത്തിയിട്ടേയില്ല. നീണ്ടുനില്ക്കുന്ന സ്വർഗസംഗീതമായി അവർ. ക്രിസ്തു കുരിശിൽ പിടയുന്ന നേരത്ത് അവരിൽ ഒരാൾ അല്പം അകലെ മാറിനിന്ന് കിന്നരം മീട്ടി ആശ്വാസഗീത മുതിർത്തെന്നും അയാളുടെ അലിവുള്ള കണ്ണിൽ നോക്കി കർത്താവ് പുഞ്ചിരിച്ചെന്നും യഹൂദപഴങ്കഥയുണ്ട്.

നക്ഷത്രങ്ങളുടെ വഴി സൂക്ഷ്മമായി പഠിക്കാനാഗ്രഹിച്ചയാളാണ് ഹേറോദോസ്. ജീവിതം മുഴുവൻ സംശയരോഗിയായിരുന്ന തന്നെ മറികടക്കുമെന്ന സംശയത്തിൽ മൂന്ന് ആൺമക്കളെയും ഭാര്യമാരെയും ഭാര്യാമാതാവിനെയും അസംഖ്യം ശത്രുക്കളെയും കൊന്നൊടുക്കിയ ആ മനുഷ്യൻ, അസ്വസ്ഥതയുടെ ആൾരൂപമായി മാറി.

'King of King'-ൽ ഒരു രംഗമുണ്ട്. വാർധക്യത്തിലും സിംഹാസനം വിട്ടൊഴിയാതെ അള്ളിക്കൂടി പിടിച്ചിരിക്കുന്ന ഹേറോദോസിനെ മകൻ എടുത്തൊരേറ് ! പൂച്ചക്കുട്ടിയെപ്പോലെ നിലത്തുകിടന്ന് അയാൾ നോക്കുന്നത് സിംഹാസനത്തെ മാത്രമാണ്. മരിക്കുംവരെ നോക്കിക്കിടക്കാൻ ഒരു സുവർണസിംഹാസനം.

ജീവിതകാലത്ത് അയാളെ സ്വസ്ഥനാക്കിയിരുന്നത് അധികാരക്കസേരകൾമാത്രം. അവയിൽ നിഴൽവിരിക്കുന്ന എന്തും അയാളെ അസ്വസ്ഥനാക്കും. സ്വന്തം ആധിപത്യം ഉറപ്പിക്കാൻ അയാൾ എന്തും ചെയ്യും. ക്രിസ്തു നിങ്ങളുടെ വഴിയിൽ എത്തിനില്ക്കുമ്പോൾ ക്രിസ്തുവിനോടുള്ള നിങ്ങളുടെ പ്രത്യുത്തരം നിങ്ങളുടെ ജീവിതത്തിന്റെ നിർവചനം ആണ്. Your response is your Definition.

നിങ്ങളുടെ കൊട്ടാരത്തിന്റെ ജാലകത്തിനുമുന്നിൽ യേശുവെന്ന താരകം ചിരിച്ചുനില്ക്കുന്നു. ജാലകങ്ങൾ തുറന്നാൽ നക്ഷത്രം കാണാം. എന്നാൽ നക്ഷത്രം സ്വന്തമാക്കണമെങ്കിൽ നിങ്ങൾ നിങ്ങളുടെ കൊട്ടാരം വെടിയണം.

കൊട്ടാരം വെടിഞ്ഞവനേ
പുറപ്പാടാകാൻ പറ്റൂ...
കടൽത്തീരം വെടിഞ്ഞവനേ
കടലാകാൻ പറ്റൂ...
ഈഗോ വെടിഞ്ഞവനേ
ഈശോയാകാൻ പറ്റൂ...

ഹേറോദേസിന്റെ അസ്വസ്ഥതയും സംശയരോഗവും ഭ്രാന്തും ഞാനിന്നുകാണുന്നത് യേശുവിനുവേണ്ടിയെന്നു പറഞ്ഞ് ഗതികിട്ടാ പ്രേതങ്ങളെപ്പോലെ ഓടുന്ന മതതീവ്രവാദികളിലാണ്.

ഈശോയ്ക്ക് ഓരോ നിമിഷവും ചിറകുവിരിക്കലായിരുന്നു ജീവിതം. എന്നാൽ ഈഗോ (ego) നിറഞ്ഞ മതതീവ്രവാദികൾക്ക് ജീവിതം തൂവൽ കൊഴിക്കലും ചുരുങ്ങലുമാണ്. ചുരുങ്ങാൻ മാത്രമാണ് അവർ പഠിപ്പിക്കുക. 'ഞങ്ങൾ' 'ഞങ്ങൾ' എന്നു സദാ പറയുന്നയാളെ പേടിക്കണം; കാരണം, 'ഞങ്ങൾ' ഇനി ഒരു കടുത്ത 'ഞാൻ' ആയി ചുരുങ്ങാൻ നിമിഷങ്ങൾ മതി!

ക്രിസ്തുവിന്റെ പേരിൽ അനുയായികളെ കൂട്ടിയ പലരും പിന്നെ സ്വയം പ്രഖ്യാപിത ദൈവങ്ങളായിത്തീരുന്നത് നമുക്കു വഴിയോരക്കാഴ്ചയാണല്ലോ.

ദെസ്തയേവിസ്കിയുടെ നോവലിലെ ഗ്രാന്റ് ഇൻക്വിസിറ്റർ കർത്താവിനോടു ചോദിക്കുന്നത്, 'why do you get in our way; why do you trouble our conscience?' എന്നാണ്. സ്വന്തം ഈഗോയെ ഊതിപ്പെരുപ്പിക്കാൻ അനുയായികളെ മുഴുവൻ തീവ്രവാദനേതാക്കൾ ഉപയോഗിക്കുകയാണ്. മതം കറുപ്പായി മാറുന്നത് ഇത്തരത്തിലാണ്.

T.S. Eliot ന്റെ കവിതയിൽ പറയുമ്പോലെ, വഴികളിലൊക്കെ ഇപ്പോൾ മങ്ങിയ നക്ഷത്രങ്ങളേയുള്ളൂ. വഴികാട്ടുന്ന അനുഗ്രഹീത നക്ഷത്രത്തിനുപകരം സകല നടവഴികളിലും വഴിമുട്ടിക്കുന്ന മങ്ങിയതാരങ്ങളാണ്. ഓരോ ദിവസവും ഓരോ താരോദയം. ഫ്രഞ്ചെഴുത്തുകാരൻ ഫാൻസ്വരി ബേലിയസിന്റെ നോവലിലെ ജോൺ എന്ന പ്രതീകാത്മക കഥാപാത്രത്തെ ഓർമപ്പെടുത്തുന്നുണ്ട് പല നേതാക്കളും. ജോൺ പുതിയൊരു ആശ്രമ സമ്പ്രദായം തുടങ്ങുന്നു.

ആശ്രമത്തിനു മുന്നിൽ വലിയ അക്ഷരത്തിൽ എഴുതിയിരിക്കുന്നു.

'തന്നിഷ്ടം പോലെ ചെയ്യുക...' ദൈവേഷ്ടത്തിനുവേണ്ടി തന്നിഷ്ടം മരണത്തോളം കീഴ്പ്പെടുത്തിയവന്റെ പേരിൽ വരുന്നവർ തന്നിഷ്ടത്തിന്റെ പ്രഘോഷകരാകുന്ന കാഴ്ച നമ്മെ ഭയപ്പെടുത്തണം.

ഹേറോദേസ് അസ്വസ്ഥനും ഭ്രാന്തനുമായി, ശിശുഹത്യ നടത്തി, ചെറുനാളങ്ങളൊക്കെ തല്ലിക്കെടുത്തുമ്പോൾ, നിസ്സംഗതയുടെ സ്വസ്ഥതയിൽ ചത്തുറങ്ങുകയായിരുന്നു ജറുസലേമിലെ പുരോഹിതഗണം. ആടുകൾ ചിതറിക്കപ്പെടുമ്പോൾ ഇടയന്മാർ ഉറങ്ങിക്കൂടാ...

ഉറങ്ങുന്നതിനെക്കാൾ ആപത്കരമാണ് ഉറക്കം നടിക്കുന്നത്. 'Awake and arise from the deep slumber'. എന്നൊരു ഭാരതീയാചാര്യൻ പണ്ടു പറഞ്ഞത് ഇന്ന് വൈദികസമൂഹത്തിൽ മുഴങ്ങുന്നുണ്ട്. നാം കേൾക്കുന്നില്ലെന്നു മാത്രം. കേട്ടാൽ ഉണരണമല്ലോ! ഉറക്കത്തെക്കാൾ സുഖകരമായി മറ്റൊന്നുണ്ടോ! ■

കഥ



# കാരൾ നാളിലെ മൂസ്ക്

**ഞാ**റമുഖം  തെരുവിലെ ഒരു ക്രിസ്മസ് രാത്രി. തണുപ്പുണ്ട്, നിലാവും നക്ഷത്രങ്ങളുമുണ്ട്. കിഴക്കുമാറി ആ വെളിച്ചമുള്ള വാൽ നക്ഷത്രവും കാണാം.

തെങ്ങോല മെടഞ്ഞ് അര മറച്ച്, പറങ്കിമാവിലകൊണ്ട് തൊപ്പിവച്ച തല നെഞ്ചിലേക്കമർന്ന്, പടുവൃദ്ധനായ മൂസ്ക്, തെരുവോരത്തുകണ്ട ഒരു പുൽക്കൂട്ടിലെ ബാലനായ ക്രിസ്തുവിനെ നോക്കിനിന്നു.

അപ്പോൾ  ഒരു കുഞ്ഞിന്റെ നിലവിളി അയാൾ കേട്ടുവോ?

വീണ്ടും ആ ഒറ്റനക്ഷത്രത്തെ നോക്കി അയാൾ  വേച്ച്, തിരിച്ചുനടന്നു.

ബെത്‌ലഹേം കാൽവരിയാണ്, ഈ നക്ഷത്രം മരക്കുരിശും.

അയാൾ വീണ്ടും ആ ഒറ്റനക്ഷത്രത്തെ നോക്കി നടന്നു. നക്ഷത്രം മങ്ങിവന്നു. അപ്പോൾ കിഴക്ക് വെള്ളകീറി.

വൃദ്ധൻ കടൽതീരത്ത് നടന്നെത്തി. അവിടെ തെങ്ങിൻകൂട്ടത്തിനിടയിൽ വീഞ്ഞുണ്ടാക്കുന്ന യുവതികൾ. രണ്ട് മൂന്ന് കുട്ടകളിൽ  മുന്തിരിയും മറ്റും നിറച്ച് അതിൽ  കയറിനിന്ന്, നഗ്നമായ പാദങ്ങൾ  കൊണ്ട് ചവിട്ടിയാണ് അവർ മുന്തിരിച്ചാർ  പിഴിയുന്നത്.

‘മൂസ്ക് അപ്പൂപ്പാ വീഞ്ഞ് കുടിക്കുന്നോ?’

വഴിയെ നടന്നുവന്ന മൂസ്കിനെ വീഞ്ഞ് കുടിക്കാൻ അവർ ക്ഷണിച്ചു. അയാൾ സുന്ദരികളെ നോക്കി, അടുത്തേക്ക് നടന്നു ചെന്നു. അവർ ചിരിച്ചു.

കക്കകൾ  ചിതറിക്കിടക്കുന്നപോലുള്ള ചിരി അയാൾക്ക് ഇഷ്ടമായി.

അയാൾ വീഞ്ഞ് കുടിച്ച് ഉന്മത്തനായി.



ഡിക്സൺ ജോർജ്ജ്

'സുന്ദരികളെ, കന്യകമാരെ, നിങ്ങളുടെ പാദങ്ങളുടെ ചൂടും വിയർപ്പും മദഗന്ധവും കലർന്ന ഈ വീഞ്ഞ് എന്നെ മത്തനാക്കിയിരിക്കുന്നു.'

അയാൾ വേച്ച് നടന്ന് കടൽതീരത്തെ മണലിൽ വീണു. പടർന്നുകിടന്ന നെയ്തൽ വള്ളികളിൽ നിന്ന് എന്തോ സംഗീതം അയാൾ കേട്ടു. വണ്ടുകളെ അടുപ്പിക്കുന്ന ഒരു മൂളൽ. മറുമൂളലുമായി അപ്പോൾ വണ്ടുകൾ വന്നിട്ടുണ്ടാകും. അയാൾ ഉന്മത്തനായി മണ്ണിൽ പുതഞ്ഞുകിടന്നു.

സൂര്യൻ അസ്തമിക്കുന്നു. ആകാശത്തിലെ കുങ്കുമച്ചെമപ്പിനു മീതേ ഒറ്റ നക്ഷത്രം.

മൂസ്ക് നക്ഷത്രം നോക്കി മണലിൽ കിടന്നു.

ശക്തമായ മണൽക്കാറ്റ്. അയാളെ മണൽ പൊതിഞ്ഞു.

മണൽപുതപ്പിൽ കിടന്ന് അയാൾ ഓടി; ഭൂതകാലത്തിലൂടെ അയാൾ ഓടുകയാണ്. മണല്പരപ്പിലൂടെ, സന്ധ്യയിലൂടെ, രാത്രിയിലൂടെ, പുലർച്ചയിലൂടെ, ഉച്ചയിലൂടെ അയാൾ ഓടുകയാണ്. വരണ്ട മണ്ണിന്റെ ദുർമുഖം.

ഓടിയോടി വേച്ചുവീണപ്പോൾ മണൽച്ചട്ട ഉരിഞ്ഞുപോയി..

ചുട്ടുപൊള്ളുന്ന ഉച്ച. മണലിന്റെ മഞ്ഞപ്പിൽ ഒരു ഉണക്കച്ചില്ല അയാൾ കണ്ടു, അതെടുത്തു മണ്ണിൽ കുത്തി നിർത്തി. കാണക്കാണെ ആ ചില്ലപൂത്തു; അതിനുചുറ്റും പ്രാവുകൾ പറന്നു. പ്രാവുകളെ നോക്കിയപ്പോൾ അതാ, സുന്ദരിയായ ക്ലാര നടന്നുവരുന്നു.

'എന്റെ ക്ലാര' എന്ന് വിളിച്ച് മൂസ്ക് അവളെ ആലിംഗനം ചെയ്യാൻ തുനിഞ്ഞപ്പോൾ അവൾ തടഞ്ഞു.

'അരുത്... ദേ അപ്പൻ'

ക്ലാരയുടെ അപ്പൻ, വൃദ്ധനായ മൂപ്പൻ, പാടേനരച്ച മുടിയും താടിയും ഒരു വടിയും പിടിച്ചു നടന്നു വന്നു. ജ്വലിക്കുന്ന കണ്ണുകളാണയാൾക്ക്.

'എന്റെ പ്രവചനം ശരിയായി. ആ ചുള്ളിക്കമ്പുകൾ കിളിർത്തു. അതിനു ചുറ്റും പ്രാവുകൾ. ക്ലാര, മകളേ, ഇവൻ നിനക്കു വരൻ.'



അപ്പോൾ എവിടുന്നെക്കൊയോ ആരെക്കയോ വന്നുകൂടി.

'ജലപരിശോധന?'

ആരോ വിളിച്ചുചോദിച്ചു.

'വേണം, വേണം. ഇവൾ കന്യകയെന്നു അറിയണം. എല്ലാം ശുദ്ധമാക്കുന്ന ഈ കടൽ പറയട്ടെ; ഹേ കടലമ്മേ, ഇവൾ കന്യകയല്ലെങ്കിൽ നീ കൊണ്ടുപോ.'

അലറുന്ന കടൽനോക്കി കിഴവൻ കിതച്ചു.

മൂസ്കിന്റെ കണ്ണുകൾ അവളിലേക്ക് തുറിച്ചു വീണു. അതിലും രൂക്ഷത അവളുടെ കണ്ണുകൾക്കായിരുന്നു.

മീനമാസത്തിലെ കടൽ, അത് അലറി. ക്ലാര തിരകളെ നോക്കി നിന്നു. അത് അലറിക്കൊണ്ടിരുന്നു. വീണ്ടും നോക്കി. അപ്പോൾ തിരകൾ ഉണരാൻ മടിച്ചുമയങ്ങിക്കിടന്നു. അവൾ തിരകളിലേക്ക് ഇറങ്ങിപ്പോയി. മുങ്ങിക്കിടന്നു ഏറെ നേരം. ഒരു മീൻ കന്നിയെപ്പോലെ ഇറ്റുവീഴുന്ന കടൽ തുള്ളികളുമായി വന്നു. അപ്പോൾ അവളുടെ തലമുടിയിൽ കുടുങ്ങിപ്പോയ ഒരു ചെറുമീൻ വെള്ളത്തിലേക്ക് ചാടിപ്പോയി. മൂപ്പൻ അവളെ പുണർന്നു.

'ഇവൾ കന്യക'

'സൈലൻസ് നോസ്, സാന്ത നോസ്

പ്ലാസിഡ ലുസിഡ..'

മറ്റൊരു ക്രിസ്മസ് രാവാണ്. കടൽത്തീരത്തേക്ക് തുറക്കുന്ന ഒരു തെരുവിലൂടെ ലത്തീനിൽ കാരൾ ഗാനം പാടി, വയലിൻ മീട്ടി, രസിച്ചു പോകുന്നവരെ നോക്കി മൂസ്ക് കടൽത്തീരത്തിരുന്നു. അയാൾ കക്കകൾ പെറുക്കി തിരയിലേക്ക് എറിഞ്ഞു, ദേഷ്യത്തോടെ.

അപ്പോൾ മേത്തുനിന്ന് ക്ലാര നടന്നു വന്നു. അവൾ അടുത്തിരുന്നു.

'ചേട്ടാ'

സ്നേഹത്തോടെ വിളിച്ചു. മൂസ്ക് അവളെ നോക്കിയില്ല. വലിയൊരു ശംഖ് കടലിലേക്ക് വലിച്ചെറിഞ്ഞു.

'എന്നോട് ദേഷ്യമെന്തിന്..?'

'പിന്നെ, നീ കന്യകയെന്നു വിളിച്ചോതിയ ഈ കടലിനോട് ദേഷ്യപ്പെടണോ? അതോ എന്നോട് ദേഷ്യപ്പെടണോ?'

അയാൾ, കടലിലേക്ക് വലിച്ചെറിയാൻ കക്കയും ശംഖും കിട്ടാതെ

വന്നപ്പോൾ ഒരു പിടി മണ്ണെടുത്തു തിരയെ എറിഞ്ഞു. കാറ്റ്, ആ മണ്ണ് അയാളെ തിരിച്ചെറിഞ്ഞു.

'എനിക്കൊന്നുമറിയില്ല..'

'പിന്നെ നീ എങ്ങനെ..?'

'ഒരിക്കൽ ഞാനേതോ സ്വപ്നത്തിൽ..'

'സ്വപ്നം....! സ്വപ്നം കണ്ടാൽ ഗർഭിണിയാകുമോ?'

ഇരുട്ട് കട്ടപിടിച്ച ഏതോ ദൂരത്തേക്ക് അയാൾ നടന്നു മറഞ്ഞു.

ക്ലാര തനിച്ചു വിങ്ങിനിന്നപ്പോൾ ഒരു കാറ്റിനൊപ്പം മഞ്ഞു കൊഴിഞ്ഞു, അപ്പോൾ ദൂരെ ആ നക്ഷത്രം.

കടൽത്തീരത്തെ തെങ്ങിൻതോപ്പിൽനിന്ന് ഉണങ്ങിയ തെങ്ങോലകൾ പെറുക്കി പന്തം കെട്ടുന്ന കുട്ടികൾ. ഏതോ ആചാരത്തിന്റെ അറിയാത്ത ബാല്യകൗതുകങ്ങൾ. കടലിലൂടെ പോകുന്ന ചവരിയാര് പുണ്യാളന് വെട്ടം തെളിക്കയാണ് കുട്ടികൾ.

ഒരു പന്തത്തിൽ നിന്നും തീ പകർന്ന് പല പല പന്തങ്ങൾ. പന്തവുമായി കടൽ നോക്കി അവർ നിന്നു.

'കപ്പലീ പോണ പുണ്യാളാ, വെട്ടം നോക്കിപ്പോ...'

ആരോ വിളിച്ചുപറഞ്ഞു. എല്ലാരും ഏറ്റുപറഞ്ഞു.

'വെട്ടം നോക്കിപ്പോ പുണ്യാളാ...'

അവർ പന്തംകൊണ്ട് നെടുകയും കുറുകയും നീളത്തിലും വട്ടത്തിലും പലപല രൂപങ്ങളും ഉണ്ടാക്കി. വിശുദ്ധൻ വെട്ടം നോക്കി പോയത് മൂസ്ക് നോക്കിയിരുന്നു.

'ദോ പുണ്യാളന്റെ കപ്പൽ'

ആരോ വിളിച്ചുപറഞ്ഞു.

'എവിടെ?'

'ദോ അവിടെ'

'എവിടെ?'

'അവിടെ'

'ഓ ദോണ്ട്'

പിറകെ നിൽക്കുന്ന ഓരോരുത്തരും 'ദോണ്ട്' എന്ന് പറഞ്ഞ് കാണാത്ത കപ്പലിന്റെ ചലനത്തിനൊപ്പം നടന്നു.

'എവിടെ ഞാൻ കണ്ടില്ല'

'ഞാനും കണ്ടില്ല.'

അങ്ങനെ കാണാത്ത കപ്പൽ നോക്കുമ്പോൾ കടൽക്കരയിൽ തനിച്ചിരിക്കുന്ന മൂസ്കിനെ അവർ കണ്ടു. അന്നേരമാണ് ഒരു വല്യമരക്കുരിശ് തിരകൾ അടിച്ചു തീരത്ത് അടിഞ്ഞത്.

'ദോ.. മൂസ്ക്. നമുക്ക് അയാളോട് കുരിശിനെക്കുറിച്ചു ചോദിക്കാം.'

കടൽത്തീരത്തു വെറുതെ ഇരിക്കുന്ന മൂസ്കിനെ അവർ കണ്ടു.

'അങ്ങ് ഈ കുരിശിനെക്കുറിച്ചു പറയാമോ...?'

മൂസ്കിനെ എപ്പോഴോ കല്ലെറിഞ്ഞ ഒരു കൗമാരക്കാരൻ ചോദിച്ചു. അവന്റെ ഏറിന്റെ ഉന്നം തെറ്റിപ്പോയിരുന്നു. അതാണ് അവന് മനസ്സിലാകാത്തത്.

'ഇതൊരു കുരിശല്ല; ഒരു ഉണ്ണിയുടെ ജനനം. കുരിശിൽ നിന്നുള്ള ജനനം. ഒരു നക്ഷത്രം അവനു വഴികാട്ടി. നിങ്ങൾ എനിക്ക് വഴികാട്ടുന്നതെന്തിന്? ഞാനൊരു പ്രവാചകനോ വിശുദ്ധനോ അല്ല. എന്നെയാരും അനുഗമിക്കേണ്ട.'

അയാൾ അവിടെനിന്നും എഴുന്നേറ്റു, സ്വന്തം കാൽപാദങ്ങൾ മണ്ണിൽ പതിയാൻ അയാൾ കാൽവിരലുകൾ അമർത്തി നടന്നു. അപ്പോൾ അയാളുടെ കാൽപാദങ്ങൾ മണ്ണിൽ കണ്ടു. അയാൾ സന്തോഷിച്ചു.

ജനക്കൂട്ടം പന്തം പിടിച്ചു നിന്നു. അയാൾ എങ്ങോട്ടോ നടന്നു മറഞ്ഞു.

ഒരിക്കലും കണ്ടിട്ടില്ലാത്ത ആ നക്ഷത്രം ഉദിച്ച ദിവസം ക്ലാര ഒരാൺ കുഞ്ഞിനെ പെറ്റു. മൂസ്കിനെ കണ്ടില്ല, പന്ത്രണ്ട് വർഷം അവളെയും ആരും കണ്ടില്ല.

കടൽത്തീരങ്ങൾ താണ്ടി താണ്ടി , നടന്നുനടന്ന് മൂസക് കടലിനെ അറിഞ്ഞു. കടലിന്റെ, താരാട്ട്, കടലിന്റെ സ്നേഹം, കടലിന്റെ പ്രണയം, കടലിന്റെ രൗദ്രത.... കണ്ടുകണ്ട് അയാൾ ഞാറമുഖത്ത് തിരിച്ചെത്തി. തീരത്തു പടർന്നുകിടക്കുന്ന അടുമ്പുവള്ളികൾ പൂത്തുനിൽക്കുന്ന ആ മഞ്ഞുകാലം.

ക്ലാരയുടെ കുടിൽ അയാൾ കണ്ടു. നരവീണ താടിയും കഷണ്ടികയറിയ തലയും. വീട്ടുമുറ്റത്തെ ഉണങ്ങിയ ഒരു മരത്തിൽ കെട്ടിയ നക്ഷത്രവിളക്കിനു താഴെ അയാൾ നിന്നു.

ക്ലാര അയാളെ കണ്ടു. രണ്ടുപേരും കരഞ്ഞു.

അവൾ മകനോട് പറഞ്ഞു: 'ഇതാ നിന്റെ അച്ഛൻ'

ബാലൻ മൂസ്കിനെ ഭയത്താലും കൗതുകത്താലും നോക്കി നിന്നു. അയാൾ കിഴക്കേ മാനം നോക്കി. ആ നക്ഷത്രം അവിടെയുണ്ട്. വീടിനോട് ചേർത്തുകെട്ടിയ ചായ്പ്പിൽ വർണക്കടലാസുകൾ, മുളന്തണ്ടുകൾ, റിബണുകൾ, തുണികൾ എന്നിവ കൂട്ടിയും കെട്ടിയും ഇട്ടിരിക്കുന്നു. പഴകിയ ഒരു വയലിൻ അവിടെ തൂക്കിയിട്ടിട്ടുണ്ട്.

ഈ കൂമ്പാരത്തിനിടയിൽ ഇരുന്ന് അയാൾ നക്ഷത്രവിളക്കുകൾ ഉണ്ടാക്കി. ചായിപ്പിന്റെ പുറത്ത്, ഓലപ്പഴുതിലൂടെ മകൻ അത് ഒളിഞ്ഞു നോക്കി.

'ഒരു നക്ഷത്രം എനിക്ക് തരുമോ?'

അവൻ തന്നോടുതന്നെ ചോദിച്ചു.

അത് ക്ലാര കേട്ടു.

'അത് കാരളിന് കൊണ്ടുപോകാനാ'

അവനെ ക്ലാര എടുത്ത് ഒരുമ്മ കൊടുത്തു.

'ക്ലാര'

മൂസക് വിളിച്ചു.

'ഓ ..'

'മോനെ കൊണ്ടുവാ.'

ക്ലാര മകനുമായി ചെന്നു.

'മോന് നക്ഷത്രമുണ്ടാക്കാൻ പഠിക്കണോ?'

'ങും'

'വാ...... അച്ഛന്റെ മടിയിലിരിക്ക്'

അവൻ പേടിച്ചുപേടിച്ച് മടിയിൽ ഇരുന്നു. നക്ഷത്രവിളക്ക് ഉണ്ടാക്കാൻ പഠിക്കുന്നു. ക്ലാര അത് നോക്കി നിന്നു..

നക്ഷത്രം ഇല്ലാത്ത രാവിൽ, ചുള്ളിക്കമ്പിൽ വച്ചുകെട്ടിയ നക്ഷത്രവിളക്കുകൾ തൂക്കി, വയലിൻ മീട്ടി, ഒരു ലാറ്റിൻ ഗാനം പാടി മൂസ്ക് നടന്നു. മെഴുകുതിരികൾ കത്തിച്ച് പലയിടത്തുനിന്നും കുട്ടികൾ എത്തി. ഒരു വഴിയരികിൽ കുട്ടികൾ എല്ലാം മാഞ്ഞുപോയി. മൂസ്ക് മാത്രം.. അയാൾ ആടിപ്പാടി...

ഞാറമുഖത്തെ കാറ്റുകൾ എത്രയോ മണൽ വീശിയെറിഞ്ഞു കടന്നുപോയി. മൂസ്ക് അപ്പോഴും മണ്ണിൽ പുതഞ്ഞ് കടൽപ്പുറത്തുകിടന്നു.

ഇപ്പോഴും, മഞ്ഞുള്ള രാത്രിയിൽ, വെളിച്ചമുള്ള ഒരു നക്ഷത്രം ഉദിക്കുമ്പോൾ മൂസ്കിന്റെ ശബ്ദത്തിൽ ഇങ്ങനെ കേൾക്കാം

'ഇവനെന്റെ പ്രിയപുത്രൻ'. ■

കവിത



യേശുദാസ്
മരിയൻ



# തിരുപ്പിറവി

വിണ്ണിൻ നെറുകയിൽ വിടരുമീ താരകൾ
മൊഴിയുന്നതെന്തെന്ന കേൾക്ക നമ്മൾ
ആണ്ടുകളിരുസഹസ്രമേറെയെന്നാകിലും
ധനുവിന്റെ കുളിരായുണരുന്നു സ്മരണകൾ.
ശൈത്യം പരക്കുമീ രാവിന്റെയോരത്ത്, കാലിക-
ളഭയം കിടക്കും പഴന്തൊഴുത്തിൽ
പുൽമെത്തമേലിളകുമീ പൊന്നോമലെക്ക-
ണ്ടാഹ്ളാദചിത്തരാകുമിടയക്കിടാങ്ങൾ
താരകപൂനിലാവീഥികൾ താണ്ടിടും
പൂർവസ്തരാം രാജപ്രഭുക്കൾ മൂവർ
പൊന്നും മീറയും കുന്തിരക്കക്കൂട്ടും കാഴ്ചവ-
ച്ചകതാരിൽ ഹർഷം തുളുമ്പി നിൽക്കേ,
തുഷാരമണിമലരുകളുതിർക്കും നീലരാവ്
സ്വർഗ്ഗരാഗമീട്ടും മേഘമാലാഖദേവകൾ.

അരമനജ്ഞാനികൾ ചൊന്നതാം ദർശനപ്പൊരുളറി-
ഞ്ഞസ്വസ്ഥമാമഗ്നിയിൽ തപിക്കും രാജനീതി
നവജന്മഹൃദയങ്ങൾ മൃതിയിൽക്കൊരുത്തുന്മാദം
നഗരദിക്കുകൾ ചുറ്റിപ്പറക്കും നരകഖഡ്ഗങ്ങൾ
ഉച്ചംനിലവിളിച്ചാർക്കും യൂദയാതെരുവുകൾ
രുധിരക്കളത്തിലാഴ്ന്നുപോം മാതൃവിലാപക്കെടുതികൾ
ഉയിരറ്റ പൈതങ്ങളെ ഗാഢംപുണർന്ന്,
നെഞ്ചിന്നുഷ്ണം പുതച്ച്
രക്ഷകേണലഞ്ഞിടും മാതൃഹൃദയം.
ഇവനല്ലോ നാടിന്നുപ്പായലിഞ്ഞ്, സ്വയം
സുഹൃതം തളിച്ചുണർത്തേണ്ടവൻ
ദാസ്യദുരിതപ്രളയത്തിലാണ്ട് ശരണമിരക്കു-
മീ ജനതതന്നഭിലാഷതാരക പ്രഭയായുദിച്ചവൻ
ആഴിച്ചുഴികളിലുലഞ്ഞിടും നൗകയെ
ഭത്സനം ചെയ്യുമുഗ്രമാം തിരകളെ-
യക്ഷോഭ്യചിത്തനായിരുളാണ്ട നിദ്രത-
ന്നാഴത്തിൽ മയക്കിക്കിടത്തിയോൻ
ഉപമകളനവധിതോരണം ചാർത്തി-
യനുപാലനം ചെയ്യുമജഗണത്തിൻ വീഥിനീളേ.
അലയാഴിതൻ കാലകവചത്തിനുള്ളിലെ
പഴിവ വിശുദ്ധിതന്നിറവായ്ത്തെളിഞ്ഞവൻ
ഹിമപർവ ധൂളിയാൽ നെഞ്ചകപ്പാളിമേൽ
സ്നേഹസങ്കീർത്തനം വിരിയിച്ചെടുത്തവൻ
അന്തിയത്താഴനേരം വിമലഹൃദയം പകു-
ത്തനുജർക്ക് നിത്യോഭോജ്യമായ് നിറഞ്ഞവൻ
ആത്മധമനികൾ കടഞ്ഞതാം ചുടുനിണം
പകർന്നു, വീഞ്ഞിൻ ലഹരിയായ് പടർന്നവൻ.
ആഘോഷമോടെ സ്മരിക്കാമീദിനം
പൊൻതാരകത്തിന്നൊളിയകമേ നിറയ്ക്കാം
കുടിലതകൾ പൂക്കുന്ന രാത്രികാലം വരും
ഭൂതഗണമുണരുന്ന വേട്ടക്കാലം
വേദശീഖരകൊടുമുടികളൊക്കെ കരേറി
ഉപവാസ കാഠിന്യമരുഭൂതലം താണ്ടി
കപടതന്ത്രരാം വേദജ്ഞപ്പെരുമയെ
നീതിബോധത്തിന്റെ മുനയിൽ കൊരുത്തും
ദേവാലയത്തിൽ കൊഴുക്കും വ്യാപാര
ദുർമോഹംചാട്ടവാറിന്നുൾച്ചുഴിയിലുലച്ചും
കഴുതമേലേറിയെത്തുമിടയനെ
പാപമാറാലശീലകൾ വിരിച്ചാനയിക്കാം
വെള്ളിനാണയത്തിളക്കം ഭ്രമി-
ച്ചാത്മനാഥനെ ദ്വേഷണർക്കൊറ്റുകൊടുക്കാം.
പീഡതൻ സഹനമേഖലകൾ നീന്തിക്കടന്നും
മൂർദ്ധാവിലാഴും മുൾക്കിരീടത്തിൽ പുളഞ്ഞും
ചാട്ടവാറിൻ കൊടുംപ്രവഹരത്തിലുലഞ്ഞും
മരക്കുരിശ്ശിന്നുഗ്രഭാരത്തിൽ ഞെരിഞ്ഞും
കാൽവരിക്കുന്നിന്നുച്ചിയിൽ മൂന്നാണിമേൽ
തൂങ്ങിക്കിടക്കും നിരാലംബനാം മിശിഹ.
മൂന്നാംദിനത്തിന്നുത്ഥാന മഹിമയായ്
വ്യോമമേഘങ്ങൾക്കപ്പുറം തേജോ-
മൂർത്തിതന്നുൺമയായ് ജീവചൈതന്യമായ്
വിശ്വം നിറഞ്ഞിനിയും പിറക്കുകീ ഭൂതലത്തിൽ.



·MERRY·
Christmas
and Happy New Year
ST. JOSEPH'S
HIGHER SECONDARY SCHOOL
THIRUVANANTHAPURAM
Rev.Fr. Jerome Alphonse (Manager)
& Staff
Near GH Jn Trivandrum, Trivandrum City, India, Kerala




## ചെറുവെട്ടുകാട് ഇടവകാംഗം സംവിധാനം ചെയ്ത 'റെഡ് ഷാഡോ' ചലച്ചിത്രം പ്രദർശനത്തിന്

ചെറുവെട്ടുകാട്: ചെറുവെട്ടുകാട് ഇടവക അംഗമായ ശ്രീ. ജോളിമസ്സ് സംവിധാനം ചെയ്ത റെഡ് ഷാഡോ എന്ന ചലച്ചിത്രം തീയറ്ററുകളിൽ പ്രദർശനം ആരംഭിച്ചു. കൊച്ചുവേളി ഇടവകാംഗം ശ്രീ. അനിൽ പീറ്റർ ചിത്രത്തിലെ സംഗീതസംവിധാനവും വലിയതുറ ഇടവകാംഗം ശ്രീ റിക്സൺ പശ്ചാത്തല സംഗീതവും ക്യാമറ ചെറുവെട്ടുകാട് ഇടവകാംഗം ശ്രീ ജി ട്രസ്സുമാണ് നിർവഹിച്ചിരിക്കുന്നത്. കൂടാതെ വലിയതുറ ഫെറോനയിലെ കുറേയേറെ വ്യക്തികൾ ചിത്രത്തിൽ അഭിനേതാക്കളായും കടന്നു വരുന്നു. തീരദേശത്തെ ചലച്ചിത്ര കലാകാരന്മാരുടെ ദീർഘ നാളത്തെ പ്രയത്നത്തിന്റെ ഫലമാണ് 'റെഡ് ഷാഡോ' എന്ന ചലച്ചിത്രം.





# ശനിയുടെ അപഹാരവും ഞായറിന്റെ അവരോഹണവും



ഇഗ്നേഷ്യസ് തോമസ്

**ഗ്രി**ഗോറിയൻ കലണ്ടറനുസരിച്ച് 2022 പിറന്നത് ഒരു ശനിയാഴ്ചയായിരുന്നു. ശനിയുടെ അപഹാരം നീണ്ടുനിൽക്കുമോ അതോ പെട്ടെന്ന് അവസാനിക്കുമോ എന്നായിരുന്നു ലോകജനത പുതുവർഷത്തിൽ ചിന്തിച്ചത്. ചിന്തകൾ വൃഥാവിലായില്ല. കോവിഡ് 19 മൂലം ഭയചകിതരായ ജനലക്ഷങ്ങൾക്ക് പ്രതീക്ഷ പകർന്നുകൊണ്ട് കോവിഡ് വാക്സിന്റെ സ്വീകരണം വഴി മഹാമാരിയെ പിടിച്ചുകെട്ടാനും പരിഭ്രമിച്ച് സുരക്ഷിതയിടങ്ങളിൽ കഴിഞ്ഞിരുന്ന ജനങ്ങൾ ക്രമേണ തൊഴിലിടങ്ങളിലേക്ക് മടങ്ങാനും തുടങ്ങി. അന്താരാഷ്ട്ര അതിർത്തികൾ തുറക്കപ്പെട്ടു. ജനങ്ങളുടെ സഞ്ചാരപഥം സുഗമമാക്കപ്പെട്ടു.

ദരിദ്രരാഷ്ട്രങ്ങൾക്ക് നാമമാത്രമായി കോവിഡ് വാക്സിൻ വിഹിതം ലഭ്യമായപ്പോൾ ധനിക രാഷ്ട്രങ്ങളിലെ ജനങ്ങൾക്ക് മൂന്നാം ഡോസ് ബൂസ്റ്റർ വാക്സിൻ ആവശ്യാനുസൃതം ലഭിച്ചു എന്നത് വിഭവങ്ങൾ, സമ്പത്ത് എന്നിവയുടെ പങ്കുവയ്ക്കലിൽ മാത്രമല്ല ജീവൻ നിലനിറുത്തുന്ന മരുന്നുകളുടെ പങ്കുവയ്ക്കലിലും പ്രകടമായ അസമത്വം നിലനിൽക്കുന്നതായി വ്യക്തമാകുകയുണ്ടായി. കൊറോണ വൈറസിന്റെ വിവിധ രൂപഭേദങ്ങൾ വരും നാളുകളിൽ ജന്മമെടുക്കും. വികസിത രാജ്യങ്ങളുടെ ഈ യജമാനമനോഭാവം ദരിദ്ര ജനങ്ങളെ കൂടുതലായി ഞെരുക്കും എന്ന കാര്യത്തിൽ സംശയമില്ല. മുഴുവൻ ലോകജനതയും ആരോഗ്യരംഗത്ത് സുരക്ഷിതരാകാതെ ഒരു രാജ്യത്തിലെ ജനതയും സുരക്ഷ നേടാനാവില്ലല്ലോ?

ലോകാരാഗ്യ സംഘടനയുടെയും ലോകബാങ്കിന്റെയും പഠനമനുസരിച്ച് ലോകജനസംഖ്യയിൽ പകുതിയോളം പേരെ അതിരൂക്ഷമായ ദാരിദ്ര്യത്തിലേക്ക് കോവിഡ് തള്ളിവിട്ടു എന്ന് വ്യക്തമാകുന്നു. യൂണിസെ

ഫിന്റെ കണക്കുകൾ പ്രകാരം 100 മില്യൺ കുട്ടികൾ വിവിധ തരത്തിലുള്ള ദാരിദ്ര്യ സാഹചര്യങ്ങളിൽ ജീവിച്ചുവരുന്നു.

ഫെബ്രുവരി 24 ന് ആരംഭിച്ച ഉക്രൈൻ യുദ്ധം ഇന്നും അവസാനിച്ചിട്ടില്ല. റഷ്യയുടെ കടന്നാക്രമണം ആയിരങ്ങളുടെ ജീവനാണ് നഷ്ടമാക്കിയത്. 7.9 മില്യൺ ഉക്രൈൻ അഭയാർത്ഥികൾ യൂറോപ്പിലെ വിവിധ രാജ്യങ്ങളിൽ അഭയം തേടി. 90 ശതമാനം അഭയാർത്ഥികളും സ്ത്രീകളായിരുന്നു. നൂറുകണക്കിന് കുരുന്നുകൾക്ക് പിറന്നവീടും നാടും വിട്ട് അന്യരാജ്യങ്ങളിലേക്ക് പലായനം ചെയ്യേണ്ടിവന്നു. 21-ാം നൂറ്റാണ്ടിലെ ഏറ്റവും വലിയ അഭയാർത്ഥി പ്രവാഹത്തിന് ലോകം സാക്ഷിയായി. യൂറോപ്യൻ രാജ്യങ്ങളിൽ ദീർഘനാളായി തുടരുന്ന റഷ്യയുടെ ഉക്രൈൻ ആക്രമണത്തിൽ തന്റെ ഹൃദയവേദനയും ദുഃഖവും ഫ്രാൻസിസ് പാപ്പ പലയാവർത്തി പങ്കുവയ്ക്കുകയുണ്ടായി. പ്രാർത്ഥനകൊണ്ടും ജീവകാരുണ്യപരമായ ഔത്സുക്യംകൊണ്ടും ഉക്രൈൻ ജനതയോട് തന്റെ സഹാനുഭൂതി പാപ്പ പ്രകടിപ്പിച്ചു. തന്റെ ഹൃദയം ഉക്രൈനോടൊപ്പമാണെന്ന് പാപ്പ പ്രഖ്യാപിക്കുകയും ചെയ്തു.

ജർമ്മനിയിലെ കത്തോലിക്കാസഭാ സ്ഥാപനങ്ങളിൽ ജീവനക്കാരുടെ നിയമനങ്ങളിൽ വ്യത്യസ്ത ലൈംഗിക ആഭിമുഖ്യങ്ങളുടെ പേരിലുള്ള വിവേചനങ്ങൾ അവസാനിപ്പിക്കുന്നതിന് തൊഴിൽ ചട്ടങ്ങൾ പരിഷ്കരിക്കുവാൻ ജർമ്മൻ മെത്രാൻ സമിതി തീരുമാനിക്കുകയുണ്ടായി. സ്വവർഗാനുരാഗം, ഭിന്നലൈംഗികാഭിമുഖ്യം വിവാഹമോചനത്തിനുശേഷം പുനർവിവാഹം എന്നിവയുടെ പേരിൽ, സഭാ സ്ഥാപനങ്ങളിൽ നിന്ന് ഇനി ആരെയും പിരിച്ചുവിടുകയില്ല. വ്യക്തിയുടെ സ്വകാര്യജീവിതശൈലി ജോലികളിൽ നിന്ന് പിരിച്ചുവിടാനുള്ള കാരണമാവുകയില്ലെന്നും വ്യക്തിബന്ധങ്ങളും സ്വകാര്യ ജീവിതവും തൊഴിലുടമയുടെ പരിധിയിൽ വരുന്ന കാര്യമല്ലെന്നും മെത്രാന്മാരുടെ സമ്മേളനം അംഗീകരിച്ച തൊഴിൽ ചട്ടങ്ങളിൽ വ്യക്തമാക്കുകയുണ്ടായി. ലൈംഗികത, ജെൻഡർ പ്രത്യയശാസ്ത്രം തുടങ്ങിയ കാര്യങ്ങളിൽ സാർവത്രികസഭയുടെ പ്രബോധനങ്ങൾക്ക് വിരുദ്ധമായ ജർമ്മൻ മെത്രാൻ സമിതിയുടെ തീരുമാനം ഗുരുതരമായ ധാർമിക പ്രതിസന്ധിസഭയിൽ സംജാതമാക്കും എന്ന കാര്യത്തിൽ സംശയമില്ല.

ലോകം സാമ്പത്തിക അതിശൈത്യത്തിലേക്ക് കടക്കുന്നുവെന്നതാണ് 2022 അവസാനിക്കുമ്പോൾ സാമ്പത്തിക ശാസ്ത്രജ്ഞന്മാർ വിലയിരുത്തുന്നത്. ലോകത്തെ മിക്ക സമ്പദ്‌വ്യവസ്ഥകളും തകർച്ചയുടെ പാതയിലാണ്. വിലക്കയറ്റവും തൊഴിലില്ലായ്മയും കൊണ്ട് ജനം നട്ടംതിരിയുന്നു. സാമ്പത്തിക മാന്ദ്യത്തിന്റെ ആക്കംകൂട്ടാൻ ഭക്ഷ്യ ഊർജ്ജ വിലക്കയറ്റത്തിന്റെ രൂപത്തിൽ പണപ്പെരുപ്പത്തിന്റെ തോത് ഉയർന്നുനിൽക്കുന്നു. പൗണ്ട്, സറ്റെർലിംഗ്, യൂറോ, യുആൻ, യെൻ, രൂപ തുടങ്ങിയ കറൻസികളുടെ മൂല്യം ഡോളറിനുമുൻപിൽ ഇടിഞ്ഞു.

ഭീമൻ തൊഴിൽ ദാതാക്കളായ ടിറ്റർ, ആമസോൺ, ഗൂഗിൾ, മെറ്റാ, നെറ്റ് ഫ്ളിക്സ്, ഇന്ത്യയിൽ ബൈജൂസ് ആപ്പ് എന്നീ സ്ഥാപനങ്ങളിലെ നല്ലൊരുശതമാനവും ജീവനക്കാരെ പിരിച്ചുവിട്ടുകൊണ്ട് അവരുടെസാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ ശ്രമങ്ങൾ നടത്തിവരുന്നു. കോവിഡിന്റെ പ്രഭവകേന്ദ്രമായ ചൈനയിലാകട്ടെ കോവിഡ് വ്യാപനം അതിശക്തമായി തുടരുന്നതിനാൽ ആ രാജ്യത്തെ സാമ്പത്തിക മേഖലയും കടുത്ത പ്രതിസന്ധിയിലകപ്പെട്ടിരിക്കുന്നു. മേൽവിവരിച്ച സാമ്പത്തികസ്ഥിതി പരിശോധിക്കുമ്പോൾ 2023 ലും സാമ്പത്തിക പ്രതിസന്ധികൾ തുടരാനും കൂടുതൽ സങ്കീർണമാകാനുമാണ് സാധ്യത.

**ലോകം സാമ്പത്തിക അതിശൈത്യത്തിലേക്ക് കടക്കുന്നുവെന്നതാണ് 2022 അവസാനിക്കുമ്പോൾ സാമ്പത്തിക ശാസ്ത്രജ്ഞന്മാർ വിലയിരുത്തുന്നത്. ലോകത്തെ മിക്ക സമ്പദ്‌വ്യവസ്ഥകളും തകർച്ചയുടെ പാതയിലാണ്. വിലക്കയറ്റവും തൊഴിലില്ലായ്മയും കൊണ്ട് ജനം നട്ടംതിരിയുന്നു.**



ലോകത്തെ ഏറ്റവും പ്രധാനപ്പെട്ട 20 സമ്പദ്‌വ്യവസ്ഥകളുടെ സാരഥ്യം ഇൻഡോനേഷ്യയിലെ ബാലിയിൽ നടന്ന ജി.20 (ഗ്ലോബൽ 20) ഉച്ചകോടിയിൽ ഇന്ത്യ ഏറ്റെടുക്കുകയുണ്ടായി. ലോകത്തിലെ വലിയ സാമ്പത്തിക ശക്തികളുടെ കൂട്ടത്തിൽ ഇന്ത്യയും ഉൾപ്പെടുന്നു. ഈ സമ്പത്തിക ശക്തികളുടെ കൂട്ടായ്മയുടെ മുമ്പിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഉയർത്തിയ 'വസുധൈവകുടുംബകം' എന്ന ആദർശവാക്യം ശ്രദ്ധേയമാണ്. ഒരു ഭൂമി ഒരു കുടുംബം ഒരു ഭാവി എന്ന ആശയമാണ് ഇന്ത്യ നേതൃത്വമേറ്റെടുത്തപ്പോൾ മുന്നോട്ടുവച്ചത്.

ഡിജിറ്റൽ കറൻസി പരീക്ഷണാടിസ്ഥാനത്തിൽ ജനങ്ങളുടെ മുന്നിൽ അവതരിപ്പിക്കാൻ റിസർവ് ബാങ്ക് തയ്യാറെടുക്കുകയാണ്. കറൻസി നോട്ടുകളുടെ ഡിജിറ്റൽ



രൂപമായിരിക്കും ഡിജിറ്റൽ രൂപ. വിവിധ ഇടപാടുകൾക്ക് കറൻസി നോട്ടുകൾക്കൊപ്പം വിനിമയസംവിധാനവും ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യമാണ് സർക്കാരിനുള്ളത്.

രാഷ്ട്രീയ സാമൂഹ്യ രംഗങ്ങളിൽ ഭാരതത്തിലും കേരളത്തിലും പൊതുവെ അസ്ഥിരത ഈ വർഷം ദൃശ്യമായിരുന്നു. സദാചാര ധാർമിക മൂല്യങ്ങൾക്ക് രാഷ്ട്രീയത്തിൽ സ്ഥാനമില്ലെന്ന് രാഷ്ട്രീയ പ്രസ്ഥാനങ്ങളും നേതാക്കളും തങ്ങളുടെ പ്രസംഗങ്ങളിലൂടെയും പ്രവർത്തനങ്ങളിലൂടെയും അനുദിനമെന്നോണം വ്യക്തമാക്കിക്കൊണ്ടിരിക്കുന്നു. ഭരണഘടനാ സ്ഥാനം വഹിക്കുന്നവർപോലും തങ്ങൾ വഹിക്കുന്ന സ്ഥാനത്തിന്റെ ഉത്തരവാദിത്വവും വലിപ്പവും മറന്ന് രാഷ്ട്രീയ പോരിന് ഇറങ്ങുന്ന കാഴ്ചയ്ക്ക് കേരളത്തിൽ നാം സാക്ഷികളായി. രൂക്ഷമായ വാക്പയറ്റിലൂടെയും വ്യക്തിഹത്യയിലൂടെയും പൊതുരംഗം കലുഷിതമാക്കിയും ബോധപൂർവകമായ ഭരണസ്തംഭനത്തിനിടയാക്കുന്ന നടപടികൾ വഴി സർവകലാശാലകളുടെ പ്രവർത്തനം സ്തംഭനാവസ്ഥയിലെത്തിച്ചതും നാം കണ്ടുകഴിഞ്ഞു.

രൂക്ഷമായ തൊഴിലില്ലായ്മയിൽ നട്ടംതിരിയുന്ന യുവജനങ്ങൾ കൂട്ടത്തോടെ വിദേശരാജ്യങ്ങളിലേക്ക് പലായനം ചെയ്യുന്ന പ്രവണത തുടരുമ്പോൾ തന്നെ ഭരണപക്ഷത്തെ നേതാക്കളുടെ ബന്ധുജനങ്ങളെ എല്ലാ നിയമങ്ങളും ലംഘിച്ചുകൊണ്ട് ഉന്നത പദവികളിലേക്ക്, കുടിയിരുത്തുന്നു. പിഎസ്സിയാകട്ടെ യഥാസമയം ഉണർന്ന് പ്രവർത്തിക്കാതെ റാങ്ക് പട്ടികകളുടെ കാലാവധി തീരുന്നതുവരെ സുഖനിദ്രയിൽ കഴിച്ചുകൂട്ടുകയും പരമാവധി നിയമനങ്ങൾ വൈകിപ്പിച്ച് സർക്കാരിന് സാമ്പത്തികലാഭം ഉണ്ടാക്കിക്കൊടുക്കുവാൻ തങ്ങളാലാവുന്ന സഹായം ചെയ്തുകൊടുക്കുകയും ചെയ്യുന്നു. സർക്കാർ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിച്ചും വിറ്റുതുലച്ചും പൊതുമേഖലയെ കൈയൊഴിഞ്ഞ് കോർപ്പറേറ്റുകൾക്ക് ആസ്ഥി കൂട്ടാനുള്ള ശ്രമത്തിലാണ് കേന്ദ്ര ഗവണ്മെന്റ്. ഭരണഘടനാ സ്ഥാപനങ്ങളായ കോടതികൾ, തെരഞ്ഞെടുപ്പ് കമ്മിഷൻ, വിവരാവകാശ കമ്മിഷൻ, ലോക്പാൽ, ലോകായുക്ത തുടങ്ങിയവയെ ദുർബലപ്പെടുത്തി തങ്ങളുടെ വരുതിയിലാക്കാനുള്ള ശ്രമങ്ങൾ തുടരുന്നു. ജനകീയ പ്രതിഷേധങ്ങളോട് നിഷേധാത്മക നയവും നിസംഗതയും പുലർത്തി ജനമുന്നേറ്റത്തെ നിസാരവൽക്കരിക്കാനും അവഗണിക്കാനുമുള്ള ഭരണാധികാരികളുടെ നിലപാടുകൾ സാമാന്യ നീതിയുടെ നിഷേധമായി കണക്കാക്കാവുന്നതാണ്.

യുവജനശക്തിയുടെ മുന്നേറ്റത്തെയും ക്രിയാത്മകതയെയും തളർത്തുന്ന ലഹരിവസ്തുക്കളുടെ കടത്തും വില്പനയും കോവിഡാനന്തരകാലത്ത് അതിന്റെ പരകോടിയിലെത്തിച്ചേർന്നു. അന്താരാഷ്ട്രലഹരിമാഫിയകൾ ഇന്ത്യപോലുള്ള രാജ്യങ്ങളെ ലക്ഷ്യമാക്കി മയക്കുമരുന്നുകളുടെ കള്ളക്കടത്ത് ഏറെ സജീവമാക്കിയിട്ടുണ്ട്. ലഹരിവ്യാപനത്തെ ഫലപ്രദമായി പ്രതിരോധിക്കാൻ ഭരണകൂടങ്ങൾക്ക് സാധിക്കുന്നില്ലെന്ന് മാത്രമല്ല, കള്ളക്കടത്ത്, ലഹരി, മണൽ മാഫിയകളുമായി രാഷ്ട്രീയക്കാരും പോലീസും ഭരണക്കാരും തമ്മിലുള്ള അവിശുദ്ധ കൂട്ടുകെട്ട് ശക്തമായി തീരുകയും ചെയ്തിട്ടുണ്ട്.

സംഘർഷഭരിതവും സങ്കീർണവുമായ സാഹചര്യങ്ങളിൽ ഈ ഭൂമിയുടെ ഭ്രമണം തുടരുമ്പോൾ 2022 വർഷം അതിന്റെ അപരാഹ്നതിയിലേക്കെത്തുമ്പോൾ മനുഷ്യവംശത്തിന് പ്രതീക്ഷയ്ക്ക് വകയുണ്ടോ? പാബ്ലോ നെരൂദ പറയുന്നതുപോലെ എല്ലാ പൂക്കളും പറിച്ചെടുത്താലും വസന്താഗമനം ആർക്കും തടയാനാകില്ലല്ലോ? 2023 എന്ന വർഷത്തെപ്പറ്റി ശുഭസംതായകമായ സ്വപ്നങ്ങളാണോ നാം കാണേണ്ടത്? ഭാവിയെ എന്തന്നറിയാതെ നാം ശങ്കിച്ചുനിൽക്കണോ?

കാലമിനിയുമുരുളും.. വിഷുവരും, വർഷം വരും, തിരുവോണം വരും. പിന്നെയോരോതളിരിനും പൂവരും കായ് വരും. അപ്പോഴാരെന്നും എന്തെന്നും ആർക്കറിയാം?

('സഫലമീ യാത്ര' – എൻ.എൻ.കക്കാട്)

ആഴ്ചയുടെ ആദ്യദിനമായ ഞായർ 2023 ന്റെ തുടക്കദിനമായതിനാൽ ശനിയുടെ അപഹാരം തീരുമോ?

**ഫെബ്രുവരി 24 ന് ആരംഭിച്ച ഉക്രൈൻ യുദ്ധം ഇന്നും അവസാനിച്ചിട്ടില്ല. റഷ്യയുടെ കടന്നാക്രമണം ആയിരങ്ങളുടെ ജീവനാണ് നഷ്ടമാക്കിയത്. 7.9 മില്യൺ ഉക്രൈൻ അഭയാർത്ഥികൾ യൂറോപ്പിലെ വിവിധ രാജ്യങ്ങളിൽ അഭയം തേടി. 90 ശതമാനം അഭയാർത്ഥികളും സ്ത്രീകളായിരുന്നു. നൂറുകണക്കിന് കുരുന്നുകൾക്ക് പിറന്നവീടും നാടും വിട്ട് അന്യരാജ്യങ്ങളിലേക്ക് പലായനം ചെയ്യേണ്ടിവന്നു.**

# ചുഴലിച്ചക്രം

**ഓ**ഖീ നീയറിഞ്ഞോ
കടലുപോലിരമ്പിയ മാനസങ്ങൾ
മെഴുകുപോലൊരുകിയ അശ്രുകണങ്ങൾ

രൂപമില്ലാതെ വന്നു നീയന്ന
രൂപങ്ങളെല്ലാം തകർത്തെറിഞ്ഞില്ലേ
ജലപ്പരപ്പിൻ മീതെ താണ്ഡവമാടി
ജീവനും കൊണ്ടുമടങ്ങിയില്ലേ

വരരുതേ നീയിനി
ഈ വഴി എങ്ങുമേ
ഞങ്ങളോട് പ്രണയമുണ്ടെങ്കിൽ
വരണമെന്നുണ്ടെങ്കിൽ
ഞങ്ങൾക്കു നീ അറിവുതരണേ
ഞങ്ങൾക്കുനീ മുന്നറിവേകണേ

ഓഖീ നീ അറിഞ്ഞോ
കടലുപോലിരമ്പിയ കണ്ണീർക്കണങ്ങൾ

കാലത്തിൽ മുത്തം കൊടുത്ത ബാല്യങ്ങളും
അന്നത്തിൽ വിരൽ വീണ യുവസ്വപ്നങ്ങളും
ഭയചകിതരാകാത്ത വാർദ്ധക്യങ്ങളും
തുത്തെറിഞ്ഞില്ലേ നീ

ഭൂമി കലങ്ങുന്നു
രക്തം വിയർക്കുന്നു
ഭയം ഞങ്ങൾക്കിനി
കടലമ്മയെ ഭയം

താലികളറ്റുവീഴുന്ന നേരങ്ങളിൽ
നിലവിളിക്കുന്നൊരി പൈതങ്ങൾ
ഉള്ളിലേ കടലിരമ്പൽ കേൾക്കുന്നുവോ


കടപുഴകിയ മരങ്ങളെയോർത്ത്
പുൽനാമ്പുകൾ നിലവിളിക്കുന്നു
തിരകൾ വിഴുങ്ങിയ തീരങ്ങൾ ഞങ്ങൾ
വിതുമ്പുന്നു നിത്യം വിറക്കുന്നു പ്രാണൻ
തിരികെ തരുമോ ഞങ്ങൾതൻ ജീവനം

ഓഖീ നീ അറിഞ്ഞോ
കടലുപോലിരമ്പിയ മാനസങ്ങൾ
മെഴുകുപോലുരുകിയ അശ്രുകണങ്ങൾ



**ഫാ.ഇമ്മാനുവേൽ വൈ**

കഥ



# മറുപുറം



കൈപ്പട്ടൂർ തങ്കച്ചൻ

**ആ**ഹ്ളാദഭരിതനായ അദ്ദേഹം, വൈശാഖനെ പിടിച്ചടുപ്പിച്ച് ഗാഢാശ്ലേഷം ചെയ്തുകൊണ്ട് പരിഭവിച്ചു:

വൈശാഖനോ... എത്രനാളായി കണ്ടിട്ട്... എഴുത്തൊക്കെഎങ്ങനെ? ഇപ്പോഴൊന്നും കാണാറില്ലല്ലോ...

അദ്ദേഹത്തെത്തന്നെ വായനശാലയുടെ സാംസ്കാരിക പരിപാടിയിലേക്ക് മുഖ്യാതിഥിയായി ക്ഷണിക്കണമെന്നുള്ളത് കമ്മറ്റിയുടെ ഏകാഭിപ്രായമായിരുന്നു. രാഷ്ട്രീയ–സാംസ്കാരിക രംഗങ്ങളിൽ ഒരേപോലെ ശോഭിച്ചിരുന്ന, ഏറെ തിരക്കുള്ള വ്യക്തിത്വമായിരുന്നു സമ്പന്നനും ഉദാരവതിയുമായ അദ്ദേഹം.

പാർട്ടിപരിപാടികളുമായി ഏറെത്തിരക്കുള്ളതുകൊണ്ട്, പൊതുപരിപാടികളിൽ വളരെ കുറച്ചേ സംബന്ധിക്കാറുള്ളു.

അടുത്ത തിരഞ്ഞെടുപ്പിൽ മത്സരിക്കുമെന്നും ജയിക്കുമെന്നും അദ്ദേഹം മന്ത്രിയാകുമെന്നും ഏതാണ്ട് തീരുമാനിച്ചതുപോലെയാണ്. മന്ത്രിയാകുകയാണെങ്കിൽ, ചിലപ്പോൾ തങ്ങളുടെ വായനശാലക്കും പ്രയോജനങ്ങൾ ഉണ്ടായേക്കാമെന്നും അവർ കരുതുകയും ചെയ്തു.

സഹപാഠിയും എഴുത്തുകാരനുമായ വൈശാഖൻ ക്ഷണിച്ചാൽ, എത്രതന്നെ തിരക്കുണ്ടെങ്കിലും അദ്ദേഹം വരുമെന്ന് സംഘാടകർ വിശ്വസിച്ചു.

സഹപാഠിയായിരുന്നു എന്നുള്ളത് ശരിയാണെങ്കിലും തങ്ങൾ തമ്മിൽ ഇപ്പോൾ ബന്ധമില്ലെന്ന് ഉറപ്പിച്ചുപറഞ്ഞിട്ടും സംഘാടകർ വൈശാഖനെനിർബ്ബന്ധിച്ചു:

വൈശാഖൻ ക്ഷണിച്ചാൽ അദ്ദേഹം വരും. അദ്ദേഹത്തിന്റെ സാന്നിദ്ധ്യം നമ്മുടെ വായനശാലക്കും പരിപാടിക്കും ഏറെ ഗുണമുണ്ടാകും.

സംഘാടകരുടെ നിർബ്ബന്ധത്തിനുവഴങ്ങി, നേരിട്ട് ക്ഷണിക്കാനാണ് വൈശാഖൻ അദ്ദേഹത്തിന്റെഭവനത്തിലേക്ക് ചെന്നത്.

വിശാലമായ സ്വീകരണമുറിയിലെ ഭിത്തികളെ മറയ്ക്കുന്ന വലിയ അലമാരകളിലേക്കും, അലമാരനിറയെ അടുക്കിയിരിക്കുന്ന പുസ്തകങ്ങളിലേക്കുമായിരുന്നു മുറിയിൽ പ്രവേശിച്ചതുമുതലുള്ള വൈശാഖന്റെശ്രദ്ധ. പുസ്തകക്കൂട്ടം വൈശാഖനെ അത്ഭുതപ്പെടുത്തി. പുസ്തകങ്ങളോടും വായനയോടും അകലം പാലിച്ചിരുന്ന സുഹൃത്തിന്റെ സ്വഭാവമാറ്റംവൈശാഖനെ ഏറെ

ആശ്ചര്യപ്പെടുത്തി.

ഈട്ടിത്തടിയിൽ തീർത്ത അലമാരകളുടെ കതകുഫ്രെയിമുകളിലെ കണ്ണാടികളിൽ പ്രശസ്തരായ എഴുത്തുകാരുടേയും കലാകാരന്മാരുടെയും ചിത്രങ്ങളായിരുന്നു. കണ്ണാടികളിലെ ചിത്രങ്ങൾ അലമാരകളിലെ പുസ്തകങ്ങളെ മറയ്ക്കുന്നുണ്ടെങ്കിലും, പുതുമ തോന്നിയതോടൊപ്പം സുഹൃത്തിനോടുള്ള സ്നേഹവും ആദരവും വൈശാഖന് വർദ്ധിക്കുകയും ചെയ്തു.

സെറ്റിയിൽ അടുത്തടുത്തിരുന്ന് വിശേഷങ്ങൾ പങ്കുവെച്ചു.

പുതിയ മോഡൽ ഐ ഫോണിന് വിശ്രമമേയില്ല. വിളികൾക്കൊന്നും അദ്ദേഹം മറുപടിപറഞ്ഞില്ല. കുറെനേരത്തെ ബല്ലിനു ശേഷം ഫോൺ താനേഓഫാകുകയായിരുന്നു.

തന്റെ തിരക്കുകളെപ്പറ്റി അദ്ദേഹം വൈശാഖനോട് വിവരിച്ചു. ഒരു പരിപാടിക്ക് ചെല്ലാൻ അപ്പോൾതന്നെ താമസിച്ചു എന്ന് കുണ്ഠിതപ്പെടുകയും ചെയ്തു.

അല്പമകലെ ഒരു സ്ഥലത്ത് പുസ്തകപ്രകാശനം നിർവ്വഹിക്കേണ്ടത് അദ്ദേഹമാണത്രേ....

അവരും ഫോണിൽ വിളിക്കുന്നത്രേ....

ഒട്ടും വിസമ്മതമില്ലാതെ വൈശാഖന്റെ ക്ഷണം സ്വീകരിച്ചുകൊണ്ട്, ഒന്നു ഫോൺ ചെയ്താൽ മതിയായിരുന്നല്ലോയെന്ന് വൈശാഖനോട് അദ്ദേഹം ഔദാര്യവാനായി.

ഈ തിരക്കിനിടയിൽ പുസ്തകങ്ങൾ വാങ്ങാനും വായിക്കാനും നീയെങ്ങനെ സമയം കണ്ടെത്തുന്നു.

വൈശാഖന് ആശ്ചര്യം അടക്കാനായില്ല.അലമാരകളിലേക്ക് നോക്കികൊണ്ടായിരുന്നു വൈശാഖന്റെ ചോദ്യം.

അദ്ദേഹം മുഖമുയർത്തി. വൈശാഖന്റെ തോളിൽ തട്ടി, അലസനായി:

ഒരു ചെറുകിട പ്രസാധകൻ ഇടക്കിടെ പുസ്തകങ്ങളുമായി വന്ന് അലമാരയിൽ നിറയ്ക്കും. പാവമല്ലേ, ജീവിക്കാൻ മാർഗ്ഗമില്ലാഞ്ഞിട്ടല്ലേ എന്നു കരുതി ഞാൻ അയാളെ വിലക്കാറില്ല. എപ്പോഴെങ്കിലും ബില്ലുകൾ കാണിക്കും. അപ്പോൾ തന്നെ പൈസയും കൊടുക്കും...

താൻ കെട്ടിപ്പൊക്കിയ ആശ്ചര്യമല, ഭൂമികുലുക്കത്തിൽ വിറച്ച് ഇടിയുന്നതായി വൈശാഖനുതോന്നി.

അപ്പോൾ പുസ്തക പ്രകാശനത്തിനും മറ്റും പ്രസംഗിക്കുന്നതോ...?

തെറ്റിനെയും ശരിയാക്കുന്ന രാഷ്ട്രീയ ഗൗരവത്തോടെ അദ്ദേഹം ചിരിച്ചു:

അത് മറ്റൊരു രഹസ്യം. വൈശാഖനായതുകൊണ്ട് പറയാം. എന്റെ ഡ്രൈവർ നല്ലവണ്ണം വായിക്കുന്ന മിടുക്കനാണ്. പ്രസംഗത്തിനാവശ്യമുള്ളതൊക്കെ അവൻ തരും...

തുടർന്നദ്ദേഹം നിസഹായനായി:

ജീവിതമല്ലേ വൈശാഖാ... ഓരോ വേഷങ്ങളും....

വൈശാഖന്റെ ഉള്ളിലെ ആശ്ചര്യമല, വൈശാഖനെ തട്ടിത്തെറിപ്പിച്ചുകൊണ്ട് അപ്പാടെ നിലംപൊത്തി. ■

## കവിത

# ഗോശാലത്തിലെ കനകതാരം

**ദാ**വീദിൻ പട്ടണം രാവുറക്കത്തിലാണ്
മാരിപോൽ പെയ്തിറങ്ങും മഞ്ഞുകണങ്ങൾ
ബെദ്‌ലഹേം നഗരിയിൽ കുളിർ പകരവേ
നനുത്ത കമ്പളങ്ങൾതൻ ഊഷ്മളതയിൽ
ഊളിയിട്ടുറങ്ങുന്നു നഗരവാസികൾ

മരംകോച്ചും ശീതമേറ്റുവാങ്ങുന്ന
മേരിതന്നുദരത്തിൽ ദൈവപുത്രനുറങ്ങുന്നു
രക്ഷകന് പിറക്കാനൊരിടം പാർത്ത്
അകംപൂട്ടിയ വാതായനങ്ങൾ മുട്ടവെ
തുറന്നുകൊടുക്കാൻ മനസ്സില്ലാത്ത മനുഷ്യർ
ഉള്ളം പിടയുന്ന ജോസഫും
ഉദരം പിടയുന്ന മേരിയും

നിശതൻ അന്ത്യയാമമായ്
നടക്കാനിനി വയ്യ! മേരിതൻ കിതപ്പ്
തൊട്ടകലെയൊരു ശരറാന്തൽ വെട്ടം
അതൊരു ഗോശാലയാണ്
തിരുപ്പിറവിക്ക് സാക്ഷികളാകുന്ന
ഗോക്കൾതൻ കൺകളിൽ
പ്രതീക്ഷതൻ പ്രകാശം

ദൈവകുമാരൻ തൊഴുത്തിൽ പിറക്കട്ടെ
മാതാവിൻ മനസ്സ് മന്ത്രിച്ചു
അമ്മ കണ്ണുകൾ വിണ്ണിലുയർത്തി
ഇതാ ഞാൻ തിരുവിഷ്ടം നിറവേറ്റുന്നു
മേരിതൻ മിഴികളടഞ്ഞു
രണ്ട് കുഞ്ഞുമിഴികൾ തുറന്നു
മാതാവിൻ തിരുവയറൊഴിഞ്ഞു

ആകാശത്ത് നക്ഷത്രശോഭ
ഗോശാലയിൽ പ്രഭാവലയങ്ങൾ
സ്വർഗീയ മാലാഖമാർ ഉണ്ണിക്ക് താരാട്ടുപാടി
രാവുറക്കത്തിലാണ്ട ദാവീദിൻ പട്ടണം
ആ സദ്വാർത്ത കേട്ടുണർന്നു
ലോകരക്ഷകൻ ജനിച്ചിരിക്കുന്നു.



ജാക്സൺ
നെപ്പോളിയൻ



ലേഖനം

# ഗോഡൗണാകുന്ന ബേത്‌ലെഹേമിലേക്ക് പോകാം

**ഇന്ന് നാം പോകേണ്ട ബേത്‌ലെഹേം വലിയതുറ ഗോഡൗണുകളിലാണ്. എമ്മാനുവേലായ ഉണ്ണി പിറക്കുന്നത് നിസഹായരായ, എല്ലാം നഷ്ടപ്പെട്ടവരായ അവരുടെ ഇടയിലാണ്. ജനിച്ച മണ്ണും കളിച്ച സ്ഥലവും കഷ്ടപ്പെട്ട് ഉണ്ടാക്കിയ വീടും കടലെടുത്തപ്പോൾ പ്രാണരക്ഷാർത്ഥം ഒടിവന്നതാണ് താല്കാലിക വസതിയായ സിമന്റ് ഗോഡൗണുകളിലും സർക്കാർ സ്കൂൾ കെട്ടിടത്തിലും. ദിവസങ്ങളും, മാസങ്ങളും വർഷങ്ങളും പിന്നിട്ടപ്പോഴാണ് അധികാരികളുടെ വാഗ്ദാനം പൊള്ളയായിരുന്നുവെന്ന് അറിയുന്നത്.**



ഫാ. ഡൈസൺ

മനുഷ്യചരിത്രത്തിൽ എത്രയോ രാത്രികൾ ഉദയം ചെയ്യുകയും അസ്തമിക്കുകയും ചെയ്തിട്ടുണ്ട്! എങ്കിലും മനുഷ്യകുലം ആശയോടെ ഹൃദയത്തോട് ചേർത്തുപിടിക്കുന്ന ഒരേയൊരു രാത്രിയേ ഉള്ളൂ. രാത്രി പകലായി മാറിയ ക്രിസ്തുമസ് രാത്രി! ആ രാത്രിക്ക് മുന്നിലാണ് എല്ലാ രാത്രികളും കൈകൂപ്പി നില്ക്കുന്നത്. ലോകത്തിന്റെ പ്രകാശമായ ക്രിസ്തു പിറന്ന രാത്രിയാണത്. അനശ്വര കവിയായ ജോൺ മിൽട്ടൺ ഈ രാത്രിയെ ഗ്രീഷ്മത്തിലെ വസന്തമെന്നും, രാത്രിയിലെ ഉഷസ്സെന്നും വിശേഷിപ്പിക്കുമ്പോൾ ഫാ.ജോസഫ് മോർ രക്ഷകനായ യേശു പിറന്ന ശാന്തരാത്രി തിരുരാത്രിയെന്നാണ് വിശേഷിപ്പിക്കുന്നത്. എ.ജെ.ജോസഫ് ഈ രാത്രിയെ ദു:ഖങ്ങളെല്ലാം അകലുന്ന രാജാധിരാജൻ പിറന്ന സ്വർഗ്ഗീയ രാത്രിയെന്ന് വിളിക്കുമ്പോൾ നമുക്കായ് ഒരു രക്ഷകൻ പിറന്ന വലിയ സന്തോഷത്തിന്റെ സദ്വാർത്തയുടെ രാത്രിയെന്നാണ് സുവിശേഷകൻ അർത്ഥമാക്കുന്നത്! യേശു ജനിക്കുന്നതിനു മുൻപും ജനിച്ച ശേഷവും പകലായി മാറിയ ഏക രാത്രി ക്രിസ്തുമസ് രാത്രിയാണ്! ഹാപ്പി ക്രിസ്തുമസ്.

## സത്രങ്ങൾ പുൽക്കൂടുകളാകട്ടെ

സത്രത്തിനു കിട്ടേണ്ട അനുഗ്രഹവും അഭിഷേകവും ലഭിക്കുന്നത് പുൽക്കൂടിനാണ്. കാരണം പുൽക്കൂട് തിരുകുടുംബത്തെ സ്വീകരിച്ചു. ചരിത്രത്തിന്റെ താളുകളിൽ സുവർണ്ണ ലിപികളാൽ രേഖപ്പെടുത്തേണ്ട, അനശ്വരമാകേണ്ട, അനുഗ്രഹത്തിന്റെ ഇടമായി തീരേണ്ട സത്രം ശാപത്തിന്റെയും തിരസ്കരണത്തിന്റെയും ഇടമായി മാറുന്നു. സത്രമെന്ന വാക്കിന്റെ അർത്ഥം അഭയകേന്ദ്രമെന്നാണ്. തിരുകുടുംബത്തിന് അഭയം നല്കാത്തതു കാരണം സത്രം തുറക്കപ്പെടുന്ന വാതിലാകാതെ അടയ്ക്കപ്പെടുന്ന തിരസ്കരണത്തിന്റെ വാതിലായി മാറുന്നു. ക്രിസ്തുവിനെ സ്വീകരിക്കുകവഴി നിന്റെ അടഞ്ഞ വാതിൽ തുറക്കുകയും നീ അനുഗ്രഹത്തിന്റെ ഇടമായി മാറുകയും, യേശു വസിക്കുന്ന ദിവ്യസക്രാരിയായി രൂപാന്തരപ്പെടുകയും ചെയ്യും.

സക്കേവൂസിന്റെ കുടുംബം യേശുവി

നെ സ്വീകരിക്കുന്നതിലൂടെ അവന്റെ ഭവനം രക്ഷയുടെ ഇടമായും യേശുവുള്ള പുൽക്കൂടായും, ദിവ്യസക്രാരിയായും മാറുന്നു. ക്രിസ്തുവിനെ ജീവിതാന്ത്യത്തിൽ സ്വീകരിച്ച നല്ല കള്ളൻ തന്റെ ജീവിതത്തെ ക്രിസ്തുവുള്ള പറുദീസയാക്കി, ദൈവസാന്നിദ്ധ്യത്തിന്റെ ദിവ്യസക്രാരിയാക്കി മാറ്റി. പല പുരുഷന്മാർക്കും തന്റെ ശരീരത്തെ പകുത്തുനല്കി ജീവിതത്തെ സത്രമാക്കിയ മഗ്ദലേനായിലെ മറിയം ക്രിസ്തുവിനെ സ്വീകരിക്കുന്നതിലൂടെ അവളുടെ ജീവിതം പുൽകൂടായും ദൈവീക സാന്നിദ്ധ്യത്തിന്റെ ഇടമായും മാറുന്നു. ക്രിസ്തുവിനെ സ്വീകരിക്കുന്നതിലൂടെ നമ്മിലെ എതിർ ഊർജ്ജം, നമ്മെ ദുർബലപ്പെടുത്തുന്ന, നിരുത്സാഹപ്പെടുത്തുന്ന ഊർജ്ജം, ബലപ്പെടുത്തുന്ന ഗുണപ്പെടുത്തുന്ന ഉത്സാഹപ്പെടുത്തുന്ന ഊർജ്ജമായി മാറുന്നു. ക്രിസ്തുവിനെ സ്വീകരിക്കുന്നതിലൂടെ നമ്മുടെ ജീവിതം ദൈവമനുഷ്യ കൂടിക്കാഴ്ചയുടെ ഇടമായി മാറുന്നു.

നമ്മുടെ ജീവിതം ദൈവീക സാന്നിദ്ധ്യമുള്ള അഭയകേന്ദ്രമാകണം. ക്രിസ്തുവില്ലെങ്കിൽ ജീവിതം അപകടകേന്ദ്രമായി മാറും. ജീവിതത്തിൽ മറിയത്തെപ്പോലെ യൗസേപ്പിനെപ്പോലെ തളർന്നു വരുന്നവർക്ക് അഭയമായി മാറുവാനുള്ള ക്ഷണമാണ് ഓരോ ക്രിസ്തുമസും നമ്മുടെ മുന്നിൽ വയ്ക്കുന്നത്. തകർന്നു പോകുന്നവർക്കും, വീണുപോകുന്നവർക്കും കരുത്തുനല്കുന്ന അഭയകേന്ദ്രമാകാൻ ക്രിസ്തുവിനെ സ്വീകരിക്കാം.

തളർന്നുപോയ എലിസബത്തിന് മറിയം ഊർജ്ജം നല്കുന്ന അഭയകേന്ദ്രമായി മാറി. തകർന്നുപോയ എമ്മാവൂസിലെ ശിഷ്യർക്ക് ഹൃദയത്തെ ജ്വലിപ്പിക്കുകയും അടഞ്ഞ കാതുകളെ തുറപ്പിക്കുകയും ചെയ്ത യേശു അവർക്ക് അഭയകേന്ദ്രമായി മാറി. നമ്മിലെ സത്രതുല്യമായ ജീവിതം ദൈവീക സാന്നിദ്ധ്യമുള്ള പുൽക്കൂടായി അഭയകേന്ദ്രമായി മാറാൻ ദൈവത്തെ സ്വീകരിക്കാം!

## യാത്രയാകാം

ഇടയന്മാരുടെ ബെത്‌ലെഹേം യാത്രയാണ് മറിയത്തെയും ജോസഫിനെയും പുൽത്തൊട്ടിയിൽ കിടക്കുന്ന ശിശുവിനെയും കാണാനും അനുഗ്രഹം യാചിക്കാനും സഹായിക്കുന്നത്. സ്വർഗ്ഗത്തിൽ നിന്ന് ഭൂമിയിലേക്കുള്ള ദൈവപുത്രന്റെ യാത്രയാണ് ക്രിസ്തുമസ്. മനുഷ്യകുലത്തെ രക്ഷിക്കാനുള്ള ദൂതുമായി രക്ഷകനു മുന്നോടിയായി ഈ ഭൂമിയിൽ ഗബ്രിയേൽ മാലാഖ നടത്തിയ യാത്ര രക്ഷയുടെ വാതിൽ തുറക്കുന്ന തീർത്ഥയാത്രയായിരുന്നു. പഴയ നിയമത്തിൽ അടമത്തത്തിന്റെ ഈജിപ്തിൽ നിന്ന് പാലും തേനും ഒഴുകുന്ന കാനാൻ ദേശം തേടിയുള്ള മോശയുടെ നേതൃത്വത്തിൽ ഇസ്രായേൽ ജനതയുടെ വിമോചനയാത്ര ദൈവം മനുഷ്യനായതിലൂടെ മനുഷ്യകുലത്തെ പാപത്തിന്റെ ലോകത്തിൽനിന്ന് രക്ഷയുടെ പറുദീസായിലേക്ക് നടത്തുന്ന രക്ഷാകര യാത്രയുടെ നല്ല സൂചകമായി കാണാം. രക്ഷയുടെ ലോകത്ത് പോകാൻ യേശുവിനോടൊപ്പം നടത്തുന്ന ഓരോ യാത്രയും ക്രിസ്തുമസാണ്. രക്ഷയിലേക്ക് പ്രവേശിക്കണമെങ്കിൽ യാത്ര അനിവാര്യമാണ്. കിഴക്കുനിന്ന് രക്ഷകനെ തേടി പുൽക്കൂടിലെത്തുന്നത് യാത്ര ചെയ്താണ്.

ഹേറോദേസ് യാത്ര ചെയ്തില്ല. തന്റെ കൊട്ടാരം വിട്ട് പുറത്തിറങ്ങിയില്ല. തന്നെത്തന്നെ അഹന്തയുടെയും അധികാരത്തിന്റെയും ലോകത്ത് കെട്ടിയിടുകയായിരുന്നു. ദിവ്യനക്ഷത്രം കാണാൻ പുറത്തിറങ്ങി യാത്ര ചെയ്തെങ്കിൽ ദിവ്യശിശുവിനെക്കണ്ട് അനുഗ്രഹം പ്രാപിക്കാനാകുമായിരുന്നു. നിഷ്കളങ്ക രക്തത്താൽ ചരിത്രത്തെ കളങ്കപ്പെടുത്താതിരിക്കാനുള്ള ഉൾവെളിച്ചവും വിവേകവും ലഭിക്കുമായിരുന്നു. ക്രിസ്തുവിനെത്തേടി യാത്ര പുറപ്പെടത്താവൻ അവന്റെ ഉൾലോകത്തിലെ തടവറയിലാണ്. യൂദാസിന്റെ അന്ത്യം ദാരുണമായതിനു കാരണം യേശുവിനെത്തേടി യാത്ര തിരിക്കാത്തതുകൊണ്ടാണ്. യേശുവിനെത്തേടി യാത്ര പുറപ്പെട്ട പത്രോസ് അപ്പോസ്ഥലസംഘത്തിന്റെ തലവനായി മാറി. യേശുവിനെ ത്തേടിയുള്ള ശതാധിപന്റെ യാത്രയാണ് അവന്റെ ഭൃത്യന്റെ സൗഖ്യം ഉറപ്പാക്കുന്നത് (മത്താ 8:5-6). യേശുവിനെ തേടിയുള്ള ജയ്റസിന്റെ യാത്രയാണ് മരിച്ചുപോയ ബാലികയുടെ ജീവൻ തിരികെ ലഭിക്കാൻ കാരണമാകുന്നത് (മർക്കോ. 5:22). രക്തസ്രാവക്കാരിയുടെ യാത്രയാണ് അ






വളുടെ സൗഖ്യത്തിന് കാരണമായി മാറുന്നത് (ലൂക്ക 8:44). യേശുവിനെ തേടിയുള്ള പട്ടണത്തിലെ പാപിനിയുടെ യാത്രയാണ് നിത്യരക്ഷയിലേക്ക് അവളെ നയിക്കുന്നത് (ലൂക്ക 7:37–38). ജീവിതത്തെ ക്രിസ്തുമസ് ആഘോഷമാക്കാൻ നമ്മുടെ ഉൾലോകത്തിൽ നിന്ന് യേശുവിനെത്തേടി രക്ഷയുടെ ലോകത്ത് യാത്ര ചെയ്യാം!

## നമുക്ക് ബേത്‌ലെഹേം വരെ പോകാം

സ്വർഗ്ഗത്തിലെ വാനദൂതന്മാരുടെ സംഗീതവും അവരുടെ ദൂതും ശ്രവിച്ച ഇടയന്മാർ സ്വർഗ്ഗസമാനമായ കാര്യങ്ങൾ ദർശിക്കാനാവുമെന്ന പ്രത്യാശയോടെയാണ് ബേത്‌ലെഹേമിലേക്ക് പോയത്. പുൽക്കൂട്ടിലെ ലോകരക്ഷകന്റെ ജനനം അവരെ വിസ്മയിപ്പിച്ചു. കാരണം അവൻ അവരെക്കാൾ ദരിദ്രനായിരുന്നു. തിരുപ്പിറവിക്കഥകളിലൊന്നിൽ ഇടയസ്ത്രീകൾ തങ്ങളുടെ പേരക്കിടങ്ങളോട് അവനെക്കുറിച്ച് ഇങ്ങനെ പറയുന്നുണ്ട്: കുഞ്ഞുമക്കളേ, ആടുകളെ മേയിച്ചു മാത്രമല്ല ഞങ്ങളുടെ ചുമലുകൾ വളഞ്ഞതും ശിരസ്സ് കുനിഞ്ഞതും. മറിച്ച് ഒരായിരം പേരുടെയെങ്കിലും മുമ്പിൽ അടിമകളെപ്പോലെ നിന്നതു കൊണ്ടാണ്. എന്നാൽ അന്നാദ്യമായ് അവന്റെ മുന്നിൽ ഞങ്ങൾ ശിരസ്സ് ഉയർത്തിനിന്നു. കാരണം അവൻ നമ്മെക്കാൾ ദരിദ്രൻ. ഈ ലോകത്തിലെ ഒരു വ്യക്തിയെയും ചെറുതാക്കാതിരിക്കാൻ അവൻ തെരഞ്ഞെടുത്ത ചെറുതായ സ്ഥലമാണ് ബേത്‌ലെഹേം.

നമ്മൾ പോകേണ്ട സ്ഥലവും അന്വേഷിക്കേണ്ട വ്യക്തിയുമുള്ളത് ബേത്‌ലെഹേമിലാണ്. ഞങ്ങൾ ആരുടെ പക്കൽ പോകുമെന്നുള്ള ചോദ്യത്തിന് ഉത്തരം നല്കുന്ന വ്യക്തിയുള്ള സ്ഥലം. അതെ, വചനം മനുഷ്യരുടെ ഇടയിൽ കൂടാരമടിച്ച ഇടം. അപ്പത്തിന്റെ ഭവനമെന്ന് അർത്ഥമുള്ള ബേത്‌ലെഹേമിലാണ് ജീവന്റെ അപ്പമായ ക്രിസ്തു ജനിച്ചത്. ജീവിത യാത്രകളിൽ പാഥേയമാകേണ്ടവനെ കാണാൻ നാം പോകേണ്ട ഇടമാണത്.

ഇന്ന് നാം പോകേണ്ട ബേത്‌ലെഹേം വലിയതുറ ഗോഡൗണുകളിലാണ്. എമ്മാനുവേലായ ഉണ്ണി പിറക്കുന്നത് നിസഹായരായ, എല്ലാം നഷ്ടപ്പെട്ടവരായ അവരുടെ ഇടയിലാണ്. ജനിച്ച മണ്ണും കളിച്ച സ്ഥലവും കഷ്ടപ്പെട്ട് ഉണ്ടാക്കിയ വീടും കടലെടുത്തപ്പോൾ പ്രാണരക്ഷാർത്ഥം ഓടിവന്നതാണ് താല്കാലിക വസതിയായ സിമന്റ് ഗോഡൗണുകളിലും സർക്കാർ സ്കൂൾ കെട്ടിടത്തിലും. ദിവസങ്ങളും, മാസങ്ങളും വർഷങ്ങളും പിന്നിട്ടപ്പോഴാണ് അധികാരികളുടെ വാഗ്ദാനം പൊള്ളയായിരുന്നുവെന്ന് അറിയുന്നത്. പ്രായമായ പെൺമക്കളും ഗർഭിണികളും, കൈക്കുഞ്ഞുങ്ങളും സുരക്ഷയില്ലാത്ത സാഹചര്യത്തിൽ ജീവിക്കുന്നത് വീർപ്പുമുട്ടിയാണ്. അടിസ്ഥാന സൗകര്യങ്ങൾ ഒട്ടുമില്ലാത്ത ഈ അവസ്ഥ വളരെ ഭീകരമാണ്. സർക്കാർ നല്കുന്ന ഒരു തുണ്ടുഭൂമിയിൽ സ്വന്തമായി ഒരു ചെറ്റപ്പുരവച്ച് ജീവിക്കാനാകുമെന്നുള്ള പ്രത്യാശയും അവർ കൈവിട്ടുകഴിഞ്ഞു. എല്ലാ അർത്ഥത്തിലും എല്ലാം നഷ്ടപ്പെട്ടവരാണ് അവർ. അതുകൊണ്ട് അവരെക്കാൾ ദരിദ്രനായി പിറന്ന യേശുവിനെ അന്വേഷിച്ച് നാം പോകേണ്ട ബേത്‌ലെഹേം വലിയതുറ ഗോഡൗണാണ്. ■


SKY ROOFS
A Complete Solution for Building Materials
PRODUCTS & SERVICES
GI,MS Pipes & Tubes
Aluminium, Galvalume, GI, PVC Roofing Sheets
Polycarbonate Sheets
Screws & Fastners
TMT Bar, Flat Bar, Angles, Square Rods, I Beam, C Channel
Cement
Weldmesh
PVC Pipes & Fittings
Paints
MERRY
Christmas
& Happy New Year
Sky Roofs, Paruthikuzhy, Manacaud Po, Trivandrum.
Ph: 0471 250 51 52, 7964222, +91 9447050431
Email: skyroofsindia@gmail.com
SKY ROOFS
A Complete Solution for Building Materials



# മനുഷ്യാവതാരം; ദൈവം നമ്മോടുകൂടെ



ഫാ. ലോറൻസ് കുലാസ്

**ദൈ**വത്തിന്റെ മനുഷ്യാവതാരം വ്യക്തമാക്കുക വിണ്ണിലുറങ്ങുന്ന ദൈവത്തെയല്ല; മറിച്ച്, മനുഷ്യരോടൊപ്പം വസിക്കുന്ന, അവരോടൊപ്പം സഞ്ചരിക്കുന്ന, സർവ്വോപരി മനുഷ്യരുടെ വേദനകൾ അറിയുന്ന, “ദൈവം നമ്മോടുകൂടെ” എന്ന ദൈവത്തെയാണ്. ബത്‌ലഹേമിൽ നാം ദർശിക്കുന്ന ദൈവം തികച്ചും വ്യത്യസ്തനാണ്. നമ്മുടെ ബലഹീനതകളിൽ പങ്കുചേരുകയും നമ്മേപ്പോലെ സഹനത്തിലും വേദനയിലും വളരുകയും ചെയ്ത ദൈവം. ആരംഭം മുതൽക്കെ ദാരിദ്ര്യത്തിൽ, വേദനയിൽ, സാധാരണമായ ജീവിതാന്തരീക്ഷത്തിൽ രൂപപ്പെട്ടതാണ് നമ്മുടെ ദൈവത്തിന്റെ ജീവിതമെന്ന് തുറന്നുകാട്ടുകയാണ് ബത്‌ലഹേമിലെ ദൈവത്തിന്റെ ജനനം. അന്നത്തെ വ്യവസ്ഥ അശുദ്ധരെന്ന് തിരസ്ക്കരിച്ച് പുറംതള്ളിയ ഇടയന്മാരുടെ കാലിത്തൊഴുത്തിൽ ജന്മമെടുത്തതു മുതൽ മുന്നോട്ടുള്ള ദൈവത്തിന്റെ ജീവിതം ദുർഘടമായിരുന്നു. ജന്മമെടുത്ത് ഏതാനും ദിവസങ്ങൾക്കുള്ളിലെ ഈജിപ്തിലെ ദുഷ്കരമായ ദീർഘയാത്ര... അവിടെ ഒരു പരദേശിയുടെ കഷ്ടതകൾ അനുഭവിച്ചുള്ള ബാല്യകാലം... ഗലീലയിൽ തിരിച്ചെത്തി ദാരിദ്ര്യത്തിലും വേദനയിലും പൊറുതിമുട്ടിയ അനേകം സാധാരണക്കാരുടെ യാതനയിൽ ഒന്നായിത്തീർന്ന് അദ്ധ്വാനിച്ചുവളർന്ന ജീവിതം... “ദൈവം നമ്മോടുകൂടെ.”

## പാവപ്പെട്ടവർക്ക് മുൻഗണന

“ദൈവം നമ്മോടുകൂടെ” എന്ന് ഉദ്ഘാടനം ചെയ്ത ദൈവരാജ്യത്തിൽ ചില വ്യക്തികൾക്ക് മുൻഗണന ലഭിക്കുന്നു: ദരിദ്രർക്ക് സുവിശേഷം, ബന്ധിതർക്ക് മോചനം, അന്ധർക്കു കാഴ്ച, അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യം (ലൂക്കാ 4:18). കൂടതെ, അനീതി നിറഞ്ഞ സാമ്പത്തിക വ്യവസ്ഥിതിമൂലം പട്ടിണികൊണ്ടു വലയുന്ന ദരിദ്രർ (ലൂക്കാ 6:20–26); ചൂഷണം കൊണ്ടു സമ്പന്നരായവരുടെ വീട്ടുപടിക്കൽ ഒരു നേരത്തെ ആഹാരത്തിനായി കാത്തുകിടക്കുന്ന യാചകൻ (ലൂക്കാ 16:20), സ

മൂഹം ഭ്രഷ്ട് കല്പിച്ച കുഷ്ഠരോഗികൾ (ലൂക്കാ 17:11), വികലാംഗർ (ലൂക്കാ 4:40), നിയമത്തിന്റെ കാവൽക്കാർ നിഷ്ക്കരുണം പുറംതള്ളിയ ചുങ്കക്കാർ (ലൂക്കാ 19:6), വേശ്യകൾ (യോഹ 8:11), ഹൃദയത്തിന്റെ കദന ഭാരം പേറുന്ന പാപികൾ (ലൂക്കാ 7:36) എന്നിവർക്കൊക്കെ ദൈവതിരുമുമ്പിൽ മുൻഗണന ലഭിച്ചു.

സാമൂഹികവും സാമ്പത്തികവും മതപരവുമായ തലത്തിൽ ഏറ്റവും താഴെക്കിടയിലുള്ളവർക്കാണ് ദൈവത്തിന്റെ ആനുകൂല്യം ലഭിക്കുകയെന്ന സത്യം തുറന്നുകാട്ടാൻ പാപികളെയും സ്ത്രീകളെയും കുട്ടികളെയും കൂടെക്കൂട്ടുന്ന ദൈവം. അന്നത്തെ വ്യവസ്ഥ തള്ളിപ്പറഞ്ഞ പാപികളോടൊത്ത് ഭക്ഷണത്തിനിരുന്നതും; സ്ത്രീകൾക്ക് മനുഷ്യത്വം പോലും അംഗീകരിച്ചുകൊടുക്കാൻ മടിക്കാട്ടിയ ഒരു സമൂഹത്തിൽ ശിഷ്യത്വത്തിന്റെ മഹനീയ മാതൃകകളായി സ്ത്രീകളെ എടുത്തുകാട്ടിയതും, കുഞ്ഞുമക്കളിലെ ഈശ്വരസ്പർശം ഉൾക്കൊള്ളാൻ തയ്യാറാകാത്ത സാമൂഹിക വ്യവസ്ഥിതിയുടെ മുമ്പിൽ ദൈവരാജ്യത്തിനർഹർ കുഞ്ഞുങ്ങളെപ്പോലെയുള്ളവരാണെന്ന് തുറുന്നുകാട്ടിയതും ദൈവം സാധാരണക്കാരുടെ പക്ഷം ചേരുന്നവനാണെന്ന് വ്യക്തമാക്കാൻ വേണ്ടിയായിരുന്നു. അങ്ങനെ ദരിദ്രരേയും ദാരിദ്ര്യത്തെയും പുൽകുന്നവനാണ് നമ്മുടെ ദൈവമെന്ന് മനുഷ്യാവതാരം പ്രകടമാക്കുന്നു.

**തെറ്റായ സംവിധാനങ്ങളെ ഉന്മൂലനം ചെയ്യുന്നതിൽ സദാ വ്യാപൃതനാണ് മനുഷ്യാവതാരം ചെയ്ത ദൈവം. അനീതി, കാപട്യം, ചൂഷണം എന്നിവയുടെ കരാളഹസ്തങ്ങളിൽ നിന്നും മനുഷ്യരെ മോചിപ്പിക്കുന്ന ദൈവത്തെയാണ് യേശു വെളിപ്പെടുത്തിയത്.**

## ചൂഷിതർക്കെതിരെ

തെറ്റായ സംവിധാനങ്ങളെ ഉന്മൂലനം ചെയ്യുന്നതിൽ സദാ വ്യാപൃതനാണ് മനുഷ്യാവതാരം ചെയ്ത ദൈവം. അനീതി, കാപട്യം, ചൂഷണം എന്നിവയുടെ കരാളഹസ്തങ്ങളിൽ നിന്നും മനുഷ്യരെ മോചിപ്പിക്കുന്ന ദൈവത്തെയാണ് യേശു വെളിപ്പെടുത്തിയത്. നിയമത്തിന്റെയും ആചാരത്തിന്റെയും പേരിൽ സാധാരണക്കാരെ ബുദ്ധിമുട്ടിച്ച സാഹചര്യങ്ങളെ നിശിതമായി വിമർശിക്കുന്ന നിയമങ്ങളും ആചാരങ്ങളും മനുഷ്യനിർമ്മിതമെന്നും ദൈവം വിഭാവന ചെയ്തതല്ലെന്നും തുറുകാട്ടുന്ന ദൈവത്തെ യേശു അവതരിപ്പിക്കുന്നു. നിയമത്തിന്റെ പാലനത്തെക്കാൾ മനുഷ്യമഹത്വം തിരിച്ചറിയലാണ് പ്രധാനമെന്നും, മനുഷ്യരിലെ പ്രത്യേകിച്ച് പരിത്യക്തരിലെ ഈശ്വര സാന്നിധ്യം പ്രഘോഷിക്കുന്ന നവദർശനം ഉൾക്കൊള്ളാൻ മനുഷ്യാവതാരംചെയ്ത ദൈവം ആഹ്വാനം ചെയ്യുന്നു.

സാധാരണ ജനത്തിന്റെ ദുരിതമകറ്റാൻ ചെറുവിരലുപോലും അനക്കാത്ത ചൂഷിത വർഗ്ഗത്തിന്റെ കാപട്യത്തെ; ജനത്തിന്റെമേൽ യജമാനത്വം പുലർത്തുന്ന പ്രമാണികളുടെ ക്രൂരതയെ; തങ്ങളെത്തന്നെ പോറ്റുന്ന, ദുർബലരെ ശക്തിപ്പെടുത്താത്ത, മുറിവേറ്റിതനെ വച്ചുകെട്ടാത്ത, വഴിതെറ്റിയതിനെ കണ്ടെത്താത്ത നേതൃത്വത്തെ ചോദ്യം ചെയ്യുന്ന ദൈവത്തെ യേശു തുറന്നുകാട്ടുന്നു. മറ്റുള്ളവർക്ക് ശുശ്രൂഷ ചെയ്യുന്ന, പാദം കഴുകുന്ന, സ്വയം ശൂന്യമാകുന്ന, ജീവൻ ഹോമിക്കുന്ന, ദൈവത്തെ സങ്കല്പിക്കാനാകുമോ? അതാണ് ദൈവത്തിന്റെ മനുഷ്യാവതാരത്തിൽ വിടരുന്ന ഈശ്വര സങ്കല്പം.

## ഇന്ന്

മനുഷ്യന്റെ യാതനകളിലും വേദനകളിലും ദൈവം ഇന്നും പങ്കുചേരുന്നുണ്ട്. "ദൈവം നമ്മോടുകൂടെ" ഇന്നും നമ്മോടൊപ്പം നടന്നു നീങ്ങുന്നുണ്ട് ... ജീവിത യാതനകൾക്ക് കാരണമായി തീർന്ന തെറ്റായ സംവിധാനങ്ങളെ ഉന്മൂലനം ചെയ്യുന്നതിൽ ഇന്നും ദൈവം സദാ വ്യാപൃതനാണെന്ന് കാട്ടിക്കൊടുക്കാൻ നമുക്ക് കഴിയണം. എങ്ങനെ? ഇന്നു മനുഷ്യജീവിതത്തിന്റെ വഴിത്താരകളിൽ നിരന്തരം ഇടപെടുകയും വേദനയേൽക്കുകയും സഹിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ വിമോചന പ്രവൃത്തിയിൽ നാമും പങ്കുചേരുമ്പോൾ "ദൈവം നമ്മോടുകൂടെ" എന്ന അനുഭവം യഥാർത്ഥ്യമാകും.

ഇത് സംഭവിക്കണമെങ്കിൽ ഈശ്വരനെപ്പറ്റിയുള്ള ഒരു നവദർശനം ആവശ്യമാണ്.... ജീവിതയാതനകളാൽ തളർന്നു വീഴുന്നവരിൽ, സമൂഹം ഭ്രഷ്ട്കല്പിക്കുവരിൽ ഈശ്വരനെ കണ്ടെത്താനുള്ള നവ ചൈതന്യം. "ഈജിപ്തിലുള്ള എന്റെ ജനത്തിന്റെ രോദനം ഞാൻ കണ്ടു. മേൽ നോട്ടക്കാരുടെ ക്രൂരത കാരണം അവരിൽ നിന്നുയരുന്ന രോധനം ഞാൻ കേട്ടു. അവരുടെ യാതന ഞാൻ അറിയുന്നു" (പുറ 3:7) എന്ന ഈശ്വരസങ്കല്പം... വിശക്കുന്നവർക്ക് ഭക്ഷണവും ദാഹിക്കുന്നവർക്ക് വെള്ളവും, രോഗികൾക്ക് ശുശ്രൂഷയും, നഗ്നർക്ക് വസ്ത്രവും, ഭവനരഹിതർക്ക് പാർപ്പിടവും, പരദേശിക്ക് സ്വീകരണവും, കാരഗൃഹവാസികൾക്ക് സാമിപ്യവും നല്കുമ്പോൾ "ഇത് നിങ്ങൾ എനിക്കുതന്നെയാണ് ചെയ്തു തന്നത്" (മത്താ 25:35–40) എന്ന ഈശ്വരദർശനം.... ദൈവം നമ്മുടെ ഇടയിൽ വസിക്കുന്നത് സാധാരണക്കാരന്റെ രൂപത്തിലാണ്. ഈ ദൈവത്തെയല്ലേ നമ്മുടെ ജീവിതത്തിലുടനീളം പ്രകീർത്തിക്കേണ്ടത്? സാധാരണക്കാരനായ ദൈവം വേദനിക്കുന്നവനാകാം. മറ്റുള്ളവരാൽ പുറംതള്ളപ്പെട്ടവനാകാം.... ഇങ്ങനെയുള്ള ദൈവത്തെ ദർശിക്കാൻ കഴിയുന്നിടത്തേ ദൈവത്തിന്റെ മനുഷ്യാവതാര ആഘോഷമുള്ളൂ.

**പാടത്തെ പാവത്തിൻകയ്യിലെ**
**ചേറിൽ**
**നാടൻ പണിപ്പുരക്കാരന്റെ**
**വേർപ്പിൽ**
**ചേരിയിൽ ചെറ്റപ്പുരയിൽ**
**അന്നത്തിൻ**
**ചേലിൽ തുടിക്കുന്ന ദൈവം**

*(ഒരുവിമോചന ഗീതത്തിൽ നിന്ന്)*

# പണ്ടാരി

**ഹി**ന്ദിഭാഷയിൽ 'ഭണ്ഡാരി' എന്നാൽ കലവറ സൂക്ഷിപ്പുകാരൻ എന്നർഥം. ഉൾക്കടലിൽ മാസങ്ങളോളം തങ്ങിയുള്ള മത്സ്യബന്ധനത്തിനായി ബോട്ടിൽ പോകുന്ന മത്സ്യത്തൊഴിലാളികൾ പാചക ജോലി ചെയ്യി



ക്കാൻ കൂടെ കൊണ്ടുപോകുന്ന പിള്ളേരെ 'പണ്ടാരി' എന്നാണ് വിളിക്കുന്നത്. ഒരു ബോട്ടിൽ ഒരു പണ്ടാരി നിർബന്ധമാണ്. ഇവരിൽ കൂടുതൽപേരും നമ്മുടെ സ്കൂളുകളിലെ ഡ്രോപ്പ് ഔട്സ് ആണ്. അവർക്കുണ്ട് പറഞ്ഞാൽ തീരാത്ത ഒരുപാട് പരാതികൾ. അക്കൂട്ടത്തിലെ ഒരു പണ്ടാരിയുടെ കഥ കേൾക്കൂ..



പ്രവീൺ പി.


'ബോട്ടിലെ പണിക്ക് വലിയോങ്കളോടൊപ്പം എന്നെ പറഞ്ഞയച്ചത് എങ്കപ്പായാണ്. പള്ളുക്കൊടത്ത് പോവാതെ കടലില് മുങ്കിക്കളിച്ചു നടന്നപ്പോ കപ്പല് പോണ തൊലയിലെ ഈ ചോലി ചെയ്യേണ്ടി വരുമണ് ചിന്തിച്ച് പോലും പാത്തിട്ടില്ല ഞാൻ. ഉൽക്കടലിലെ നാറ്റം കാരണം ചർത്തിച്ചപ്പോൾ, എന്റെ വയത്തിക്കവത്തിണ് വന്ന മഞ്ച കണ്ടിട്ട് കടപ്പറത്തെ റോഡരികിൽ ചിരട്ടയിൽ ഊർക്കിലുമായി പെണ്ണുങ്ങൾ വിൽക്കുന്ന കൊളുക്കട്ട ഓർമ വന്നു. ആറ്റിൽ കുളിച്ചെ പോകുമ്പോൾ അക്കരെയുള്ള മരത്തിൽ തൂങ്കി കിടക്കുന്ന വിഷക്കാ പറിക്കാൻ കുമ്പാരിമാരുടെ ഇടയിൽ നൂറ് വട്ടമെങ്കിലും എയ്ച്ച എനിക്ക് കടലിൽ ചോറും കറിയുമുണ്ടാക്കാനല്ലാതെ മീൻപിടിക്കാനുള്ള മായക്ക മാത്രം ഇവിങ്ക തരുന്നില്ല. റോഡിൽ അലഞ്ഞ് തിരിഞ്ഞ് പെറുക്കുന്ന തീപ്പെട്ടിക്കൂട് വെച്ച് പൊത്തിക്കളിക്കുന്ന പയ്യന്റെ മുമ്പിൽ കടലിന്റെ ആച്ചല് നോക്കി ബോട്ടിലെ വീലസിനകത്തിരുന്ന് സ്റ്റീയറിങ് കറക്കുന്നവൻ വലിയവനാകുമോ?

കടലില് കുളിച്ചുമ്പം തിരയുടെ തുമ്പിൽ ഈലോയെടുത്ത് കരക്കടിഞ്ഞ് ചേരുക എക്ക് ഇഷ്ടമായിരുന്നു. രാത്രിയിൽ ഞങ്ങൾ കടൽക്കരയിലെ കൊട്രാള് പിടിച്ച് വട്ടത്തിലിരുന്ന് ഒരു കുളിയുണ്ടാക്കി തീകൂട്ടി ചുട്ട് തിന്നത് മീനുകൾ കൂട്ടം കൂടുന്ന പാരിന് മുകളിലൂടെ പാഞ്ഞ് പോകുന്ന ഈ ബോട്ടിൽ കെളങ്കും കറിയും കാച്ചോണ്ടി വിധിയുള്ളതിനാലായിരിക്കും.

നാടിനു കിട്ടിയ പുത്തങ്കിണറ്റിൽ ഒരു തൊട്ടി വെള്ളം അപ്പന്റെ പുറകിലായി തിരിഞ്ഞ് നിന്ന് നനഞ്ചവനെ പോക്കില്ലാത്ത നാട്ടിൽ ചൊല്ലിവിട്ടിരിക്കിണ്. പോട്ടിലെ നേതാവായ സ്രാങ്കിക്ക് വീട്ടില് മൂന്ന് റൂമിലും അറ്റാച്ഡ് ബാത്രൂമാണെങ്കിലും ഉൾക്കടലിൽ നീങ്ങുന്ന ബോട്ടിൽ മത്തവനിക്ക് മുട്ടുമ്പോൾ ബോട്ടിന്റെ മോരി ഭാഗമാണ് ചരണമെണറിയാമേ! കട്ടമരത്തിൽ നിന്ന് ഒടിഞ്ഞ് കിട്ടുന്ന അട കണ്ടത്തില് കയറിയിരുന്ന് കടലിലൂടെ സാവധാനം ഞങ്ങൾ മണ്ടുന്നത് പതിവാണ്. തെളിഞ്ഞ വെള്ളത്തിൽ എത്തുമ്പോൾ കടലിനടിയിലെ വാളി അറ കൂട്ടം മണ്ണിലായി പകുതി പൂന്തി

## കവിത

# കരവിഴുങ്ങും ഭൂതം





ടെറിൻ ലോറൻസ്

പണ്ടൊരു ഗാന്ധിയുണ്ടായിരുന്നു
ഗുജറാത്തിൽ നിന്നൊരു ഗാന്ധി
മാനവഹൃദയങ്ങൾ കീഴടക്കി
ലോകത്തിൻ ഗാന്ധിജിയായി മാറി

വികസനമനിവാര്യമഭിവൃദ്ധിക്കെങ്കിലും
സുസ്ഥിര വികസനം ഗാന്ധിമന്ത്രം
ഏതു വികസനമായിടുമെങ്കിലു
മതേറ്റമെളിയോനു തുണയാകണം

ഗാന്ധിതൻ നാട്ടിൽ നിന്നുമൊരാളിതാ
കവരുന്നു ഞങ്ങടെ കരയും കടലും
മുകളിലാകാശം താഴെ ഭൂമിയില്ല
ഞങ്ങളോ നിരാലംബരായിടുന്നു

തലചായ്ക്കാനിടമില്ലിവിടെ
ഈറ്റില്ലത്തിനുപോലുമിടമില്ല
പെറ്റുവീഴുന്നിവിടെ ഭാരതമക്കൾ
ഗോഡൗണിന്നിരുണ്ട മൂലകളിൽ

കാട് കാടിന്റെ മക്കൾക്കെങ്കിൽ
കടൽ കടലിന്റെ മക്കൾക്കല്ലേ?
വീടില്ല, കുടിയില്ല തീരവുമില്ല
തീരാദുരിതങ്ങൾമാത്രം സ്വന്തം

ഗൗതമബുദ്ധന്റെ നാട്ടിൽ മറ്റൊരു
ഗൗതമനിന്നു ദുഃഖകാരണമാകുന്നു
ഞങ്ങൾക്കില്ല മനുഷ്യാവകാശങ്ങൾ
തെരുവുനായതൻ പരിഗണനപോലും

ജീവനും സ്വത്തിനും സംരക്ഷണം
സർക്കാരിൻ പ്രഥമാ, മുത്തരവാദിത്തം
കടലിന്റെ മക്കൾ വോട്ടുബാങ്കുകൾ
കറിവേപ്പിലയ്ക്ക് സമാനർ

നൂറ്റൊന്നുപേർ കൗരവർ, കുടിലബുദ്ധികൾ
സൂചികുത്താനിടം തരില്ലെന്ന് ശാഠ്യം പിടിച്ചവർ
പാണ്ഡവരഞ്ചുപേർ മാത്രമെങ്കിലോ...
കഥയാവർത്തിക്കരുത്, കുരുക്ഷേത്രമാക്കരുതീ ഭൂമി

യിരിക്കുന്നത് കാണാം. മൂച്ച് പിടിച്ച് മുങ്ങിച്ചെന്ന് ഇടുപ്പിൽ കെട്ടിയ തെവർത്ത് കച്ചയിൽ വാളിയെല്ലാം വാരി ഇട്ടിട്ടുള്ള എന്റെ കൈകൾക്ക് മുനമ്പത്തെ ഐസ് പ്ലാന്റിൽ നിന്ന് ഈ ബോട്ടിനാവശ്യമായ ഐസ് വാരുവാൻ കെതി വന്ത കാരണം സ്കൂളിൽ നന്നായി പഠിച്ചാട്ടയ് കൊണ്ടാണ്. ആനിയാടി മാസം തിരയുടെ കൂടെ തിട്ടയിൽ നിന്ന് മറിഞ്ഞു പോകുന്ന നാണയങ്ങൾ ഓടിച്ചെന്നെടുത്ത് മണ്ണിൽ തീട്ടി വെളുപ്പിക്കുന്നത് അപ്പൂപ്പന്റെ കടയിണ് മാങ്കാ വേണ്ടിത്തിന്നാനാണ്. എന്റെ ഭാഷ നിങ്കക്ക് താത്ക്ക പോത്ക്ക പോലെ ആയിരിക്കാം തോന്നുക. എനിക്ക് ആയിരം പെരുത്തോ തൊള്ളായിരം പെരുത്തോ എന്നറിയത്തില്ല. പക്ഷെ ബോട്ടിൽ പണ്ടാരിപ്പണിച്ച് പോയി കിട്ടിണ പങ്ക് പൈസ വീട്ടില് കൊടുക്കണമെണ് തിരിച്ചറിവുണ്ട്. ■



RUBY
Hair & Beauty
Make Up
Facial
Treatment
for a
Radiant and Glowing
young look
Cheriyathura, near Church, Beemapally Road, TVM
Mob : 917736138435 Gmail : rubyignatious199@gmail.com
Facebook : Ruby Chandhu
Our Services
Facials
Hair Cutting
Colouring
Henna
Threading
Waxing
Blowdry
Smoothening Hair
Hair Highlightening
Hair Spa
MAKEUPS
Party Make Up
Bridal Makeup
Any Occation
Makeup
Special Offer
Glow
Facial + bleach + th
reading...
1000 only
Keratin... starts ...
4000
Kera smooth
5000
Smoothening - Starting
2500
Special offer
X mas offers
All kind of hair and face
treatments available Party
makeup Bridal makeup
simple makeup
Contact No:7994417884




ISO 9001-2008
ISO 22000-2005
Certified caterers
AIAO-BAR
QMS
ACCREDITED
HACCP
CERTIFIED
Varnam
Outdoor Caterers
Wedding Events
Memorable weddings just don't happen, they are planned
MARRIAGE CELEBRATIONS | COCKTAIL PARTIES | BETROTHAL |
BAPTISM | SCHOOL & COLLEGE FUNCTIONS
Pandal | Table & Chairs | Service Manpower | Reception Ladies | Tallman Securities
Stage Decorations | Flower Arrangements | Hydrogen Baloons |
Music & Entertainments | Video & Photography | Beautician
Opp. DCC Office, Nandavanam Road, Palayam, Trivandrum -33
0471 - 2320327, 98471 51999, Help Line > 98471 75111
E-mail : varnamcaterers@gmail.com | Web : www.varnamcateres.com

ANUGRAHABHAVAN RETREAT CENTRE
MENAMKULAM KAZHAKOOTAM
TRIVANDRUM ARCHDIOCESE

# അനുഗ്രഹ ഭവൻ

**തിരുവനന്തപുരം അതിരൂപത ധ്യാനകേന്ദ്രം**
**മേനംകുളം, കഴക്കൂട്ടം, തിരുവനന്തപുരം – 695582**







**അനുഗ്രഹ ഭവനിൽ ധ്യാനിക്കുവാനും ഒപ്പം കൺവൻഷനിൽ സംബന്ധിക്കുവാനും യേശു സ്നേഹപൂർവ്വം വിളിക്കുന്നു.**



## അനുഗ്രഹ ഭവൻ കൺവൻഷൻ 2023

**2023 ജനുവരി 12 മുതൽ 15 വരെ**
വൈകുന്നേരം 5 മണി
മുതൽ 9 മണി വരെ

നയിക്കുന്നത്:

**ഫാ. മാത്യു വയലമണ്ണിൽ CST**



## കുടുംബ വിശുദ്ധീകരണ ധ്യാനം

**2023 ജനുവരി 11 വൈകു. 4 മണി മുതൽ 16 രാവിലെ 8 മണി വരെ**

നയിക്കുന്നത്:

**അനുഗ്രഹ ഭവൻ ടീം**

**Rev. Fr. Varghese Joseph**
Asst. Director, Anugraha Bhavan

**Very Rev. Msgr. George Paul A**
Director, Anugraha Bhavan

**For Contact : +91 9446182707, +91 9809268650, +91 9345797638**

## കഥ



# ക്രിസ്തുമസ്നാളിലെ നാടകരാവുകൾ



എസ്.എൻ.റോയ്

**വ**ളരെ സചേതനവും അഭിമാനകരവുമായ
ഒരു നാടക പാരമ്പര്യം പുത്തൻതോപ്പ് എ
ന്ന ഞങ്ങളുടെ ഗ്രാമത്തിന് ഉണ്ടായിരുന്നു.
സമീപ പ്രദേശങ്ങളിലെ ഇതര മത്സ്യതൊഴി
ലാളി ഗ്രാമങ്ങൾക്കോ ഒരു കാലത്ത് ഞങ്ങ
ളെക്കാൾ ഉയർന്ന ജീവിതനിലവാരം പുലർ
ത്തിയിരുന്ന കിഴക്കൻ ഗ്രാമങ്ങൾക്കോ ഇങ്ങി
നെയൊരു പൈതൃകം അവകാശപ്പെടാനില്ലെ
ന്നതാണ് സത്യം. വായനയെ പരിപോഷി
പ്പിച്ചിരുന്നതോടൊപ്പം എന്നെങ്കിലുമൊരിയ്
ക്കൽ ഈ ഗ്രാമത്തിന്റെ ചരിത്രമെഴുതപ്പെടു
കയാണെങ്കിൽ അതൃധികം പ്രാധാന്യത്തോ
ടെ എഴുതിച്ചേർക്കേണ്ട ഒരു ചരിത്രഖണ്ഡം
കൂടിയാണ് ജയഹിന്ദ് എന്ന ഈ മഹാപ്ര
സ്ഥാനം. കേരളത്തിന്റെ പലഭാഗങ്ങളിൽനി
ന്നുമുള്ള അമച്വർ നാടക സംഘങ്ങളെ പ
ങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു നാടകമത്സരം ഒ
രുപാട് കാലം ഇവിടെ അരങ്ങേറി യിരുന്നു
വെന്നത് നിസ്സാരമായി കാണുവാനാകില്ല. ഏ
താണ്ട് പത്തുമുപ്പത് വർഷക്കാലത്തോളം അ
ത് നീണ്ടുനിന്നുവെന്നാണോർമ്മ.

കലണ്ടറിന്റെ താളുകൾ മാറിമറിഞ്ഞ്
വർഷാന്ത്യത്തിലെ ഡിസംബർ മാസത്തിലെ
ത്തുമ്പോഴാണ് ഞങ്ങളുടെ നാട് ഉണരുക.
ഗ്രാമത്തിന്റെ ഹൃദയാകാശത്തിൽ രാത്രി ന
ക്ഷത്രങ്ങളും മഞ്ഞും നിറഞ്ഞുതൂവുന്ന ഉ
ത്സവകാലം. ക്രിസ്മസ് ആഘോഷങ്ങളോട
നുബന്ധിച്ച് നാടാകെ കൈയ്മെയ് മറന്ന് ഒ
ന്നായിത്തീരുന്ന ലഹരി പിടിപ്പിക്കുന്ന നാളു
കൾ! പലപ്പോഴായി നാടുവിട്ടുപോയവർ മട
ങ്ങിയെത്തുന്നതും ഈ നാളുകളിലാണ്. നാ
ടിന്റെ നിലയ്ക്കാത്ത വിളി അവരെയെല്ലാം
ആവേശിച്ച് ഇങ്ങോട്ടേയ്ക്ക് കൂട്ടിക്കൊണ്ടുവ
രുകയാണ് എന്ന് പറയുന്നതാവും കൂടുതൽ
ശരി! ഈ ഗ്രാമത്തിൽ ജനിച്ചുവളർന്ന ഏ
തൊരാളും നാട്ടിലെത്താനാവാതെ പോയാൽ
ഏറ്റവും കൂടുതൽ ഗൃഹാതുരത്വവും നഷ്ട
ബോധവും അനുഭവിക്കുന്ന നാളുകളാണിത്.
അതുകൊണ്ടുതന്നെ എന്തെങ്കിലുമൊരു നി
വൃത്തിയുണ്ടെങ്കിൽ അവർ ഇവിടേയ്ക്ക് പറ

ന്നെത്തിയിരിക്കും.

ക്രിസ്മസിനായുള്ള ഒരുക്കങ്ങളും തയ്യാറെടുപ്പുകളുമൊക്കെ ആരംഭിക്കുവാൻ ഡിസംബറെങ്കിലും ആകണമെങ്കിൽ, നാടക പ്രവർത്തനങ്ങൾ ഒക്ടോബർ മാസം മുതൽ തന്നെ ആരംഭിച്ചിരിക്കും. നാട്ടിലെ അറിയപ്പെടുന്ന കലാകാരന്മാരൊക്കെ ഖദർമുണ്ടും ജുബ്ബയുമൊക്കെയണിഞ്ഞ് വായനശാലയുടെ മുന്നിലൂടെ തലങ്ങും വിലങ്ങും നടക്കാൻ തുടങ്ങും. പിന്നെ, പള്ളിമുറ്റത്തെ മരത്തണലിലിരുന്നു ദിവാസ്വപ്നങ്ങളിൽ മുഴുകും. നാട്ടിലെ കുടിയന്മാരുടെ മാത്രമല്ല, നാടക കലാകാരന്മാരുടെയും കൂടി കൊയ്ത്തുകാലമാണത്. ഗൾഫിൽ നിന്നും അവധിയ്ക്കെത്തുന്ന പുതുകുബേരന്മാരുടെ മടിശ്ശീലകൾ അവർക്കുമുന്നിൽ വല്ലാതെ ഉദാരമാകും. ചിലർ പണം കൊടുത്ത് സഹായിക്കുമ്പോൾ മറ്റുചിലർ ഓരോ നാടകത്തിലേയും നടിമാർക്കുള്ള ചെലവുകൾ മൊത്തമായങ്ങ് സ്പോൺസർ ചെയ്തുകളയും. അത്തരം ഇടപാടുകൾ നാടകത്തിന്റെ സുഗമമായ നടത്തിപ്പിന് വിഘാതമായിത്തീർന്ന അനുഭവങ്ങളുമുണ്ട്.

ക്രിസ്മസ് നാളുകൾ മറ്റു വിവിധ കലാപരിപാടികളാലും വർണ്ണാഭമായിരുന്നെങ്കിലും ഇന്ന് തിരിഞ്ഞു നോക്കുമ്പോൾ മനസ്സിൽ മായാതെ നിൽക്കുന്നത് ആ പഴയ നാടകരാവുകൾ തന്നെയാണ്. മഞ്ഞിൽ കുതിർന്ന് ഇടകലർന്നുയരുന്ന വറുത്ത കപ്പലണ്ടിയുടേയും ബീഡിപ്പുകയുടേയും ചുക്കുകാപ്പിയുടേയുമൊക്കെ ഗന്ധം. മണൽപ്പരപ്പിൽ പകലിന്റെ സൂര്യവെളിച്ചം അവശേഷിപ്പിച്ചുപോയ ഇളംചൂടേറ്റ് അലസമായി കിടന്ന് കോളാമ്പിയിലൂടെയെത്തുന്ന ചലച്ചിത്രഗാനങ്ങൾ ആസ്വദിക്കുന്ന പ്രണയബദ്ധരായ യുവതീയുവാക്കളും അവരുടെ സ്വൈരം കെടുത്തിക്കൊണ്ട് ആർത്തുവിളിച്ച് ചുറ്റിലും ഓടി നടക്കുന്ന വികൃതിക്കുട്ടികളും നാടക പ്രേമികൾ മാത്രമായ മുതിർന്നവരും. ടിവിയോ മറ്റു വിനോദോപാധികളോ ഒന്നുമില്ലാതിരുന്നതിനാൽ നാടകം തുടങ്ങുന്നതിനും വളരെ മുമ്പുതന്നെ എല്ലാവരും അവിടെയെത്തും. നാടകം തുടങ്ങുന്നതിന് മുമ്പുള്ള മണിക്കൂറുകളിൽ പേരൊന്നിന് അഞ്ചുപൈസായ്ക്ക് ഇഷ്ടഗാനങ്ങൾ ബുക്കുചെയ്യാനുള്ള സൗകര്യമുണ്ടായിരുന്നു. തങ്ങളുടെ മനസ്സിലെ പ്രണയവും മൗനാഭിലാഷങ്ങളുമൊക്കെ തിരഞ്ഞെടുത്ത പ്രണയഗാനങ്ങളിലൂടെ ഇണയെ അറിയിക്കുവാൻ ഈ വഴി അക്കാലത്ത് പലരും തിരഞ്ഞെടുത്തിരുന്നു. വായനശാലയോട് ചേർന്നുള്ള നാടകമൈതാനത്തിനപ്പുറമുള്ള പറങ്കിക്കാടുകൾ അരങ്ങിലെ നാടകങ്ങളെയും വെല്ലുന്ന ഒത്തിരിയൊത്തിരി പ്രണയോത്ക്കർഷങ്ങൾക്കും നഷ്ടപ്രണയങ്ങൾക്കുമൊക്കെ വിമൂകമായ് സാക്ഷ്യം വഹിച്ചിട്ടുമുണ്ട്.

ഗ്രാമത്തിലെ ഒരേയൊരു വായനശാലയായ ജയ്ഹിന്ദ് ലൈബ്രറിയുടെ ആഭിമുഖ്യത്തിലാണ് നാടകമത്സരങ്ങളും മറ്റ് ക്രിസ്മസ് ആഘോഷങ്ങളുമൊക്കെ സംഘടിപ്പിച്ചിരുന്നതെങ്കിലും ആദ്യകാലങ്ങളിൽ നാടകമത്സരം അരങ്ങേറിയിരുന്നത് പള്ളിക്ക് അഭിമുഖമായുള്ള സ്റ്റെല്ല മേരീസ് കോൺവെന്റ് പരിസരത്താണ്. അന്ന് അടച്ചുകെട്ടിയ മതിലുകളുണ്ടായിരുന്നത് കോൺവെന്റിനു മാത്രമാണ്. മതിൽക്കെട്ടിന് മുകളിലൂടെ അൽപ്പം കൂടി ഉയർത്തിക്കെട്ടിയ ഓലമറയും ചാടിക്കടന്ന് ടിക്കറ്റെടുക്കാതെ നാടകപ്പറമ്പിനുള്ളിൽ പ്രവേശിച്ച ഒരു കൗമാരക്കാരനെ സംഘാടക പ്രമാണിമാരിലൊരാൾ കുനിച്ചിരുത്തി പൊതിരെ തല്ലുന്നതാണ് നാടകകാലവുമായി ബന്ധപ്പെട്ട എന്റെ ആദ്യത്തെ ഓർമ്മ. നല്ല തല്ലുകൊടുത്തെങ്കിലും അവനെ അയാൾ അവിടെനിന്നും പുറത്താക്കിയിരുന്നില്ല എന്നത് പ്രത്യേകം ഓർക്കുന്നു. അങ്ങിനെ തല്ലുകൊണ്ടും ഇല്ലാത്ത പണമുണ്ടാക്കി യുമൊക്കെ കൊടുംമഞ്ഞ് സഹിച്ചും ഉറക്കമിളച്ചും എങ്ങിനെയും നാടകങ്ങൾ കാണുകയെന്നത് അക്കാലത്തെ ഞങ്ങളുടെയൊരു ജീവിതവ്രതം തന്നെയായിരുന്നു.

മലയാളനാടകവേദിയിലുണ്ടായ മാറ്റങ്ങൾ നാട്ടിൽ അരങ്ങേറുന്ന നാടകങ്ങളിലും പ്രകടമായി. പഴഞ്ചൻ നാടക സങ്കേതങ്ങളിൽ നിന്നും മാറി തനത് പരീക്ഷണ നാടകങ്ങളിലേക്കും റിയലിസ്റ്റിക് നാടക സങ്കേതങ്ങളിലേക്കുമുള്ള രൂപപരിണാമങ്ങൾക്ക് ഈ മത്സരവേദിയും സാക്ഷിയായി.



വീട്ടുമുറ്റത്തെ ഈ നാടക സംസ്കാരം നാട്ടുകാരായ ഞങ്ങളിലും കാതലായ പല മാറ്റങ്ങളുമുണ്ടാക്കി. ആദ്യകാലങ്ങളിൽ മുടങ്ങാതെ നാടകങ്ങൾ കാണുകയെന്നുള്ളതല്ലാതെ നാടക അവതരണത്തിലുള്ള ഞങ്ങളുടെ പങ്കാളിത്തം നാമമാത്രമായിരുന്നു. കാലക്രമേണ ഓരോ വർഷവും ഓരോ നാടകങ്ങളെങ്കിലും നാടിന്റെ വകയായി അരങ്ങിലെത്താൻ തുടങ്ങി. പിന്നെയത് ഓരോ നാടകങ്ങൾ എന്നതിൽനിന്ന് ചിലപ്പോഴൊക്കെ രണ്ടുംമൂന്നും നാടകങ്ങൾവരെയാകാൻ തുടങ്ങി. കാവാലത്തെയും ജി.ശങ്കരപിള്ള സാറിനെയുംപോലുള്ള നാടകപ്രതിഭകളുടെ നേതൃത്വത്തിൽ നാടകക്കളരികളും നാടകക്യാമ്പുകളുമൊക്കെ സംഘടിപ്പിക്കപ്പെട്ടു. നാടകങ്ങൾ മനസ്സിരുത്തി കാണാൻ കൂട്ടാക്കാതെ, കിടന്നുറങ്ങുകയും ഉറക്കപ്പിച്ചിൽ കൂക്കിവിളിച്ചും നടന്നവർപോലും ഇത്തരം നാടകക്കളരികളിൽ പങ്കെടുക്കാനും നാടക രംഗത്തെ നവഭാവുകത്വങ്ങളെ അടുത്തറിയാനും ശ്രമിച്ചു. ക്രിസ്മസ് കാലത്ത് സ്വന്തം നാട്ടുകാരുടെ മുന്നിൽ എങ്ങിനെയൊരു നാടകമവതരിപ്പിച്ച് ശ്രദ്ധനേടാമെന്നതായി നാട്ടിലെ തലയ്ക്ക് വെളിവുള്ള ഏതൊരു ശരാശരി ചെറുപ്പക്കാരന്റെയും സ്വപ്നം. വർഷങ്ങളായി സ്ക്രിപ്റ്റ് സമർപ്പിച്ച് മടുത്ത് പരിഗണിക്കാതെ വന്നപ്പോൾ ഇപ്രാവശ്യമെങ്കിലും തന്റെ നാടകം പരിഗണിച്ചില്ലെങ്കിൽ വായനശാലയുടെ ഉത്തരത്തിൽ തൂങ്ങിമരിക്കുമെന്ന് സംഘാടകരെ ഭീഷണിപ്പെടുത്തിയ അവശകലാകാരന്മാർവരെ ഞങ്ങളുടെ നാട്ടിലുണ്ടായിരുന്നു. കോൺവെന്റ് പരിസരത്തുനിന്നും എൽ.പി സ്കൂൾ വഴി കറങ്ങിത്തിരിഞ്ഞ് ഏറ്റവുമൊടുവിൽ വായനശാലയ്ക്ക് പിന്നിലെ സമ്പൂർണ്ണ ഓലമറയ്ക്കുള്ളിലേക്ക് നാടകമത്സരമെത്തി. കയ്യിൽ കാശുണ്ടെങ്കിലും ഓലമറയിൽ വിള്ളലുണ്ടാക്കി ഒളിഞ്ഞ് നാടകം കാണുകയെന്നത് കുട്ടികളിൽ ചിലർക്ക് ഒരു ലഹരിയായിരുന്നു. എന്നാൽ അവർ പലപ്പോഴും ചൂരലിന്റെ രുചിയറിഞ്ഞു. ഹെന്റ്മി എന്ന് പേരായ ഒരാൾ കുട്ടികളുടെ പേടിസ്വപ്നമായി കയ്യിലൊരു ചൂരലുമായി ഏതു നിമിഷവും പ്രത്യേക്ഷപ്പെടാം. മൈക്ക്സെറ്റുകാരനെ സഹായിക്കുക, നാടകക്കാർക്ക് കാപ്പിയെത്തിക്കുക തുടങ്ങിയ ചുമതലകളുംകൂടി സ്വമേധയ, ഏറ്റെടുത്തിരുന്നതിനാൽ അയാൾ മിക്കപ്പോഴും തിരക്കിലായിരിക്കും. എങ്കിലും ഒളിഞ്ഞു നാടകം കാണുന്ന കുട്ടികൾ ഒരു കണ്ണ് നാടകത്തിനും മറ്റൊരു കണ്ണ് ഹെന്റ്മിക്കിനുമായി കരുതിവയ്ക്കും. കുട്ടികളോട് ഒരു കരുണയുമില്ലാതിരുന്ന അവിവാഹിതനായ അയാൾ വായനശാലയേയും അതിന്റെ പ്രവർത്തനങ്ങളേയും തന്റെ ജീവനക്കാളേറെ സ്നേഹിച്ചിരുന്നു.

നല്ല നിലാവുള്ള ഒരു രാത്രിയിൽ നാടകം കാണാനെത്തിയ ആളുകൾ പലപ്പോഴുമെന്നപോലെ നിരാശരായി... ദൂരെയെവിടയോനിന്നും വന്ന ഒരു നാടകസമിതിയുടെ ബോറൻ നാടകം! സൊറപറഞ്ഞും ഉറക്കം തൂങ്ങിയും അവർ നേരം കഴിയ്ക്കുകയായിരുന്നു. അപ്പോഴാണ് പുറത്ത് ബഹളം കേൾക്കുന്നത്. കടൽ വല്ലാതെ ക്ഷോഭിച്ചിരിക്കുകയാണെന്നും തീരത്തേയ്ക്ക് വെള്ളം അടിച്ചു കയറുകയാണെന്നും ആരോ വന്ന് അറിയിക്കുകയായിരുന്നു. നാടകവും ഉറക്കച്ചടവുമെല്ലാം കുടഞ്ഞെറിഞ്ഞ് ആളുകൾ പലരും കടപ്പുറത്തേയ്ക്കോടി. വല്ലാത്തൊരു മായക്കാഴ്ചയായിരുന്നു അവരെ അവിടെ കാത്തിരുന്നത്. കടലിനിപ്പുറം നിലാവിൽ തിളങ്ങുന്ന മറ്റൊരു കടൽ! തീരത്തുവെച്ചിരുന്ന വള്ളവും കട്ടമരവുമെല്ലാം വെള്ളത്തിലൂടെ ലക്ഷ്യമില്ലാതെ ഒഴുകി നടക്കുന്നു. അവിടവിടെയായ് അഴിഞ്ഞുലഞ്ഞ വലകളും മറ്റും ചിതറിക്കിടക്കുന്നുണ്ട്. വള്ളവും വലയുമൊന്നും സ്വന്തമായില്ലാതിരുന്നവർക്ക് അതൊക്കെ ഒരു വിനോദക്കാഴ്ചയായിരുന്നെങ്കിൽ അതിന്റെ ഉടമകൾക്ക് പക്ഷേ അങ്ങിനെയല്ലല്ലോ. അവർ പരിഭ്രാന്തരാവുകയും ഓടിനടന്ന് വള്ളങ്ങൾ പിടിച്ചുകെട്ടു കയും വലകൾ തെരിച്ചെടുത്ത് വാങ്ങിവയ്ക്കാനും തുടങ്ങി. ഞങ്ങളിൽ ചിലർ നിലാവ് വീണുകിടക്കുന്ന മൊട്ടക്കുളത്തിലൂടെ തൊട്ടുചാരെയെത്തിയ ക്രിസ്മസ് രാത്രിയും സ്വപ്നം കണ്ട് വീടുകളിലേയ്ക്ക് നടന്നു.

കടുത്ത മഞ്ഞുവീഴ്ചയുണ്ടായിരുന്ന കാലമാണല്ലോ അത്. സ്ഥിരമായി നാടകങ്ങൾ കാണുന്നവർക്ക് ക്രിസ്മസ് നാളുകളാവുമ്പോൾ തൊണ്ടയടപ്പും ചുമയുമൊക്കെ പിടിപെടും. എങ്കിലും അതൊന്നും അവരുടെ ആഘോഷവേളകളുടെ മാറ്റു കുറയ്ക്കാൻ പര്യാപ്തമായിരുന്നില്ല. ശാരീരികമായ അത്തരം വല്ലായ്മകൾ നാടിനുവേണ്ടിയുള്ള സ്വയം സമർപ്പണത്തിന്റെ ഭാഗമായികണ്ട് അവരെല്ലാം അഭിമാനിച്ചിരുന്നു. ചിലർ കുറച്ചുകാലംകൂടി തങ്ങളുടെ മനസ്സിനെ മദിച്ച നാടകങ്ങളിലെ സംഭാഷണങ്ങൾ ഉരുവിട്ടുനടക്കും. മറ്റുചിലർ തങ്ങളുടെ ഹൃദയത്തിൽ ചേക്കേറിയ ഇഷ്ടഗാനങ്ങൾ വെറുതെ മൂളിക്കൊണ്ടിരിക്കും.

ചമയക്കോലങ്ങളും കുപ്പിവളക്കിലുക്കങ്ങളുമായി വിരുന്നുവന്ന് പൊട്ടിച്ചിരികളാലും തേങ്ങിക്കരച്ചിലുകളാലും നാടിനെ പ്രകമ്പനം കൊള്ളിച്ച നാടകരാവുകൾ മാഞ്ഞുപോയെങ്കിലും ആ പാരമ്പര്യം അവശേഷിപ്പിച്ചുപോയ ധിഷണയുടെ നാമ്പുകൾ ഇപ്പോഴും സജീവമാണ്. നാടകമെന്ന കലാരൂപത്തെ ജീവിത സപര്യയാക്കി മാറ്റുകയും പിൽക്കാലത്ത് സിനിമതാരവുമായി മാറിയ ശ്രീ. അലൻസിയറിനെപ്പോലുള്ള കലാകാരന്മാരും അരങ്ങിന്റെ വെള്ളിവെളിച്ചം നെഞ്ചിലേറ്റി മൺമറഞ്ഞു പോയ ശ്രീ. ഗാർനെറ്റ് ഡിക്രൂസ് എന്ന അഭിനേതാവും ആ കാലത്തിന്റെ സംഭാവനകളാണ്. നാടകാന്തം, കുറിയ്ക്കുകൊള്ളുന്നതും നർമ്മത്തിൽ പൊതിഞ്ഞതുമായ ജഡ്ജ്മെന്റുകളുമായെത്തിയിരുന്ന വില്ലിംങ്ടൺ ഡിക്രൂസിന്റെ നാടകവിലയിരുത്തലുകൾ കേൾക്കുകയെന്നതും അക്കാലത്തെ പ്രധാന കൗതുകങ്ങളിലൊന്നായിരുന്നു. ആളും ആരവങ്ങളുമടങ്ങിയ പൂരപ്പറമ്പുപോലെ അനാഥമായി കിടക്കുന്ന വായനശാലാ പരിസരം കാണുമ്പോൾ മനസ്സിലിന്നും വെളിച്ചംവിതറി നിൽക്കുന്ന ആ നാടകരാവുകൾ ഓർമ്മയിലെത്തും. അന്ന് കേട്ടുമറന്ന ആ പഴയ ചലച്ചിത്ര ഗാനങ്ങൾ മനസ്സിൽ അലയടിക്കുന്നതായി അനുഭവപ്പെടും. ■

# രണ്ട് കവിതകൾ



## ഉപ്പ്

വെള്ളത്തിലിട്ടാൽ
അലിഞ്ഞു പോകുന്നവൻ
കടലിൽ നിന്നും പിറവിയായവൻ
നമുക്കേവർക്കും രുചിച്ചു
നുണയാൻ മരിച്ചു പോകുന്നവൻ

## കണ്ണ്

മിഴികൾ ഭംഗിയുള്ള വാക്ക്
പ്രകൃതി തൻ കാഴ്ചകൾ
കാണാൻ ഈശ്വരൻ തന്ന ടോർച്ച്

മാൻകൂട്ടത്തെ,
പറക്കുന്ന പക്ഷിയുടെ തൂവലുകളെ
തലകീഴായി വിശ്രമിക്കുന്ന വാവലുകളെ
വണ്ടുകളുടെ കറുപ്പിനെ
കൊതുകുകളുടെ രക്തപ്പാടുകളെ
മഴക്കാലത്തെ ഈച്ചകളുടെ കബഡികളിയെ

എത്ര നിറങ്ങളെ
കണ്ണ് എന്ന മെഷീൻ ഒപ്പിയെടുക്കുന്നു
ചിലതിനെ സൂക്ഷിക്കുന്നു
ചിലതിനെ മറക്കുന്നു
കണ്ണ് വിളക്കാണെന്ന്
വിശുദ്ധൻമാർ പറയുന്നു
'ഞാൻ തന്നെ വിളക്കല്ലേ'



എയ്ഞ്ചൽമരിയ സുരേഷ്

ലേഖനം



# ബെത്‌ലെഹേമിലെ ദൈവാനുഭവങ്ങൾ



ബ്ര. ജോഷൻ ജെ.എസ്.

തീയതി: ഡിസംബർ 24, സ്ഥലം: ഇടവകപ്പള്ളി, സമയം: അർധരാത്രി 11.45 പള്ളിപരിസരം മുഴുവൻ ദിപാലംകൃതമായ നക്ഷത്രവിളക്കുകൾ, രക്ഷകനെ കാത്തിരിക്കുന്ന പുൽക്കൂട്, പടുകൂറ്റൻ ക്രിസ്മസ്ട്രീ, പുത്തനുടുപ്പിട്ട് കുർബാനയ്ക്കണെയുന്ന വിശ്വാസി സമൂഹം.

ദിവ്യബലി ആരംഭിച്ചതിനുശേഷം ഏവരും കാത്തിരുന്ന ആ ധന്യനിമിഷം എത്തി. 'അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം ഭൂമിയിൽ സന്മനസ്സുള്ളവർക്ക് ശാന്തി, ദൈവാലയ മണികൾ ഏവരെയും സന്തോഷം അറിയിക്കുന്നു. മോടി കൂട്ടാൻ എന്തൊക്കെ ചെയ്യാനാകും അതൊക്കെ ചെയ്യുന്ന തിരക്കിലാണ് ഓരോരുത്തരും. ദിവ്യബലി കഴിഞ്ഞ് പ്രദക്ഷിണം. തുടർന്ന് ഒരു കുടുംബമായ ഇടവകസമൂഹത്തിന്റെ കേക്ക്മുറിക്കൽകൂടി കഴിയുമ്പോൾ ക്രിസ്മസ് ആഘോഷങ്ങൾക്ക് സമാപനമായി. ആർഭാടം വർധിപ്പിക്കുന്നതിന്റെ തിരക്കിട്ട ജോലികളിലാണ് നാം മുഴുകിയിരിക്കുന്നത്. റെക്കോർഡുകൾ പൊട്ടിക്കാൻ പള്ളിക്ക് മുൻവശം ഉയർത്തുന്ന സാന്താക്ലോസുകളും സമൂഹമാധ്യമങ്ങളിൽ ഇടം പിടിക്കാൻ നിർമ്മിക്കുന്ന കൊട്ടാരത്തിന് തുല്യമായ പുൽക്കൂടുകളും വർഷങ്ങളുടെ എണ്ണമനുസരിച്ച് ദൈവാലയത്തിനുപുറത്ത് തൂക്കുന്ന നക്ഷത്രങ്ങളുംകൊണ്ട് ദൈവം സന്തോഷിച്ചോ എന്ന് ഒരിക്കൽപ്പോലും നാം ചോദിക്കുന്നില്ല. ഇവയെല്ലാം ചിലർക്കെങ്കിലും ഖ്യാതി വർധിക്കുമെങ്കിലും ദൈവത്തിനുമുമ്പിൽ ഒന്നുമല്ല. അവന് സാധ്യതകളേറെയായിരുന്നു. എന്നാൽ അവൻ പിറന്നത് പുൽക്കൂട്ടിലും. കാലിത്തൊഴുത്ത് തേടിയുള്ള യാത്രയാണ് ഓരോ ക്രിസ്മസും. ലോകരക്ഷകന്റെ പിറവി വൈക്കോൽപ്പരപ്പിലായിരുന്നു. നിലാവും, നക്ഷത്രവും, റാന്തൽ വെളിച്ചവുമായിരുന്നു ഇരുളിനെ നീക്കം ചെയ്തത്. ദരിദ്രനായ ആട്ടിടയന്മാരുടെ കമ്പിളിക്കീറുകളാണ് ദിവ്യശിശുവിന്റെ തണുപ്പകറ്റിയത്...

പാതിരാനിലാവിന്റെ നിറഞ്ഞ നിശബ്ദതയിൽ, ആത്മവിനയത്തിന്റെ ഏകാന്ത മുഹൂർത്തത്തിൽ സ്വർഗം ഭൂമിയെ ചുംബിച്ചു. ഭൂമിയിലെ ശാന്തസ്വഭാവികളും നിരുപദ്രവകാരികളുമായവർ ആ തിരുപ്പിറവിക്ക് സാക്ഷ്യം വഹിച്ചു. മരംകോച്ചുന്ന തണുപ്പിൽ ബെത്‌ലഹേമിലെ കുന്നിൻ ചരുവിൽ തീകൂട്ടി ഉറക്ക

മൊഴിച്ചിരുന്ന കുറേ ഇടയന്മാർക്കാണ് രക്ഷാകരസംഭവം ആദ്യമായി വെളിപ്പെട്ടത്. ദൈവിക സ്വരം കേട്ടാൽ അത് തിരിച്ചറിയുവാനും ഉടനെ അനുസരിക്കുവാനും പരിശീലിച്ചവരായിരുന്നു അവർ.

"ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു, ഇന്ന് ജനിച്ചിരിക്കുന്നു." (ലൂക്ക. 2:11). എന്ന സദ്വാർത്ത ദൈവദൂതൻ അരുൾ ചെയ്തപ്പോൾ അരുളപ്പാടിന്റെ അർത്ഥം മനസ്സിലാക്കിയെടുക്കാൻ വചന വ്യാഖ്യാനത്തിന്റെ സാങ്കേതിക ഉപകരണങ്ങൾകൊണ്ട് ബുദ്ധിയുടെ അറകളിൽ പരതി സമയം കളയാതെ അവർ പരസ്പരം പറഞ്ഞു: "നമുക്ക് ബെത്‌ലേഹെം വരെ പോകാം." (ലൂക്ക. 2:15).

കാഴ്ചകൾ സമർപ്പിച്ച് ആരാധനയോടെ ലോകരക്ഷകനായ ദിവ്യപൈതലിനെ ഉറ്റുനോക്കിയ ഇടയന്മാർക്ക് അത്ഭുതം ദർശിക്കാൻ കഴിഞ്ഞു. മിഴിപൂട്ടി സ്വർഗത്തിന്റെ കിനാക്കളിൽനിന്ന് ഇനിയും ഉണരാത്ത ദൈവത്തിന്റെ ഉണ്ണി!... ആകാശവും, നക്ഷത്രജാലങ്ങളും, കൈവെള്ളയിലൊതുക്കുന്നവനായിട്ടും ഇപ്പോൾ അവൻ രാത്രിയുടെ നിഴൽകൊണ്ട് തൃപ്തിയടയുന്നു. സൂര്യനുടയവനായിരുന്നിട്ടും തണുത്തുവിറച്ചുകിടക്കുന്നു... ലോകം മുഴുവൻ സ്വന്തമായുള്ളവൻ കാലിത്തൊഴുത്തിൽ... വിസ്മയിപ്പിക്കുന്ന ഈ വൈരുധ്യങ്ങളെല്ലാം ദൈവിക ഇടപെടലുകളായി സ്വാംശീകരിച്ച ഇടയന്മാർക്ക് ദിവ്യഉണ്ണിയുടെ ദർശനം ദൈവാനുഭവമായി മാറി.

ക്രിസ്മസ് ദൈവാനുഭവമാക്കി മാറ്റിയ മറ്റൊരു കൂട്ടരാണ് ജ്ഞാനികൾ. പ്രപഞ്ച സത്യങ്ങളെപ്പറ്റിയുള്ള അറിവുകൾ ലഭ്യമായിരുന്നിട്ടും സത്യത്തിന്റെ കുത്തക തങ്ങളുടെ മസ്തിഷ്കത്തിൽ ഒതുങ്ങി നിൽക്കുന്നു എന്നവർ കരുതിയില്ല. അവിചാരിതമായി കണ്ട നക്ഷത്രം ഇനിയും കണ്ടെത്തുവാനുള്ള സത്യത്തിന്റെ ചൂണ്ടുപലകകളായി അവർക്കനുഭവപ്പെട്ടു. ദൂരദേശങ്ങളിലേക്ക് അവർ യാത്രയായി. സത്യം തേടിയുള്ള ആ യാത്ര അവരെ ദൈവസന്നിധിയിൽ കൊണ്ടെത്തിച്ചു.

പാണ്ഡിത്യവും അധികാരവുമെല്ലാം അന്വേഷണത്തിന്റെ ഒടുക്കമായും സത്യത്തിന്റെ കബറായും മാറുന്നത് നാമീ ലോകത്തിൽ കണ്ടുകൊണ്ടിരിക്കുന്നു. അധികാരഗർവ്വാൽ വാണ ഹെറോദേസിന് രക്ഷകനെ കാണാനായില്ലെന്നുമാത്രമല്ല, രക്ഷകന്റെ ആഗമനം പരിഭ്രാന്തനാക്കുകയും ചെയ്തു. സ്വന്തം നേട്ടങ്ങളിലഹങ്കരിക്കുന്നവൻ പ്രകാശിക്കുവാൻ തുടങ്ങുന്ന ദീപത്തെ കെടുത്തുന്നവരായി പരിണമിക്കുന്നു. ദൈവത്തെപ്പറ്റിയുള്ള അറിവ് അന്വേഷണമായും അന്വേഷണം അറിവായും മാറുമ്പോൾ മാത്രമാണ് ക്രിസ്മസ് ദൈവാനുഭവമായി തീരുന്നത്. നമ്മുടെ ക്രിസ്മസ് ആഘോഷങ്ങളിലെ ആർഭാടങ്ങൾ കൂടുന്നതല്ലാതെ വേറേത് മാറ്റമാണ് സംഭവിക്കുന്നത്? അവിടെയാണ് ഈ ചോദ്യം പ്രസക്തമാകുന്നത്; "ആയിരം പുൽക്കൂടുകളിലുണ്ണി പിറന്നാലും നിന്റെ ഹൃദയത്തിൽ ഉണ്ണി പിറക്കുന്നില്ലെങ്കിൽ നിനക്കെന്തു ക്രിസ്മസ്".

നാം പടുത്തുയർത്തുന്ന ചക്രവാളസീമകളിലും, ആർഭാടങ്ങളിലും ദൈവപുത്രന് പിറവിയെടുക്കാൻ സാധിക്കുന്നില്ല. നമുക്കിടയിൽ സന്മനസ്സുള്ളരുടെ എണ്ണം കുറഞ്ഞുവരുന്നു. പകയും സ്വാർത്ഥതയും അന്ധവിശ്വാസങ്ങളും കൊല്ലും കൊലയും ക്രൂരതയും മനുഷ്യമനസ്സുകളുടെ മുഖമുദ്രയായി മാറുന്നു. കെട്ടിപ്പൊക്കുന്ന കൂറ്റൻ കൊട്ടാരങ്ങൾക്കുള്ളിൽ എങ്ങനെ ക്രിസ്തുവിന് പിറവിയെടുക്കാൻ സാധിക്കും?

ആർഭാടങ്ങളിലും അലങ്കാരങ്ങളിലും മാത്രം ഒതുങ്ങിനിൽക്കുന്ന നമ്മുടെ ക്രിസ്മസ് ആഘോഷങ്ങളിൽനിന്ന് തികച്ചും വ്യത്യസ്തമായിരിക്കട്ടെ ക്രിസ്മസ്. തിരിച്ചറിവിന്റേതും അവബോധത്തിന്റേതുമാകണം ക്രിസ്മസ്. എളിമയുള്ള ഹൃദയങ്ങൾക്കുപകരിക്കുന്ന രക്ഷയുടെ സന്ദേശങ്ങൾ, സഹോദരന് അഭയമേകുമ്പോൾ ലഭിക്കുന്ന സമാധാനവും, സംതൃപ്തിയും, ദൈവീക സ്വരങ്ങൾക്ക് പ്രത്യുത്തരം നൽകുമ്പോൾ ലഭിക്കുന്ന ദൈവാനുഭവം, എല്ലാം ക്രിസ്തുമസിലെ തിരിച്ചറിവുകളാണ്. ഈ തിരിച്ചറിവുകളിലൂടെ പുതിയൊരു ആകാശവും പുതിയൊരു ഭൂമിയും ലക്ഷ്യമാക്കി നമുക്ക് ആത്മീയ ജൈത്രയാത്ര ആരംഭിക്കാം. ■

## കവിത

# യേശുനാഥാ...



**അശ്റഫ് കല്ലോട്**

കുറവുകളെല്ലാം നിറവുകളാക്കി
നീയെന്നെ കൈപിടിച്ചുയർത്തണമേ
സ്നേഹഗായകാ ലോകനായകാ
ശ്രേഷ്ഠ ശില്പിയാം സ്നേഹനാളമേ

കണ്ണീർ തുടയ്ക്കെന്റെ കാരുണ്യമേ
കദനം കേൾക്കെന്റെ സാന്ത്വനമേ
അകം നിറഞ്ഞവനേ യേശുനാഥാ
കരംപിടിച്ചവനേ ലോകനാഥാ

പുൽക്കൂട്ടിൽ പിറന്ന സ്നേഹമല്ലോ നീ
ബത്‌ലഹേം മുഴക്കിയ നാദവും നീ
കഠിനമാം കഥയുടെ പീഡിതയന്ത്യമേ
നിൻനാമമോർക്കുന്നുവെന്നും ഞങ്ങൾ

വിശ്വം മുഴക്കിയ ക്രൂശിത നാമമേ
നിൻനാമമോർക്കുന്നു ഞങ്ങൾ
സർവ്വം സ്തുതിക്കുന്ന കാരുണ്യദീപമേ
നീയെൻ നോവുകൾ തീർത്തിടണേ.

## സിനിമ




# അപ്പൻ എന്ന സിനിമയും അലൻസിയർ എന്ന നടനും

**റി**യലിസ്റ്റിക് ചിത്രത്തിന്റെ പ്രമേയത്തിലൂടെ കാണികളെ ആകാംക്ഷയുടെ പടികൾ ചവിട്ടിക്കയറാൻ പ്രേരിപ്പിക്കുന്ന റിജുവും സുശക്തവുമായ കഥാഘടനയാണ് ‘അപ്പൻ’ എന്ന സിനിമയെ മുന്നോട്ടുനയിക്കുന്നത്. പുരുഷ മേധാവിത്വം തഴച്ചു വാഴുന്ന കേരളീയ സംസ്കാരത്തിന്റെ വൈകൃതം പേറുന്ന ഒരു കുടിയേറ്റ കർഷക കുടുംബത്തിലെ കുടുംബനാഥനായ ഇട്ടിക്ക് വീട്ടിലെ സഹജീവികൾ, തന്നെ അനുസരിക്കേണ്ട വെറും ഏഴാംകൂലികളായ ഭൃത്യർ മാത്രം. ഒന്നുകിൽ തന്റെ അഭിനിവേശങ്ങൾക്കും കാമനകൾക്കും കൂട്ടുനിൽക്കാം അല്ലാച്ചാൽ വീടുവിട്ടിറങ്ങാം എന്ന ധാർഷ്ഠ്യം, അരയ്ക്ക് താഴെ തളർന്ന് കിടക്കുമ്പോഴും ഇട്ടി (അലൻസിയർ) എന്ന കഥാപാത്രം, ഈ അവസ്ഥയിൽപോലും തിരുത്തലുകൾക്ക് ലേശംപോലും സ്ഥാനം നൽകാതെ മുന്നേറുമ്പോൾ കാണികൾക്ക് ഈ രംഗങ്ങൾ അസ്വസ്ഥയോടെ മാത്രമേ കണ്ടിരിക്കാൻ കഴിയു. പക്ഷേ, ആ അസ്വസ്ഥതയിലും പ്രേക്ഷരെ മുന്നോട്ടു നയിക്കുന്നത് ഇനിയെന്ത് എന്ന ആകാംക്ഷയാണ്. നാട്ടുകാരും വീട്ടുകാരും ശത്രു പക്ഷത്തുണ്ടായിരിക്കുമ്പോൾ ആരായിരിക്കും ഇട്ടിയുടെ അന്തകനാകുന്നതിലുള്ള ആകാംക്ഷ. ഇട്ടിയുടെ മകനായ ഞൂഞ്ഞുവോ? അതോ ഇട്ടിയുടെ ജാരസന്തതിയായ ജോൺസണോ? അതുമല്ലെങ്കിൽ സഹികെട്ട ഭാര്യ കുട്ടിയമ്മയോ? ഇവരല്ലെങ്കിൽ പിന്നെയാര്? ഇവരിലൂടെ ഉത്തരം തേടുകയാണ് ആസ്വാദകർ.

സ്നേഹമെന്ന വികാരത്തിന്റെ ചോദന ആ കുടുംബത്തെ സമാധാനത്തിലേക്കു നയിക്കേണ്ടതായിരുന്നു. പക്ഷേ, ഇട്ടിയുടെ തോന്നിവാസങ്ങൾ ആ വീട്ടിൽ സ്നേഹ നിരാസവും അതു വഴി അസമാധാനവും വരുത്തിവയ്ക്കുന്നു.

ഭാര്യയോ (പോളി വിത്സൻ) മകനോ (സണ്ണി വെയ്ൻ) മരുമകളോ (അനന്യ) പലപ്പോഴും നിസ്സഹായതയോടെയാണ് ഈ അവസ്ഥയെ തരണം ചെയ്യുന്നത്. വയസ്സായതിന്റെ പേരിൽ ഭാര്യയെ അവജ്ഞയോടെ മാത്രം കാണുന്ന അയാളെ പരിചരിച്ച് കഴിയാമെങ്കിലും, തന്റെ




**എ.അനിൽകുമാർ, അഞ്ചുതെങ്ങ്**

കാമനയുടെ പൂർത്തി കരണത്തിന് അതേ പറമ്പിൽ മറ്റൊരു യുവതിയായ ഷീലയെ (രാധിക) കൊണ്ടുവന്നു വീടുവച്ചു താമസ്സിപ്പിക്കുമ്പോൾ ഏതു ഭാര്യക്കാണ് അതു കണ്ടു നിൽക്കാൻ കഴിയുക. പോരാത്തതിന് ഇതു കാരണം അയൽക്കാരികളായ ഗീതയുടെയും സംഗീതയുടെയും കുത്തുവാക്കുകളും പേറുന്ന കുട്ടിയമ്മ ആത്മഹത്യയിലേക്ക് നീങ്ങുമോ? പക്ഷേ, ജീവിതം ജീവിച്ചു തന്നെ തീർക്കണമെന്ന വാശി കൂട്ടിയമ്മയെ ആ ഉദ്യമത്തിൽ നിന്ന് പിൻതിരിപ്പിക്കുമോ?

സ്വതേ കിടപ്പു രോഗികളോട് സമൂഹത്തിന് ഒരു സഹാനുഭൂതിയും കാരുണ്യവുമൊക്കെ തോന്നുക സ്വാഭാവികമാണ്. പക്ഷേ, ഇതിലെ അപ്പൻ എന്ന കഥാപാത്രം മുമ്പ് ചെയ്തുകൂട്ടിയ പാപക്കറ മലപോലെ മായാതെ നിൽക്കുമ്പോഴും, ഈ കിടപ്പിലും കാണിക്കുന്നതും പറയുന്നതും ചെയ്യുന്നതുമായ വിക്രിയകൾക്ക് ഓരോ പ്രേക്ഷകനും ഈ ഇട്ടിയെ അങ്ങേയറ്റം വെറുക്കാനല്ലാതെ സ്നേഹിക്കാൻ കഴിയില്ലെന്നു പറയാം. ഇട്ടി എന്ന കഥാപാത്രത്തെ എത്രയും വേഗം കാലൻ തലോടിയെങ്കിൽ എന്നു പോലും ആഗ്രഹിച്ചു പോകും. ഒരു പക്ഷേ, അതു തന്നെയാണ്. അലൻസിയർ എന്ന നടന്റെ വിജയവും. എന്നാൽ ഇതു പോലുള്ള ആൾക്കാരെ സമൂഹത്തിന് ഒരു പാഠമായി നിലനിർത്തുന്നതും വിധി വൈപരീത്യം തന്നെ. ഇട്ടിയെന്ന കഥാപാത്രത്തിന് നൽകിയ ഡയലോഗുകളും, ഭാവ ചേഷ്ഠകളും, ഇടയ്ക്ക് വരുന്ന തെറിവാക്കുകൾ പോലും, കഥയും സിനിമയും ആവശ്യപ്പെടുന്നതാണ്. ഇട്ടി എന്ന കേന്ദ്ര കഥാപാത്രത്തെ അവതരിപ്പിക്കുന്ന അലൻസിയർ എന്ന നടൻ, തന്റെ അപാരമായ കഴിവിൽ നിറഞ്ഞാടുകയാണ് സിനിമയിൽ. ഒരുപക്ഷേ, അദ്ദേഹത്തിനുവേണ്ടി സൃഷ്ടിച്ച കഥാപാത്രമായി തോന്നിപ്പോകും. കഥാപാത്രങ്ങൾ ചിലപ്പോഴൊക്കെ ഒരു നടനിൽ പരകായം പ്രാപിക്കുക സ്വാഭാവികം. ആ കഥാപാത്രമായി അലൻസിയർ ഇതിൽ ജീവിക്കുകയാണെന്ന് തോന്നും. അലൻസിയർ എന്ന നടന്റെ അഭിനയ ജീവിതത്തിന്റെ ഗ്രാഫ് ഉയർത്തുന്ന കഥാപാത്രമാണ് 'അപ്പൻ'.

മകനായും ആബേൽ എന്ന ആറു വയസുകാരന്റെ അപ്പനായും വിരുദ്ധ ഭാവങ്ങൾ തന്മയത്തത്തോടെ അവതരിപ്പിക്കുന്ന ഞൂഞ്ഞു എന്ന കഥാപാത്രത്തിലൂടെ സണ്ണി വെയ്ൻ എന്ന നടന്റെ കഴിവും ഈ ചിത്രത്തിൽ മാറ്റുരക്കുന്നുണ്ട്.

സ്ത്രീത്വത്തിന്റെ നിസ്സഹായവസ്ഥ തുറന്നുകാട്ടുന്ന കഥാപാത്രങ്ങളാണ് ഇതിലെ ഇട്ടിയുടെ ഭാര്യയും മരുമകളും. പോകാനൊരിടമില്ലാതെ സഹനത്തിന്റെ തീചൂളയിൽപ്പെട്ട് വെന്തുരുകുമ്പോഴും, ജീവിതം മരവിച്ച ചവർപ്പോടെ കുടിച്ചിറക്കുന്നതാണ് ഇതിൽ കാണുന്നത്.

ആദ്യമായി അഭിനയിക്കുകയാണെന്ന ഒരു പരിഭ്രമവും ഇല്ലാതെയാണ് ഷീല (രാധിക) എന്ന കഥാപാത്രം മലയാള സിനിമയിൽ തന്റെ സാന്നിദ്ധ്യമറിയിച്ചത്. അകാലത്തിൽ മരണപ്പെട്ട സുഹൃത്തിന്റെ മകളെ (ഷീല) രക്ഷിക്കാനെന്ന വ്യാജേനയാണ് സ്വന്തം പറമ്പിൽ കൊണ്ടുവന്ന് ഇട്ടി തന്നെ വീടു വച്ചു കൊടുത്ത് താമസിപ്പിച്ചത്. തന്റെ രക്ഷാകർത്താവായി ചമഞ്ഞ ഇട്ടിയുടെ കാമനകൾക്കു മുന്നിൽ എല്ലാം മൂകമായി അനുസരിച്ചും സഹിച്ചും ഇട്ടിയുടെ ഇച്ഛയനുസരിച്ച് കുടുംബത്തിലെ എല്ലാവരുടെയും വെറുപ്പ് സമ്പാദിച്ചും കഴിയേണ്ടി വന്ന ഷീല, ഇട്ടി കഴിച്ചു കൊണ്ടിരുന്ന ഭക്ഷണം തന്റെ മുഖത്തേക്കാഞ്ഞു തുപ്പുമ്പോഴും, പ്രഹരിക്കുമ്പോഴും ശകാരിക്കുമ്പോഴും ഭാവമേതുമില്ലാതെ എല്ലാം തന്റെ വിധിയാണെന്ന് കരുതി ഏറ്റു വാങ്ങുന്നു. അതേ സമയം കുടുംബത്തിനും സമൂഹത്തിനും കഴിയാത്തത് ഈ കഥാപാത്രം നടത്തി തീർക്കുമ്പോഴാണ് സിനിമയ്ക്ക് തിരശ്ശീല വീഴുന്നത്. ■


# മറിയം - ഷോർട്ട് ഫിലിം




**വി**ളാത്താങ്കര: മോൺ. വി.പി.ജോസിന്റെ നേതൃത്വത്തിൽ ജി.ആർ. അനിൽ നിർമ്മിച്ച് അനിൽ കാരേറ്റ് സംവിധാനം ചെയ്ത മറിയം ഷോർട്ട്ഫിലിം പ്രദർശനത്തിന് തയ്യാറായി. പരിശുദ്ധ കന്യകമാമറിയത്തെ വളരെ ഹൃദ്യമായി അവതരിപ്പിച്ചിരിക്കുന്ന ഷോർട്ട്ഫിലിമാണ് 'മറിയം'. വിപിജെ മരിയൻ വിഷനിലൂടെയാണ് ഫിലിം റിലീസ് ചെയ്തിരിക്കുന്നത്. മറിയത്തിന്റെ ജീവിതത്തിലെ മംഗളവാർത്ത, കാലിത്തൊഴുത്ത്, ഉണ്ണിയേശു, കൗമാരത്തിലെ യേശു, യുവാവായ യേശു എന്നീ ഘട്ടങ്ങളിൽ യേശുവിനോടൊപ്പമുള്ള മാതാവിന്റെ സഹനത്തിന്റെയും ത്യാഗത്തിന്റെയും കഥയാണ്.സഹ്യപർവതനിരയിലെ മാതാമല, പുല്ലുവിള പള്ളി, പൂവാർ, കരുംകുളം എന്നീ മനോഹരമായ ലൊക്കേഷനിലാണ് ചിത്രീകരണം.

മറിയമായി ദിവ്യ പി. ദേവും യേശുവായി പ്രതീഷും വെറോണിക്കയായി ടിന ദാസും ശെമയോനായി നോബിളും ഉപാധ്യായന്മാരായി വിർജിൻ കരുംകുളം, മേരിദാസ്, അരുൺകുമാർ, പടയാളികളായി ഗിഫ്റ്റ്സൺ തോമസ്, ബൈജു, സതീഷ്, ജി.ആർ. അനിൽ കൂടാതെ മാസ്റ്റർ നിജിൻ, മാസ്റ്റർ പൗലോ എന്നീ കുട്ടികളും വേഷമിട്ടു. ക്യാമറ സജി, മേക്കപ്പ് എഡ്വിൻ. കഥാകൃത്തും നോവലിസ്റ്റുമായ ബർഗ്മാൻ തോമസാണ് മറിയത്തിന്റെ തിരക്കഥ രചിച്ചത്.

# ജെൽസ
## ഉരുകുന്ന ജീവശാസ്ത്രങ്ങൾ




*'ഞാൻ ജതിങ്ക*
*പക്ഷിക്കൂട്ടങ്ങൾ*
*തല തല്ലി മരിച്ച*
*മണ്ണിന്റെ പേരിൽ ചുമക്കുന്നവൾ*
*പിറക്കാതെ പോയ*
*ഗർഭക്കുഞ്ഞുങ്ങളിലേക്കിനിയു-*
*മെത്രയോ നക്ഷത്ര ദൂരമുള്ള*
*വൾ.*
*പകുത്തു നൽകാനാവാ*
*ത്തൊരമ്മിഞ്ഞ-*
*പ്പാലിലത്രയും വാത്സല്യം*
*കൂട്ടിക്കുഴച്ചവൾ.*
*ഒരു മുറി നിറയെ അമ്മ*
*മണമുള്ളവൾ*
*എന്നിട്ടും മൂന്നാംലിംഗമെന്ന് അധിക്ഷേപിച്ച്*
*നിങ്ങളുടെ ചൂണ്ടുവിരലിനുമപ്പുറങ്ങളിലേക്ക്*
*മാറ്റിനിർത്തപ്പെട്ടവൾ.*
(*'ആണു മുതൽ പെണ്ണുവരെ'* അഞ്ജു സുരേന്ദ്രൻ)

'**ഷ**നോജ്' എന്ന ആണിൽ നിന്ന് ദീപ്തി കല്യാണി എന്ന 'പെണ്ണ്' പിറന്നത് ഒരു ഗർഭാവസ്ഥയുടെ നോവ് മുഴുവൻ ചുമന്നാണെന്ന് 'ജെൽസ' നമ്മെ ഓർമ്മിപ്പിച്ചുകൊണ്ടേയിരിക്കും.

ആർ.എൽ. ജീവൻലാൽ ഒരു ജീവചരിത്രം പറയന്നതിനപ്പുറം ഒരു വേദനയുടെ, ഒരായുസ്സിന്റെ, നോവിന്റെ സത്യം പറയുകയാണ് ജെൽസയിൽ. ഷനോജ് എന്ന ആണവസ്ഥയിൽ നിന്ന് ദീപ്തി കല്യാണി എന്ന പെണ്ണവസ്ഥയിലേക്ക് ഒരു കുട്ടി നടന്നടുക്കുമ്പോൾ അതിലെവിടെയോ ഒരിടത്ത് അവൾ/അവൻ മൂന്നാം ലിംഗത്തിന്റെ വീർപ്പുമുട്ടൽ അറിഞ്ഞിരുന്നു.



താര ഇഗ്നേഷ്യസ്

ഒരു പുരുഷനായോ സ്ത്രീയായോ ജനിച്ച് വേദനകൾ സഹിച്ച് ആയുസ് പൂർത്തിയാക്കിവരെ നമുക്കറിയാം. ഒരേ ജന്മത്തിൽ പുരുഷന്റെയും ഉള്ളിലുണ്ടായിരുന്ന സ്ത്രീയുടെയും ഒടുവിൽ പുറത്തുവന്ന സ്ത്രീയുടെയും പണ്ടായിരുന്ന പുരുഷന്റെയും നൊമ്പരങ്ങൾ പേറേണ്ടിവരിക; ആർക്കാണ് കഴിയുന്നത്? പുരുഷ ലിംഗാവയവം ഒരനാവശ്യമാണെന്നും അസ്വസ്ഥതയാണെന്നും തിരിച്ചറിഞ്ഞ് അത് മുറിച്ചുമാറ്റുക. മരണം സംഭവിച്ചേക്കാമെന്ന യാഥാർത്ഥ്യത്തിനു മുന്നിൽപോലും പതറാതെ നിന്ന് ഒരു പേറ്റുനോവുപോലെ ഉള്ളിലുള്ളതിനെ പുറത്തുകൊണ്ടുവരാൻ 'തപസ്വി'യാവുക. ജീവനോടെ ഉണ്ടെന്ന തിരിച്ചറിവിൽ താൻ ആണിൽ നിന്ന് പെണ്ണിലേക്കു നടന്നടുത്ത നിറവിൽ ആനന്ദിക്കുക.

വളരെ വിചിത്രം എന്ന് തോന്നിയേക്കാവുന്ന യാഥാർത്ഥ്യത്തിന്റേതാണ് 'ജെൽസ'.

അവമതിയും അവഗണനയുമല്ല. പരിഗണന അർഹിക്കുന്നവരാണ് തങ്ങളെന്ന് മൂന്നാംലിംഗക്കാർ സമൂഹത്തോട് പറഞ്ഞുകൊണ്ടേയിരിക്കുന്നു.

ജീവൻലാൽ എന്ന എഴുത്തുകാരൻ 'ജെൽസ' എഴുതി പൂർത്തിയാക്കുമ്പോൾ അനുഭവിച്ചത് ഒരു നൊമ്പരമാകും. ജീവിതത്തിൽ ഒരിക്കൽപോലും അനുഭവിക്കാൻ ഇടയില്ലാത്ത പേറ്റുനോവ് പൂർണമായും അറിയേണ്ടിവന്നവരുടെ കഥയാണ് 'ജെൽസ'.

ക്ഷമിക്കുക, ഒരു യാഥാർത്ഥ്യമാണ് 'ജെൽസ....' സത്യമാണ് 'ജെൽസ...' തിരിച്ചറിയപ്പെടലാണ് ജെൽസ. ഒരു പുറത്തുവരലാണ് 'ജെൽസ' ഒരു വേദനയാണ് 'ജെൽസ'. ആഘോഷമാണ് 'ജെൽസ'

***ജെൽസ:***

ആണ് പെണ്ണാകുന്ന ചടങ്ങ്. 41 ദിവസത്തെ കടുത്ത വ്രതത്തിനൊടുവിലെ ആഘോഷരാവ്.




## ഫാ. റോസ് ബാബു അംബ്രോസ്സിന് ധാർമിക ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ്



റോം ഫാ. റോസ് ബാബു അംബ്രോസ് റോമിലെ അക്കാദമിയ അൽഫോൻസിയാന പൊന്തിഫിക്കൽ യൂണിവേഴ്സിറ്റിയിൽ നിന്ന് ധാർമിക ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് കരസ്തമാക്കി. 'പരിസ്ഥിതി ശാസ്ത്രവും അനുകമ്പയും: 'ലൗദാത്തോ സീ' യും ബുദ്ധമതവും തമ്മിലുള്ള താരതമ്യപഠനം' ആയിരുന്നു ഗവേഷണ പ്രബന്ധം.

തിരുവനന്തപുരം അതിരൂപതയിലെ മുട്ടട വിശുദ്ധ കുരിശിന്റെ ദേവാലയാംഗങ്ങളായ പരേതരായ ആംബ്രോസ് അമല ദമ്പതികളുടെ മകനാണ് ഫാ. റോസ് ബാബു അംബ്രോസ്. പ്രാരംഭ പഠനങ്ങൾക്കു ശേഷം ആലുവ കാർമൽഗിരി സെമിനാരിയിൽ ഫിലോസഫി പഠനവും തിയോളജി പഠനവും പൂർത്തിയാക്കുകയും 2006 ആർച്ച് ബിഷപ്പ് സൂസപാക്യം പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിക്കുകയും ചെയ്തു.

## ഓഖി കവർന്ന ഓർമ്മകൾക്ക് അഞ്ച് വയസ്സ്

തിരുവനന്തപുരം: തീരദേശത്തെയും തീര ജനതയെയും ഭീതിയിലാഴ്ത്തി ഓഖി ചുഴലിക്കാറ്റ് വിതച്ച ദുരന്ത ഓർമ്മകൾ അഞ്ച് വർഷം പിന്നിടുന്നു. തീരദേശ മത്സ്യത്തൊഴിലാളികളായ 288 പേരുടെ ജീവനെടുത്ത ഓഖി അറബിക്കടലിൽ വീശിയടിച്ചതിന്റെ ഓർമ്മാചരണം തിരുവനന്തപുരം അതിരൂപതയിലെ 5 കടലോരങ്ങളിലായി നടന്നു. പരുത്തിയൂർ ഓഖി പാർക്കിൽ ചേർന്ന അനുസ്മരണത്തിൽ കൊല്ലംകോട്, പരുത്തിയൂർ ഇടവകകളിലെ ജനങ്ങളും, പുല്ലുവിള കടപ്പുറത്ത് പൂവാർ മുതൽ അടിമലത്തുറവരെയുള്ള ഇടവകകളിലെ ജനങ്ങളും, വിഴിഞ്ഞം വലിയ കടപ്പുറത്ത് കോവളം ഫെറോനയിലെ ഇടവകകളും, പൂന്തുറ കടപ്പുറത്ത് പൂന്തുറ, ചെറിയതുറ ഇടവകകളിലെയും പാളയം ഫെറോനയിലെയും ജനങ്ങളും, തുമ്പ കടപ്പുറത്ത് പുതുക്കുറിച്ചി ഫറോനയിലെ ഇടവകകളും അഞ്ചുതെങ്ങിൽ അഞ്ചുതെങ്ങ് കഴക്കൂട്ടം ഇടവകകളും പങ്കെടുത്തു.

## തീരം പോയാൽ മാനവ സംസ്കൃതിക്കാണ് നഷ്ടം: ഡോ. തോമസ് തറയിൽ

ചങ്ങനാശേരി: തീരം പോയാൽ മാനവ സംസ്കൃതിക്കാണ് നഷ്ടമെന്ന് ചങ്ങനാശ്ശേരി സിറോ മലബാർ അദ്ധ്യക്ഷൻ ഡോ. തോമസ് തറയിൽ. വിഴിഞ്ഞം അതിജീവന സമരം അവരുടെ മാത്രം അതിജീവനത്തിനായുള്ളതല്ല. അത്, പരിസ്ഥിതിയുടെ അതിജീവനത്തിനും സംസ്കാരങ്ങളുടെ നിലനിൽപ്പിനുമായുള്ളതാണ്. നീതിക്കായി പോരാടുന്നവരുടെ വേദന സ്വന്തമായി അനുഭവിക്കാൻ സാധിക്കുന്നില്ലെങ്കിൽ നമ്മൾ ശിഷ്യത്വത്തിന്റെ പാതയിലല്ല സഞ്ചരിക്കുന്നതെന്ന് പറയേണ്ടിവരും. ലോകത്തിലെവിടെയുമുള്ള ജനങ്ങൾ നീതിക്കുവേണ്ടി പോരാടുമ്പോൾ നമ്മുടെ ഹൃദയങ്ങളും വേദനിക്കണം. നീതിക്കായി വേദനിക്കുമ്പോൾ ജനതയോട് ഐക്യദാർഢ്യം പ്രകടിപ്പിക്കാൻ നമ്മൾ തയ്യാറാവണം. ശിഷ്യത്വത്തിന്റെ പാത കുരിശിന്റെയും വെല്ലുവിളികളുടെയും പാതയാണ്. സുവിശേഷം ലോകത്തിനുവേണ്ടി കുരിശെടുക്കുവാനുള്ള ആഹ്വാനമാണ് നൽകുന്നത്.

## പ്രളയ അനുഭവം പങ്കിടാൻ മത്സ്യത്തൊഴിലാളികൾ എത്തി

തിരുവനന്തപുരം: ചെങ്ങന്നൂർ പാണ്ടനാട്ടെ പ്രളയ ദുരിത സ്ഥലങ്ങളിൽ ജനങ്ങളെ രക്ഷിക്കാൻ വിഴിഞ്ഞത്തുനിന്നും വള്ളത്തിൽ പോയ ആദ്യസംഘത്തിൽപ്പെട്ട മൂന്നു മത്സ്യത്തൊഴിലാളികൾ തൈക്കാട് ഗവ. മോഡൽ ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർഥികളുടെ ആദരവ് ഏറ്റുവാങ്ങാനും കുട്ടികളുമായി അനുഭവം പങ്കിടാനുമായി എത്തി. പനിയടിമ, ഫ്രെഡി, ജില്ലർ എന്നീ മത്സ്യത്തൊഴിലാളികളാണ് എത്തിയത്. വിദ്യാർത്ഥി പ്രതിനിധികൾ ഇവരെ ആദരിച്ചു. ഹെഡ്മാസ്റ്റർ ആർ.എസ്.സുരേഷ് ബാബു മോഡൽ സ്കൂളിന്റെ ചിത്രം ആലേഖനം ചെയ്ത ഉപഹാരം വിതരണം ചെയ്തു. തൈക്കാട് വാർഡ് കൗൺസിലർ വിദ്യാ മോഹൻ, പിടിഎ പ്രസിഡന്റ് ആർ.സുരേഷ്കുമാർ എന്നിവർ പങ്കെടുത്തു.

# ക്രിസ്തുമസ് സ്മൈൽ 2022: മക്കളില്ലാത്ത ദമ്പതികളുടെ കൂട്ടായ്മയ്ക്ക് രൂപം നല്കി അതിരൂപത കുടുംബ ശുശ്രൂഷ സമിതി

തിരുവനന്തപുരം അതിരൂപതയിലെ മക്കളില്ലാത്ത ദമ്പതികളുടെ കൂടിവരവ് ഡിസംബർ 17 ശനിയാഴ്ച വെള്ളയമ്പലം റ്റി എസ് എസ് എസ് ഹാളിൽ വച്ച് നടന്നു. ഒത്തുചേരലിൽ 'നമ്മുടെ ക്ഷേമത്തിനായുള്ള ദൈവീക പദ്ധതികൾ' എന്ന വിഷയത്തെ അസ്പദമാക്കി ഡോ. ജോയി ജോൺ, 'കുടുംബശുശ്രൂഷ: കുടുംബങ്ങളുടെ ശാക്തീകരണത്തിനും വളർച്ചയ്ക്കും' എന്ന വിഷയത്തെ ആസ്പദമാക്കി ശ്രീ. സതീഷ് ജോർജ് എന്നിവർ ദമ്പതികൾക്ക് ക്ലാസ്സെടുത്തു.. ക്രിസ്തുമസ് കലാവിരുന്നിനുശേഷം നടന്ന പൊതുസമ്മേളനത്തിൽ കുടുംബപ്രേഷിത ശുശ്രൂഷ ഡയറക്ടർ ഫാ. ക്രിസ്റ്റൽ റൊസ്സാരിയോ അദ്ധ്യക്ഷത വഹിച്ചു. മക്കളില്ലാത്ത ദമ്പതികൾ സമൂഹത്തിൽ ഒറ്റപ്പെട്ട് ജീവിക്കേണ്ടവരല്ലെന്നും ഇവരെ ഒറ്റപ്പെടുത്തുന്ന സമൂഹത്തിന്റെ മനോഭാവത്തിന് മാറ്റം വരുത്തേണ്ട പ്രവർത്തനങ്ങളാണ് നടത്തേണ്ടതെന്നും സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് ഡോ. തോമസ് ജെ. നെറ്റോ മെത്രാപ്പൊലീത്ത പറഞ്ഞു. കുടുംബ ശുശ്രൂഷ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജെനിസ്റ്റൻ, ആനിമേറ്റേഴ്സ്, വോളന്റിയേഴ്സ്, സന്യസ്തർ എന്നിവർ പങ്കെടുത്തു. മക്കളില്ലാത്ത ദമ്പതികൾക്കുവേണ്ടിയുള്ള അനുധാവന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഫോറം രൂപീകരിച്ചു. തുടർന്നുള്ള ദിവസങ്ങളിൽ ഇവർക്കായുള്ള ശക്തീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുമെന്ന് ശുശ്രൂഷ ഡയറക്ടർ അറിയിച്ചു.


FOR WEDDING & EVENTS
BISHOP PEREIRA HALL
FULLY AIRCONDITIONED
Mobile:- 75111 07755
Office:- 0471 2327872
Nandavanam, Palayam, Tvpm


SONOK TRADING
SPARE PARTS FOR
Air Condition | Refrigeration
Commercial A/c, Ref., Cold Rooms
& All kinds of Tools for A/c
K S JOHN
0471 2335009 | 9387 803 53 | 8893 303 539
9061 003 539 | 9656 103 539
sonokjohn@gmail.com

# ഫാദർ സ്റ്റാൻ സ്വാമിയെ അറസ്റ്റ് ചെയ്ത്, കൊല ചെയ്തത് കെട്ടിച്ചമച്ച തെളിവുകളുടെ അടിസ്ഥാനത്തിലാണ് എന്ന് പുതിയ ഫോറൻസിക് റിപ്പോർട്ട്

ന്യൂഡൽഹി: ഭീമകൊറേഗാവ് കേസിൽ മുതിർന്ന മനുഷ്യാവകാശ സംരക്ഷകനായ ഫാദർ സ്റ്റാൻ സ്വാമിയെ അറസ്റ്റ് ചെയ്യാൻ ഉപയോഗിച്ച ഡിജിറ്റൽ തെളിവുകൾ അദ്ദേഹത്തിന്റെ കമ്പ്യൂട്ടറിന്റെ ഹാർഡ് ഡ്രൈവിൽ കൃത്രിമമായി പ്ലാന്റ് ചെയ്തതാണ് എന്ന് പ്രശസ്ത അന്താരാഷ്ട്ര ഡിജിറ്റൽ ഫോറൻസിക് സ്ഥാപനമായ ആഴ്സണൽ കൺസൾട്ടിംഗ് അതിന്റെ സമീപകാല റിപ്പോർട്ടിൽ പറയുന്നു. കൂട്ടുപ്രതികളായ റോണ വിൽസണിന്റെയും സുരേന്ദ്ര ഗാഡ്‌ലിംഗിന്റെയും ഉപകരണങ്ങളിൽ ഡിജിറ്റൽ തെളിവുകൾ തിരുകിക്കയറ്റിയതായി രേഖപ്പെടുത്തിയ മുൻ റിപ്പോർട്ടുകളെ തുടർന്നാണ് ഈ റിപ്പോർട്ട്. ഫാദർ സ്റ്റാനിന്റെ കമ്പ്യൂട്ടറിൽ ആക്രമണം നടത്തിയ ഹാക്കർമാർ വിൽസണെയും ഗാഡ്‌ലിംഗിനെയും ആക്രമിച്ചതിന് തുല്യമായിട്ടാണെന്ന് ഫോറൻസിക് വിശകലനം തെളിയിച്ചിട്ടുണ്ട്.

മനുഷ്യാവകാശ സംരക്ഷകരുടെ കമ്പ്യൂട്ടറുകൾ ഹാക്ക് ചെയ്തതുമായി ഇന്ത്യൻ ഭരണകൂടത്തെ ബന്ധിപ്പിക്കുന്ന നിരവധി കണ്ടെത്തലുകളിൽ ഏറ്റവും പുതിയതാണ് ഇത്. സൈബർ സുരക്ഷാ സ്ഥാപനമായ സെന്റിനൽ വൺ ഈ ആക്രമണത്തെക്കുറിച്ച് മുമ്പ് അന്വേഷിക്കുകയും അവരുടെ പ്രവർത്തനം ഇന്ത്യയുടെ രാജ്യ താൽപ്പര്യങ്ങളുമായി തികച്ചും യോജിക്കുന്നു എന്ന നിഗമനത്തിൽ എത്തുകയും ചെയ്തു. അക്രമികൾക്ക് ഫാ. സ്റ്റാൻ സ്വാമിയുടെ കമ്പ്യൂട്ടറിൽ വിപുലമായ വിഭവങ്ങൾ (സമയമടക്കം) ഉണ്ടായിരുന്നു, അവരുടെ പ്രാഥമിക ലക്ഷ്യങ്ങൾ നിരീക്ഷണവും കുറ്റകരമായ രേഖ, വിതരണവുമായിരുന്നുവെന്ന് വ്യക്തമാണ് എന്നു ആഴ്സണൽ റിപ്പോർട്ട് പറയുന്നു, ഫയൽ സിസ്റ്റം ഇടപാടുകൾ, ആപ്ലിക്കേഷൻ എക്സിക്യൂഷൻ ഡാറ്റ എന്നിവയിൽ അവശേഷിച്ച പ്രവർത്തനത്തിന്റെ അവശിഷ്ടങ്ങൾ അടിസ്ഥാനമാക്കി, ആഴ്സണൽ ആക്രമണകാരിയെ (വീണ്ടും) ഫലപ്രദമായി പിടികൂടി.

'കീലോഗിംഗ്' എന്ന പ്രക്രിയ ഉപയോഗിച്ചാണ് റെക്കോർഡ് ചെയ്തത്. ഹാക്കർമാർ തന്റെ പാസ്‌വേഡുകൾ ടൈപ്പ് ചെയ്യുമ്പോൾ തന്നെ വായിക്കാൻ കഴിയുന്നതിന്റെ ഉദാഹരണങ്ങളും മറ്റ് രേഖകളും ഇമെയിലുകളും റിപ്പോർട്ട് ചൂണ്ടി കാണിക്കുന്നു. ഫാദർ സ്റ്റാന്റെ ഉപകരണത്തിലെ 24,000 ഫയലുകളും ഹാക്കർ നിരീക്ഷിച്ചു.

നിരീക്ഷണത്തിനു പുറമേ, 2017 ജൂലൈയിൽ ആരംഭിച്ച് 2019 ജൂൺ വരെ നീണ്ടുനിൽക്കുന്ന രണ്ട് ഹാക്കിംഗ് കാമ്പെയ്നുകളിൽ ഫാദർ സ്റ്റാന്റെ ഹാർഡ് ഡ്രൈവിൽ ഡിജിറ്റൽ ഫയലുകൾ തിരുകിക്കയറ്റി. ഫാദർ സ്റ്റാനിന്റെ ഹാർഡ് ഡ്രൈവിൽ മാവോയിസ്റ്റ് കലാപവുമായി ബന്ധപ്പെടുത്തുന്ന 50ലധികം ഫയലുകൾ സൃഷ്ടിച്ചു.

പ്രശസ്ത മനുഷ്യാവകാശ സംരക്ഷകനായ ഫാദർ സ്റ്റാൻ സ്വാമി, ഭീമ കൊറേഗാവ് കേസിൽ അറസ്റ്റിലായിരിക്കെ 2021 ജൂലൈയിൽ മരിച്ചു. ഭീമ കൊറേഗാവ് കേസിലെ 11 കൂട്ടുപ്രതികൾ ഇപ്പോഴും ജയിലിലും ഗൗതം നവ്ലക വീട്ടുതടങ്കലിലുമാണ്.



*തൈക്കാട് അസംപ്ഷൻ ദേവാലയ ആശീർവാദം ഡിസംബർ 18ന് നടന്നപ്പോൾ*

# പാതിരാവിലുദിച്ച സൂര്യൻ

**ദൈവമാതാവിന്റെ തിരുനാൾ (ജനു. 1)** സംഖ്യ. 6, 22-27. ഗല. 4, 4-7, ലൂക്ക. 2, 16-21

**ഫാ. ജൂലിയസ് സാവിയോ കെ. എം**

നമ്മോടൊപ്പം വസിക്കുന്ന ദൈവത്തോടൊപ്പം നമുക്കും വസിച്ച് നഷ്ടപ്പെട്ടുപോയ നമ്മിലെ മനുഷ്യത്വം വീണ്ടെടുത്ത് സന്മനസ്സുള്ള വരാകാം, സമാധാനം നിറഞ്ഞവരാകാം. അങ്ങനെ പാതിരായ്ക്കുദിച്ച സൂര്യഗോളത്താൽ പ്രകാശിതരായി നമ്മുടെയും മറ്റുള്ളവരുടെയും ജീവിതത്തെ സന്തോഷപ്രദമാക്കാം.

തണുപ്പുള്ള ആ രാത്രിയിൽ ലോകരക്ഷകന്റെ ജനനം അറിയിച്ചുകൊണ്ട് ഇടയന്മാർക്ക് മാലാഖമാർ പ്രത്യക്ഷമായി. കൂട്ടത്തിലുണ്ടായിരുന്ന ഇടയന്മാരിൽ ഒരാൾ ദരിദ്രനായിരുന്നു. തങ്ങളുടെ രക്ഷയ്ക്കായി ഉദയം ചെയ്ത ദിവ്യ ഉണ്ണിയെ സന്ദർശിക്കാൻ ആ ഇടയന്മാർ തീരുമാനിച്ചു. എന്നാൽ ആ ദരിദ്ര ഇടയനായകട്ടെ ഈ സന്ദർശനത്തിന് വിസമ്മതിച്ചു. കാരണം, ലോകത്തിനു ജീവനേകുന്ന അപ്പമാകേണ്ട ആ ദിവ്യ ശിശുവിന് കാഴ്ചയായി നൽകാൻ തന്റെ കയ്യിൽ ഒന്നുമില്ല എന്ന തിരിച്ചറിവാണ്. ശൂന്യതയിൽ മനുഷ്യൻ എല്ലാം തിരിച്ചറിയുന്നു. തന്റെ കയ്യിൽ ഒന്നുമില്ല എന്നിരുന്നിട്ടും മറ്റുള്ളവരുടെ നിരന്തരമായ നിർബന്ധത്തിനു വഴങ്ങി ആ ദരിദ്ര ഇടയനും ബത്‌ലഹേമിലെ പുൽത്തൊഴുത്തിൽപോയി ദിവ്യഉണ്ണിയെ സന്ദർശിക്കാൻ തീരുമാനിച്ചു. തന്റെകൂടെ വന്നവരെല്ലാം ദിവ്യപൈതലിനുമുന്നിൽ കാഴ്ചകൾ സമർപ്പിക്കുന്നത് ആ ദരിദ്ര്യ ഇടയൻ നോക്കി നിന്നു. എന്ത് സമ്മാനം ദരിദ്ര ഇടയൻ നൽകുമെന്ന് നിറഞ്ഞ പുഞ്ചിരിയോടും സന്തോഷത്തോടും പരിശുദ്ധ അമ്മയും നോക്കി. ഒന്നുമില്ലാത്ത ഒരു ദരിദ്രഇടയനാണ് തന്റെ മുന്നിൽ നിൽക്കുന്നത് എന്ന് മനസ്സിലാക്കിയ മറിയം തന്റെ ദിവ്യപൈതലിനെ ആ ഇടയന്റെ കൈകളിൽ ഏൽപ്പിച്ചു. നാം ഒന്നുമല്ലാത്തതാകുമ്പോഴാണ് ദൈവം നമ്മിലേക്ക് ഇറങ്ങിവരുന്നത്. സ്നേഹമായ ദൈവത്തിന്റെ കാരുണ്യമാണ് നീയും ഞാനും. തന്റെ ഏകജാതനെ നൽകാൻ തക്കവണ്ണം അത്രമാത്രം നമ്മെ സ്നേഹിച്ച ദൈവം കൂടെ വസിക്കാൻ കൊതിപൂണ്ടത് സ്വാഭാവികം. “അവൻ എമ്മാനുവേൽ എന്ന് വിളിക്കപ്പെടും’ എന്ന നിർബന്ധത്തിന് കാരണം സ്നേഹം തന്നെ. ലൂക്കാ സുവിശേഷത്തിൽ രണ്ടു തവണ നാം കാണുന്നത് പിള്ളക്കച്ചകൊണ്ട് പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ശിശുവിനെയാണ്. (2:7 & 2:12) എന്നാൽ ഇന്നത്തെ സുവിശേഷത്തിൽ പുൽത്തൊട്ടിയിൽ കിടക്കുന്ന ശിശു എന്ന് മാത്രമേ പരാമർശിച്ചിട്ടുള്ളൂ (2:16) ഒരു ശരീരത്തെ പൊതിയുന്നത് മരണാനന്തര അവസ്ഥയിലാണ്. ശരീരത്തെ പൊതിയുന്നത് മരണത്തിന്റെ അടയാളമാണ്. എന്നാൽ ഇവിടെ മരണത്തിന്റെ അടയാളമായി അതിനെ കാണാൻ കഴിയില്ല. സ്നേഹമുള്ളിടത്ത് മരണമില്ല. ‘ഇവിടെ സ്ഥലമില്ല’എന്ന് പറഞ്ഞ് ദൈവത്തെ മനുഷ്യൻ ഉപേക്ഷിച്ചപ്പോൾ മരണത്തിന്റെ അടയാളമായി ശരീരം പൊതിഞ്ഞിരിക്കുന്നു. എന്നാൽ മലഞ്ചെരുവിൽ രാത്രിയുടെ തണുപ്പും ഉറക്കത്തിന്റെ സുഖവും മാറ്റിവെച്ച് ബത്‌ലഹേമിലെ കാലിത്തൊഴുത്തിൽ ദിവ്യശിശുവിന്റെ ദീപ്തമായ മുഖശോഭയുടെ മുന്നിൽ സ്നേഹപൂർവ്വം ആട്ടിടയന്മാർ ശിരസ്സ് നമിക്കുമ്പോൾ ശരീരം പൊതിഞ്ഞിട്ടില്ല. കലിത്തൊഴുത്തിൽ പിറന്നവനിൽ ദിവ്യത്വം കണ്ടെത്തുവാൻ ഇടയന്മാർക്ക് കഴിഞ്ഞു.

സ്നേഹം സ്നേഹിക്കപ്പെടണം. അല്ലാത്തപക്ഷം മരിക്കണം. ദൈവ മനുഷ്യ ബന്ധത്തിൽ യാതൊരുവിധ ബന്ധനങ്ങളും ഇല്ല എന്ന് തെളിയിക്കുവാൻ കൂടിയായിരുന്നു രക്ഷകന്റെ ഈ ജനനം. ഈ ജനനത്തിലൂടെ ഇടയന്മാർ ദൈവത്തെ തിരിച്ചറിയുന്നു. ഈ ദൈവത്തെയും അവിടുത്തെ അതിരറ്റ സ്നേഹത്തെയും നാം സുവിശേഷത്തിൽ ഉടനീളം കാണുന്നു. ഈ ദൈവം തന്നെയാണ് ലോകജനതയുടെ രക്ഷയ്ക്കായി തന്റെ പിതാവിന്റെ കരങ്ങളിൽ ആത്മാവിനെ സമർപ്പിച്ച് സ്നേഹമെന്തെന്ന് പഠിപ്പിച്ചത്. ഇന്നത്തെ സമൂഹത്തിൽ നമുക്ക് നൽകാൻ സാധിക്കുന്ന സമ്മാനം എന്നത്:

ശത്രുക്കളോട് ക്ഷമിക്കുക, അതാണ് അവർക്കുള്ള സമ്മാനം. എതിരാളികളോട് സഹിഷ്ണുത പുലർത്തുക അതാണ് അവർക്കുള്ള സമ്മാനം. സുഹൃത്തുക്കൾക്ക് പുഞ്ചിരി നൽകുക അതാണ് അവർക്കുള്ള സമ്മാനം. മക്കൾക്ക് നല്ല മാതൃകകൾ ആയിരിക്കുക അതാണ് അവർക്കുള്ള സമ്മാനം.

ഈ സമ്മാനങ്ങൾ ഒക്കെ നിബന്ധനകൾ ഇല്ലാത്ത സ്നേഹത്തോടെ നമുക്ക് നൽകാൻ ആവണം. 'ശിശുവിനെക്കുറിച്ച് തങ്ങളോട് പറയപ്പെട്ട കാര്യങ്ങൾ മറ്റുള്ളവരെ അവർ അറിയിച്ചു'(2:17) മാലാഖമാർ എപ്രകാരം ആ ദിവ്യദൂത് ഇടയന്മാരെ അറിയിച്ചുവോ അതേ തീക്ഷണതയോടെ അവർ ഈ സദ്വാർത്ത മറ്റുള്ളവരിൽ എത്തിക്കുന്നവരായി മാറുന്നു. പെട്ടെന്നുതന്നെ അവർ അന്യരിലേക്ക് പടരുന്ന ദൈവാനുഭവം ആയി മാറി. അതിവേഗം പോയി രക്ഷകനെ കണ്ടവർക്ക് പിന്നെ അടങ്ങിയിരിക്കാൻ ആയില്ല. ഉടൻതന്നെ ആയുസ്സും സമയവും ആരോഗ്യവും എല്ലാം മറ്റുള്ളവരെ രക്ഷിക്കാനുള്ള ആവശ്യമായി മാറി. അങ്ങനെ ആ ഇടയന്മാർ ആദ്യത്തെ വചനപ്രഘോഷകരായി മാറി. കൂടാതെ ക്രിസ്തുവിനെ ദർശിച്ച ആദ്യ സാക്ഷികളും. പലപ്പോഴും അല്പം ദൈവാനുഭവം ഒക്കെ കിട്ടിയവർ പിന്നെ ഒരു high class ജീവിതത്തിലേക്ക് മാറുകയാണ്. ചുറ്റുമുള്ളവരൊക്കെ അവിശ്വാസികൾ, എനിക്ക് പേരെടുക്കണം, സാമ്പത്തിക നേട്ടം ഉണ്ടാക്കണം, ആരാധകരെ സൃഷ്ടിക്കണം അങ്ങനെ എന്തെല്ലാമാണ് ഭൂമിയിൽ മനുഷ്യൻ കാട്ടിക്കൂട്ടുന്നത്. എന്നാൽ ദൈവത്തെ യഥാർത്ഥമായി അടുത്തറിഞ്ഞ ഇടയന്മാർ ചെയ്തതോ ദൈവത്തെ മഹത്വപ്പെടുത്തുകയും ആയിരുന്നിടത്തേക്ക് മടങ്ങുകയും ആണ് ചെയ്തത്. ഇതാണ് യഥാർത്ഥ ദൈവാനുഭവമാണെന്ന് സംസ്കാര സമ്പന്നരെന്നു സ്വയം കരുതുന്ന നാം തിരിച്ചറിയണം. തുടർന്ന് 'ഇതെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ഗാഢമായി ചിന്തിച്ചു കൊണ്ടിരുന്നു' (2:19)എന്നു മറിയത്തെ പറ്റി വിവരിക്കുന്നു. ' ഇതാ കർത്താവിന്റെ ദാസി, നിന്റെ ഹിതം എന്നിൽ നിറവേറട്ടെ എന്ന മറിയത്തിന്റെ സമർപ്പണം സ്പർശിച്ചത് ആദ്യം കാലിത്തൊഴുത്തിലും അന്ത്യത്തിൽ കാൽവരിയിലും ആണ്. ഗ്രഹിക്കാൻ പ്രയാസമായവ ഹൃദയത്തിൽ സംഗ്രഹിച്ച്, ധ്യാനിച്ച് അവൾ ജീവിച്ചു. സമർപ്പണവഴിയിലെ ത്യാഗങ്ങൾ ദൈവഹിതത്തിന് വിധേയപ്പെട്ട ഒരു മനസ്സിന് ഭാരമല്ല, ആനന്ദമാണ് പകരുക. സഹനങ്ങളിൽ മുറുമുറുപ്പ് അല്ല, സ്തോത്ര ഗീതമാണ് ഉണ്ടാവുക. നിന്റെ ഇഷ്ടം നിറവേറട്ടെ എന്ന മറിയത്തിന്റെ സമ്മതത്തിന്മേലാണ് മനുഷ്യവതാരം സംഭവിച്ചത്. ഈ മനുഷ്യവതാര രഹസ്യങ്ങൾ പലതും ഹൃദയത്തിൽ സംഗ്രഹിച്ചവളാണ് മറിയം. പുതിയ മനുഷ്യന്റെ പ്രതീകമാണ് മറിയം. അവളുടെ ജീവിതം മാനവകുലത്തിന് മാതൃകയാണ്. അവൾ ഹൃദയത്തിൽ സംഗ്രഹിച്ചത് തന്റെ പുത്രനെക്കുറിച്ചുള്ള അഥവാ ദൈവവചനത്തെക്കുറിച്ചുള്ള കാര്യങ്ങളാണ്. അർത്ഥപൂർണ്ണവും ലളിതവുമായ ഒരു ജീവിതം കാഴ്ചവച്ച പരിശുദ്ധ അമ്മ എന്നും ലോകത്തിന് വഴികാട്ടിയാണ്.

രാത്രി മുഴുവൻ ആടുകളെ സംരക്ഷിക്കണമെന്ന ചുമതല വഹിക്കുന്ന ഇടയന്മാർ ശ്രമിച്ചത് ദൈവിക സ്വരം. ആ ദൈവീക സ്വരം അടുത്തറിയാൻ കർത്താവിന്റെ ദൂതന് അടുത്തെത്താൻ അവർ നൽകിയത് ആന്തരിക സ്വാതന്ത്ര്യം. തുടർന്ന് ദൈവിക സ്വരത്തിന് പ്രത്യുത്തരം നൽകിക്കൊണ്ട് അവർ സ്വന്തം വഴികൾ അന്വേഷിച്ചല്ല പോയത്, ഒന്നിച്ചവർ മുന്നേറി. അവർ അതിവേഗം പോയി രക്ഷകന്റെ മുഖം ദർശിച്ചു. തുടർന്ന് അവർ ചെയ്തത് ഇത്രമാത്രം : നന്ദി നിറഞ്ഞ മനസ്സോടെ ദൈവത്തെ മഹത്വപ്പെടുത്തി ദൈവാനുഭവത്തിന്റെ നിറവിൽ ആയിരുന്നിടത്തേക്ക് തിരിച്ചു മടങ്ങുകയും ചെയ്തു. അവർ തിരിച്ചു പോയത് പഴയ ഇടയന്മാരായല്ല. മുത്തുവിനെ ആദ്യം ദർശിച്ച മനുഷ്യരായാണ്. ദൂതൻ അരുൾ ചെയ്തത് കേട്ടിട്ട് വേണമെങ്കിൽ അവർക്ക് സംശയത്തോടെ പോകാതിരിക്കാമായിരുന്നു. എന്നാൽ ഐകകണ്ഠേന പോകണമെന്ന ദൃഢമായ തീരുമാനം എടുക്കുകയും അത് പ്രാവർത്തികമാക്കുകയും ചെയ്തപ്പോൾ അവർക്ക് ലഭിച്ചത് ദൈവിക ആനന്ദമാണ്. തുടർന്ന് ശിശുവിനെ സമർപ്പിച്ചുകൊണ്ട് മംഗളവാർത്താവേളയിൽ ദൂതൻ മറിയത്തോട് നിർദ്ദേശിച്ചിരുന്ന യേശു എന്ന പേര് ശിശുവിന് നൽകുകയാണ്. വചനം കേട്ട് അത് ഹൃദയത്തിൽ സംഗ്രഹിച്ച് വചനം ജീവിക്കുന്നവളായി അവൾ മാറി. ഇതാണ് യഥാർത്ഥ സമർപ്പണവും യഥാർത്ഥ ത്യാഗ മനോഭാവവും. ഇന്ന് നാം ദൈവ മാതൃത്വ തിരുനാൾ ആഘോഷിക്കുമ്പോൾ ഈ ദിനം നാം ജനിക്കേണ്ടതും ജീവിക്കേണ്ടതും പരിശുദ്ധ അമ്മയെ തന്നെയാണ്. 'ഒരു സൃഷ്ടിക്കും അവകാശപ്പെടാൻ ആവാത്തത് അവൾക്ക് നൽകപ്പെട്ടു; ദൈവപുത്രന് സ്വശരീരത്തിൽ ജന്മം കൊടുക്കുക എന്നത്. ' പരിശുദ്ധ മറിയം ദൈവപുത്രന് ജന്മം കൊടുക്കുവാൻ എല്ലാ സജ്ജീകരണങ്ങളും ഒരുക്കങ്ങളും നടത്തി. അത്രമാത്രം പരിശുദ്ധമായിരുന്നു അമ്മയും അവളുടെ ജീവിതവും. ആ അമ്മയുടെ ജീവിതത്തിൽ നിന്ന് പാഠങ്ങൾ നുകർന്ന് നമ്മുടെ ഹൃദയമാകുന്ന സത്രത്തിൽ രക്ഷകനു ഇടമൊരുക്കാം. രക്ഷകൻ ഉള്ള ഇടങ്ങളിൽ പരിശുദ്ധ അമ്മയും യൗസേപ്പിതാവും ആദ്യത്തെ വചന പ്രഘോഷകരായ സന്മനസ്സിനു ഉടമകളായ ആ ഇടയന്മാരും കാണും. യാതനയും വേദനയും നിറഞ്ഞ ലോകത്തിനുമുമ്പിൽ ആർദ്രമായ സ്വാതന്ത്ര്യത്തിന്റെ ശബ്ദമായി മാറിക്കൊണ്ട് നമ്മിലെ മനുഷ്യത്വത്തെ പ്രകടമാക്കാൻ ഈ തിരുനാൾ സഹായിക്കട്ടെ.

നമ്മോടൊപ്പം വസിക്കുന്ന ദൈവത്തോടൊപ്പം നമുക്കും വസിച്ച് നഷ്ടപ്പെട്ടുപോയ നമ്മിലെ മനുഷ്യത്വം വീണ്ടെടുത്ത് സന്മനസ്സുള്ളവരാകാം, സമാധാനം നിറഞ്ഞവരാകാം. അങ്ങനെ പാതിരായ്ക്കുദിച്ച സൂര്യഗോളത്താൽ പ്രകാശിതരായി നമ്മുടെയും മറ്റുള്ളവരുടെയും ജീവിതത്തെ സന്തോഷപ്രദമാക്കാം. ■

# പ്രകാശത്തെ ആലിംഗനം ചെയ്തവർ

**പ്രത്യക്ഷീകരണ തിരുനാൾ (ജനു. 8)** ഏശ. 60, 1-6, എഫെ. 3, 2-3 a, 5-6, മത്ത. 2, 1-12

**ഫാ. റോബിൻ**

**അ**ന്ധകാരത്തെ പ്രകാശമാക്കാൻ ഉദയം ചെയ്തവനെ തേടിയിറങ്ങിയവരുടെ യാത്രയാണ് പ്രത്യക്ഷീകരണം. ഏശയ്യാ പ്രവാചകൻ കണ്ട സ്വപ്നം വളരെ മനോഹരമായിരുന്നു; "എല്ലാ രാജ്യങ്ങളും അന്ധകാരത്തിലമർന്നപ്പോൾ ജെറുസലേം മാത്രം പ്രകാശത്തിലിരിക്കുന്നു. അന്ധകാത്തിൽ പ്രകാശം കണ്ട ജനത ഭൂമിയുടെ അതിർത്തികൾ വിട്ട് ജറുസലേമിൽ ഒരമിച്ചുകൂടുന്നു. കൈനിറയെ സമ്മാനങ്ങളുമായാണ് ജനങ്ങൾ പ്രകാശത്തെ സമീപിക്കുന്നത്." (ഏശ. 60:1-6). ദൈവത്തിന്റെ പ്രവാചകനായ ഏശയ്യയുടെ മാത്രം സ്വപ്നമല്ല ഇത്. മനസ്സ് നിറയെ നന്മതിരയുന്ന ഒരു ജനതയുടെ കാത്തിരിപ്പിന്റെ സ്വപ്നമായിരുന്നു... പ്രകാശത്തെ ആലിംഗനം ചെയ്യുന്ന കൈനിറയെ സമ്മാനങ്ങളുമായുള്ള ഒരു പുതുയുഗത്തിന്റെ സ്വപ്നമായിരുന്നു അത്. ഈ സ്വപ്ന സാക്ഷാൽക്കാരത്തിനുവേണ്ടി കാത്തിരിക്കേണ്ടിവന്ന ജനതയുടെ പ്രതീക്ഷയുടെ ഉത്തരമാണ് മൂന്നു രാജാക്കന്മാരുടെ വരവ്. താരകവഴിയിൽ സൂര്യതേജസിനെ കണ്ടെത്തുവാൻ രാജാക്കന്മാർ വന്നെത്തിയ സമയമാണ് പ്രത്യക്ഷീകരണ തിരുനാൾ.

രണ്ടു അംഗങ്ങളുള്ള ഒരു നാടകമായി മത്തായി ജ്ഞാനികളുടെ സന്ദർശനത്തെ അവതരിപ്പിക്കുന്നു. ഒന്നാമത്തെ രംഗത്തിൽ വിജാതീയരായ ജ്ഞാനികൾ പ്രസാദാത്മകമായി ക്രിസ്തു സംഭവത്തിന് പ്രതികരണം കൊടുക്കുന്നത് അവതരിപ്പിച്ചിരിക്കുന്നു. നക്ഷത്രത്തിന്റെ ഉദയത്തിൽ നിന്ന് ഒരു ശിശുവിന്റെ ജനനം അവർ വായിച്ചെടുക്കുന്നു. അവർ ഹെറോദേസിന്റെ കൊട്ടാരത്തിൽ എത്തുന്നു. എന്നാൽ രാജകൊട്ടാരത്തിൽവച്ച് വിശുദ്ധലിഖിതം വായിച്ച പ്രധാന പുരോഹിതന്മാരും ന്യായപ്രമാണത്തിന്റെ കാവൽക്കാരും ക്രിസ്തു ജനിക്കുന്നത് ബേത്‌ലഹേമിലാണെന്ന് കണ്ടെത്തുന്നു. ജ്ഞാനികൾ യേശുവിനെ ബേത്‌ലഹേമിൽ കണ്ടെത്തി ആരാധിക്കുന്നു.

രണ്ടാമത്തെ രംഗം യഹൂദനായ ഹേറോദേസിന്റെ നിഷേധാത്മക പ്രതികരണമാണ് (2:13-23). ശിശുവിനെ ചതിയിൽ കൊല്ലാനായി അയാൾ അന്വേഷിക്കുന്നു. യേശുക്രിസ്തുവിൽ ദൈവം മനുഷ്യവർഗത്തിന് നൽകിയ രക്ഷയ്ക്ക് രണ്ടുതരം പ്രതികരണങ്ങളുണ്ടായി. അന്യജാതിക്കാരുടെയും അന്യമതക്കാരുടെയും പ്രതിനിധികളായ ജ്ഞാനികൾ പ്രസാദാത്മകമായി, ഭാവാത്മകമായി പ്രതികരിച്ചു. അവർ രക്ഷയും രക്ഷകനെയും കണ്ടെത്തി, സ്വീകരിച്ച് ആരാധിക്കുന്നു. തിരഞ്ഞെടുക്കപ്പെട്ട ജ്ഞാനത്തിന്റെ രാജാവും, തലസ്ഥാന നഗരിയായ ജറുസലേം മുഴുവനും രക്ഷകന്റെ ജനനത്തിൽ അസ്വസ്ഥമാകുകയും (മത്താ. 2:3), രക്ഷകനെ കൊല്ലാൻ അന്വേഷിക്കുകയും ചെയ്യുന്നു. "അവൻ സ്വന്തക്കാരുടെ അടുത്തേക്ക് വന്നു; അവർ അവനെ തിരിച്ചറിഞ്ഞില്ല. അവൻ സ്വന്തം ഭവനത്തിലെത്തി; അവർ അവനെ സ്വീകരിച്ചില്ല."

വിജാതീയർപോലും ആരാധിക്കുന്ന രാജാവാണ് നസറത്തിലെ യേശു. "എവിടെയാണ് യഹൂദരുടെ രാജാവായി ജനിച്ചവൻ?" എന്നല്ലേ ജ്ഞാനികൾ ചോദിച്ചത്. "യഹൂദരുടെ രാജാവ്" എന്ന ശീർഷകം ഇനി ഈ സുവിശേഷത്തിൽ പ്രത്യക്ഷപ്പെടുന്നത് റോമൻ വിചാരണയുടെ സമയത്തും (മത്താ. 27:11) കുരിശിന് മുകളിലെ ശീർഷകത്തിലുമാണ്. (മത്താ. 27:37). എവിടെയാണ് "യഹൂദരാജാവ്" എന്ന ചോദ്യത്തിന് "അവൻ അതാ കുരിശിൽ തൂങ്ങിക്കിടക്കുന്നു," എന്ന് മത്തായി ഉത്തരം കൊടുക്കുന്നു. ഈ അർത്ഥമാണ് ജ്ഞാനികൾ നല്കിയ മീറയ്ക്കുള്ളത്. മരണവേദന കുറയ്ക്കാനായി മരണസമയത്ത് കൊടുക്കുന്ന വേദനസംഹാരിയാണ് മീറ. ശിശുവിന്റെ ജനനസമയത്ത് മരിക്കുന്നവർക്ക് കൊടുക്കുന്ന മീറ സമ്മാനമായി കൊടുക്കുന്നു. കാരണം

> പ്രകാശത്തെ ആലിംഗനം ചെയ്തുകൊണ്ട് കൈനിറയെ സമ്മാനങ്ങളുമായി രക്ഷകനെ തേടിയുള്ള യാത്രയിൽ, മറ്റുള്ളവർക്കുവേണ്ടി കുരിശിലേറാൻ തയ്യാറായാൽ മാത്രമേ ക്രിസ്തുവിനെ പ്രത്യക്ഷീകരിക്കുവാൻ കഴിയൂ

രക്ഷ കുരിശിൽ നിന്നാണെന്നും, രക്ഷകൻ ക്രൂശിതനാണെന്നുമുള്ള ഓർമ്മപ്പെടുത്തലാണത്.

പ്രകാശത്തെ ആലിംഗനം ചെയ്തുകൊണ്ട് കൈനിറയെ സമ്മാനങ്ങളുമായി രക്ഷകനെ തേടിയുള്ള യാത്രയിൽ, മറ്റുള്ളവർക്കുവേണ്ടി കുരിശിലേറാൻ തയ്യാറായാൽ മാത്രമേ ക്രിസ്തുവിനെ പ്രത്യക്ഷീകരിക്കുവാൻ കഴിയൂ എന്ന ബോധ്യത്തോടെ ജീവിതം പ്രകാശമായി മാറി, വഴി തെളിക്കാനും ആ പ്രകാശത്തെ ആലിംഗനം ചെയ്യാനും സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കാം. ■

# കുഞ്ഞാട്

**ആണ്ടുവട്ടത്തിലെ 2-ാം ഞായർ (ജനു. 15)**

ഏശ 49, 3.5-6, 1 കൊറി. 1, 1-3, യോഹ. 1, 19-34

**ഫാ. പ്രബൽ**

**അ**ട്ടപ്പാടിയിലെ ആദിവാസി സഹോദരങ്ങളുടെയിടയിൽ ഊരിന്റെ ഉത്സവത്തിന് ഒരാടിനെ ബലിചെയ്യുന്ന ചടങ്ങുണ്ട്. ബലി ചെയ്യേണ്ട ദിവസമാകുമ്പോൾ ഊരുമൂപ്പന്റെ നേതൃത്വത്തിൽ ആടിനെ ബലി നൽകേണ്ട സ്ഥലത്തേക്ക് ആഘോഷമായി അണിയിച്ചൊരുക്കി കൊണ്ടുവരും. എല്ലാപേരുടെയും ആദരവുകൾ സ്ഥികരിച്ചുകൊണ്ട് മുന്നോട്ടുപോകും. ഏതാനും വാരകൾ അപ്പുറത്ത് ഒരു ബലിപീഠവും കൊടുവാളും എന്നെ കാത്തിരിക്കുന്നുണ്ടെന്ന് അറിയാതെയുള്ള യാത്ര.

ഇന്നത്തെ സുവിശേഷ പശ്ചാത്തലം വളരെ പ്രധാന്യം നിറഞ്ഞതാണ്. 'നീ ആരാണ്' എന്നു ചോദിക്കാൻ യഹൂദർ ജെറുസലേമിൽ നിന്നും പുരോഹിതന്മാരെയും ലേവ്യരെയും അയച്ച സാഹചര്യത്തിലാണ് സ്നാപകന്റെ ലോകത്തിന്റെ പാപം നീക്കുന്ന കുഞ്ഞാടിനെക്കുറിച്ചുള്ള സാക്ഷ്യം (യോഹ. 1:19). രണ്ടാംകിട, മൂന്നാംകിട നേതാക്കന്മാർക്കും സ്നാപകന്റെ മുമ്പിൽ ഉത്തരം മുട്ടിയതിനാലാണ് യഹൂദ മതകേന്ദ്രസ്ഥാനത്തുനിന്നും (ജെറുസലേം) പ്രധാനികൾ എത്തുന്നത്. ഇവിടെ ചോദ്യകർത്താക്കളുടെ ചോദ്യങ്ങൾക്ക് ന്യായമുണ്ട്. തൃപ്തികരമായ ഉത്തരമല്ല അവർക്ക് ലഭിക്കുന്നത്. നീ ക്രിസ്തുവാണോ? ഉത്തരം; അല്ല, ഏലീയ ആണോ? ഉത്തരം: അല്ല, പ്രവാചകനാണോ? ഉത്തരം: അല്ല. ചോദ്യശരങ്ങൾക്കു മുമ്പിൽ അല്ല, അല്ല, അല്ല എന്നുച്ചരിച്ചവൻ നൽകുന്ന ഉത്തരമാണ് ചോദ്യകർത്താക്കളുടെയും നമ്മുടെയും കാഴ്ചപ്പാടുകളെ കീഴ്മേൽ മറിക്കുന്നത്. താൻ വേറിട്ട ശബ്ദമാണ്, അതും ക്രിസ്തുവിനെ വെളിപ്പെടുത്താൻ വന്ന വെറും ശബ്ദം (1:31).

വെറും ശബ്ദമായവൻ സാക്ഷ്യപ്പെടുത്തുന്നു. വ്യത്യസ്തങ്ങളായ പദങ്ങളുപയോഗിച്ചാണ് സ്നാപകന്റെ സാക്ഷ്യം. ദൈവത്തിന്റെ കുഞ്ഞാട് (1:29, 36), എനിക്കുമുമ്പേ ഉള്ളവൻ (1:30), പരിശുദ്ധാത്മാവ് ആവസിച്ചവൻ (1:33), പരിശുദ്ധാത്മാവുകൊണ്ട് സ്നാനം നൽകുന്നവൻ (1:33), ദൈവപുത്രൻ (1:34). സ്നാപകയോഹന്നാന്റെ സാക്ഷ്യം ഹൃദയത്തിൽ സ്വീകരിച്ച സ്നാപക ശിഷ്യനായ അന്ത്രയോസ് യേശുവിനെ 'ക്രിസ്തു'വെന്നും (1:41), നഥാനിയേൽ യേശുവിനെ 'ഗുരുവും' 'ദൈവപുത്രനും' ഇസ്രായേലിന്റെ രാജാവുമായി ഏറ്റുപറയുന്നു (1:49).

> കുഞ്ഞാടിനെ കാട്ടിത്തരുവാൻ അന്നൊരു സ്നാപകനുണ്ടായിരുന്നു. ഇന്ന് സ്നാപകന്റെ ഉത്തരവാദിത്വം നിറവേറ്റണ്ടവരുടെ ഇരിപ്പിടം ഒഴിഞ്ഞു കിടക്കുകയാണ്. ക്രിസ്തുശിഷ്യന്റെ മുന്നിലും ചോദ്യശരങ്ങൾ ഉയരാം നീ ആരാണ്?

ഏറ്റുപറച്ചിലുകൾ നമ്മെ എത്തിക്കുന്നത് കുഞ്ഞാടിന്റെ മുന്നിലാണ്, കുഞ്ഞാട് നമ്മോടും പറയുക മറ്റൊരു കുഞ്ഞാടായി ജീവിക്കുക, കുഞ്ഞാടായി മരിക്കുക എന്നതാണ്. കുഞ്ഞാടിന്റെ സമർപ്പണം ആരംഭിക്കുന്നത് മോറിയാ മലയിലാണ്. ഉല്പ. 22:7 മുതൽ സ്വപുത്രനെ മലമുകളിൽ ദൈവകല്പന പ്രകാരം ബലിയർപ്പിക്കാനൊരുങ്ങുന്ന വിശ്വാസികളുടെ പിതാവായ അബ്രഹാമിനെ കാണാം. പരീക്ഷണത്തിൽ വിജയിച്ചവൻ ആടിനെ പുത്രനുപകരം ബലി നൽകി. പുറപ്പാട് 11-ാം അധ്യായത്തിൽ, ഈജിപ്തിലെ ആദ്യജാതന്മാരെ വധിക്കാൻ പോകുന്നുവെന്നും ഇസ്രായേലിന്റെ ആദ്യജാതർ വധിക്കപ്പെടാതിരിക്കാൻ കുഞ്ഞാടിന്റെ രക്തം കട്ടിളപ്പടികളിൽ തളിക്കാൻ ദൂതൻ ആവശ്യപ്പെട്ടു. ഇസ്രായേലിന്റെ ആദ്യ ജാതർക്ക് പകരമായിരുന്നു കുഞ്ഞാടിന്റെ ബലി. പുറ. 39:38-42 ൽ നിങ്ങളുടെ പാപങ്ങൾക്ക് പരിഹാരമായി ദേവാലയത്തിൽ ബലിയർപ്പിക്കേണ്ടത് കുഞ്ഞാടിനെയാണെന്ന് നിർദ്ദേശിക്കുന്നു. ജറെമിയ 11:19, ഏശയ്യ 53:7 ഭാഗങ്ങൾ പീഡാനമേറ്റുവാങ്ങുന്ന

കുഞ്ഞാടിനെക്കുറിച്ച് പറയുന്നുണ്ട്. വരുവാനിരിക്കുന്ന കുഞ്ഞാട് സഹിക്കുവാനിരിക്കുന്ന വേദനകളെക്കുറിച്ചാണ് പ്രവചനങ്ങൾ.

മോറിയമല തന്നെയാണല്ലോ പിൽക്കാലത്ത് ഗാഗുൽത്താലയായി അറിയപ്പെട്ടത്. ഇസഹാക്കിനുപകരം ബലിയർപ്പിക്കപ്പെട്ട ആടും ഈജിപ്തിൽ നിന്നും മോചനദ്രവ്യമായി കട്ടിളപ്പടികളിൽ ചെഞ്ചോരയായി മാറിയ ആടുകളും ദേവാലയത്തിൽ ബലിയർപ്പിക്കപ്പെട്ട അനേകായിരം ആടുകളും ലോകത്തിന്റെ പാപം നീക്കാൻ വന്ന കുഞ്ഞാടിനെ നമുക്കു പരിചയപ്പെടുത്തുന്നവരാണ്. ആ കുഞ്ഞാട് ചുമലിലേറ്റിയത് ഒരു വ്യക്തിയുടെ പാപമല്ല മറിച്ച് ആദിമാതാപിതാക്കളിലൂടെ ലോകത്തിന് സംഭവിച്ച്, മനുഷ്യരാശിക്കുണ്ടായ പാപമാണ്. സ്വന്തം ചോരയാൽ മനുഷ്യരാശിക്കുണ്ടായ പാപത്തെ അവൻ കഴുകിക്കളഞ്ഞു. തിന്മയെ യുദ്ധം ചെയ്തു പരാജയപ്പെടുത്തുന്ന ഈ കുഞ്ഞാടിനെ വെളിപാട് പുസ്തകത്തിൽ നമുക്കു കാണാം (വെളി. 5).

കുഞ്ഞാടിനെ കാട്ടിത്തരുവാൻ അന്നൊരു സ്നാപകനുണ്ടായിരുന്നു. ഇന്ന് സ്നാപകന്റെ ഉത്തരവാദിത്വം നിറവേറ്റണ്ടവരുടെ ഇരിപ്പിടം ഒഴിഞ്ഞു കിടക്കുകയാണ്. ക്രിസ്തുശിഷ്യന്റെ മുന്നിലും ചോദ്യശരങ്ങൾ ഉയരാം നീ ആരാണ്? നിന്റെ മാതാപിതാക്കൾ? ജോലി? കഴിവുകൾ? എല്ലാത്തിനുമുപരിയായ നിന്റെ കുറവുകളും വിമർശനവിധേയമാകാം. അപ്പോഴെല്ലാം ചോർച്ചയിൽ കുതിർന്ന ക്രൂശിതനെ ചൂണ്ടി ഞാൻ അവന്റെ ശബ്ദമാണെന്ന് പറയുവാൻ സാധിക്കണം. അതിന് സ്നാപകന്റെ മനോഭാവം നമുക്കുണ്ടാകണം.

'എന്റെ പിന്നാലെ വരുന്നവൻ എന്നേക്കാൾ ശക്തനാണ്' (യോഹ. 1:30). ■

# എല്ലാം ഉപേക്ഷിക്കുന്നത്... ആരെയും ഉപേക്ഷിക്കാതിരിക്കാനാണ്

**ആണ്ടുവട്ടത്തിലെ 3-ാം ഞായർ (ജനു. 22)** ഏശ. 9, 1-14, 1 കൊറി. 1, 10-13. മത്ത. 4,12-23

**ഫാ. വിജിൽ ജോർജ്**

**കേ**രളത്തിൽ പ്രളയം വന്നപ്പോൾ കടലിൽ വല വീശിക്കൊണ്ടിരുന്ന മത്സ്യത്തൊഴിലാളി സഹോദരങ്ങൾ കുടുംബത്തെയും സഹോദരങ്ങളേയും സ്വന്തം സുരക്ഷിതത്വത്തെയും ഉപേക്ഷിച്ചു. അത് ആഴിയുടെ ആഴങ്ങളിലേക്ക് ആരും ഉപേക്ഷിക്കപ്പെടാതിരിക്കാനായിരുന്നു. കൊറോണ എന്ന മഹാമാരി ലോകമെങ്ങും പടർന്നു പിടിച്ചപ്പോൾ ആരോഗ്യപ്രവർത്തകരും സന്മനസ്സുള്ളവരും സ്വന്തം ആരോഗ്യവും സമ്പത്തും സുരക്ഷിതത്വവും ഉപേക്ഷിച്ചു. അത് മരണത്തിന്റെ കവാടത്തിൽ പെട്ട് ആരും ഉപേക്ഷിക്കപ്പെടാതിരിക്കാൻ ആയിരുന്നു.

ദൈവമക്കളായ നാം പലവിധ വ്യാധികളിലും അസ്വസ്ഥതകളിലുംപെട്ട് ഉപേക്ഷിക്കപ്പെടാതിരിക്കുവാനാണ് ദൈവം ഭൂമിയിൽ പിറന്നത്. ഉപേക്ഷിക്കപ്പെട്ടാലും ആരും ഉപേക്ഷിക്കപ്പെടരുത്. എന്നതായിരുന്നു ദൈവഹിതം. അനേകരെ രക്ഷയിലേക്ക് നയിക്കുവാൻ യേശു ശിഷ്യന്മാരെ വിളിക്കുന്ന രംഗമാണ് സുവിശേഷത്തിൽ നാം കാണുന്നത്. പത്രോസ് എന്ന് വിളിക്കപ്പെടുന്ന ശിമയോനെയും സഹോദരൻ അന്ത്രിയോസിനെയും യാക്കോബിനെയും യോഹന്നാനെയും വിളിക്കുന്നു. ഈ വിളി സ്വയം ഉപേക്ഷിക്കാനുള്ള വിളിയാണ്. ഉപേക്ഷിക്കപ്പെടുന്നവരെ രക്ഷിക്കാനുള്ള വിളിയാണ്. അവൻ അവരോട് പറഞ്ഞു. 'എന്നെ അനുഗമിക്കുക' തൽക്ഷണം അവർ വലകൾ ഉപേക്ഷിച്ച് അവനെ അനുഗമിച്ചു. ഉപേക്ഷിക്കുക എന്ന വാക്കിന് നമ്മുടെ ജീവിതവുമായി വളരെയധികം ബന്ധമുണ്ട്. അക്ഷരാർത്ഥത്തിൽ അത് അനുസരിക്കാനല്ല വചനം പറയുന്നത്. സ്വന്തം ചിന്തകൾ ഉപേക്ഷിച്ച് ദൈവത്തിന്റെ ചിന്തയ്ക്ക് പ്രാധാന്യം നൽകുക. സ്വരം ഉപേക്ഷിച്ച് ദൈവത്തിന്റെ സൗന്ദര്യവും സ്വരവും ശ്രമിക്കുക. ചിലതൊക്കെ ഉപേക്ഷിച്ചാൽ ചില നന്മകൾ നേടാനാകു. സബദീപുത്രന്മാർ വഞ്ചിയും വലയും ഉപേക്ഷിച്ചു. സ്വന്തം പിതാവിനെ വിട്ട് അവനെ അനുഗമിച്ചു. അന്ധകാരത്തിൽ കഴിയുന്ന ജനതയ്ക്ക് കൂരിരുട്ടിൽ വസിക്കുന്നവരുടെ മേൽ പ്രകാശം വീശാൻ സാധിക്കണമെങ്കിൽ നാം ചിലതൊക്കെ ഉപേക്ഷിക്കണം (ഏശ.8:2). അങ്ങനെ നാം ദൈവത്തിനായി ഉപേക്ഷിക്കുമ്പോൾ ദൈവത്തിന്റെ ആനന്ദവും കൃപയും നമ്മുടെ ജീവിതത്തിൽ വർദ്ധിക്കും. നമുക്കുവേണ്ടി യേശുക്രിസ്തു ക്രൂശിതനായി തന്നെത്തന്നെ ഉപേക്ഷിച്ചു(1കൊറി 1:1013). യേശുക്രിസ്തു ശിഷ്യന്മാരോട് പറഞ്ഞതും അപ്രകാരമാണ്. 'ആരെങ്കിലും എന്നെ അനുഗ്രഹിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെ തന്നെ പരിചരിച്ച് അനുദിനം തന്റെ കുരിശുമെടുത്ത് എന്റെ പിന്നാലെ വരട്ടെ '(ലൂക്ക 9:23). വചനം ആരംഭിക്കുന്നതു തന്നെ ദൈവത്തിനുവേണ്ടി സ്വയം ഉപേക്ഷിച്ചവരുടെ കഥ പറഞ്ഞുകൊണ്ടാണ്. പലതും ഉപേക്ഷിച്ച ഒരു വ്യക്തിയുണ്ട്. ഈ ലോകത്തെ പ്രളയത്തിലൂടെ തിന്മയിൽ നിന്നും അകറ്റുവാൻ ദൈവത്തിനുവേണ്ടി സ്വയം ഉപേക്ഷിച്ച, ദൈവം ഉപയോഗിച്ച വ്യക്തിയാണ് നോഹ. ഈ ലോകത്തിന് അനുഗ്രഹമായി തീരുവാൻ സ്വന്തം ദേശം ഉപേക്ഷിച്ച കുടുംബത്തെ ഉപേക്ഷിച്ച, സ്വത്ത് ഉപേക്ഷിച്ച ഒരു വ്യക്തിയുണ്ട് അബ്രഹാം. ദൈവത്തിന്റെ വാക്കുകേട്ട് പട്ടണം ഉപേക്ഷിച്ച് മല കയറിയ

ലോത്തും കുടുംബവും. ഒരു ജന തയെ രക്ഷിക്കുവാൻ പലതും ഉപേക്ഷിച്ച അവരോടൊപ്പം നടന്ന മോശ. ചിലതൊക്കെ ഉപേക്ഷിച്ചാലേ ചില നന്മകൾ നേടാനാകും എല്ലാം ഉപേക്ഷിക്കുന്നത് ആരെയും ഉപേക്ഷിക്കാതിരിക്കാൻ ആണ്. യേശുക്രിസ്തു എല്ലാവർക്കും എല്ലാമായി തീർന്നത് സ്വയം ഇല്ലാതായതുകൊണ്ടാണ്. അതുപോലെ നമുക്കും സ്വയം ഇല്ലാതായി... എല്ലാവർക്കും എല്ലാമായിത്തീരാം. ■

# ഭാഗ്യക്കേടിൽ ഒളിഞ്ഞുകിടക്കുന്ന സൗഭാഗ്യം

**ആണ്ടുവട്ടത്തിലെ 4-ാം ഞായർ (ജനു. 29)** സെഫാ. 2, 3:3, 12-13. 1 കൊറി. 1, 26-31. മത്ത. 5, 1-12 a

**ഫാ. വർഗീസ് ജോസഫ്**

മലമുകളിലെ പ്രസംഗം ഉയർച്ചയായ ഇടം മാത്രമല്ല ദൈവീക സാന്നിധ്യത്തിന്റെ വളർച്ചയുമാണ്. ഒരു മനുഷ്യ ജീവിതം കടന്നുപോകാവുന്ന സാധ്യതകളെ ഓർമ്മിപ്പിക്കുകയും അതിൽ ദൈവീക സ്പർശത്തിന്റെ ഉറപ്പുമാണ് അഷ്ടസൗഭാഗ്യങ്ങൾ. ക്രിസ്തുവിന്റെ ജീവിതത്തിന്റെയും പഠനത്തിന്റെയും സംഷിപ്തരൂപമാണിത്. പരസ്യജീവിതത്തിന്റെ ആരംഭത്തിൽ തന്നെ ക്രിസ്തുവിന്റെ ആധികാരികമായ പ്രബോധനമാണിത്. മത്തായിയുടെ സുവിശേഷത്തിന്റെ അടിസ്ഥാനത്തിൽ 'മാനസാന്തരപ്പെടുവിൻ, സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു' (മത്താ. 4:17) എന്ന വചനവുമായാണ് പരസ്യജീവിതം ആരംഭിക്കുന്നത്. തുടർന്ന് ആദ്യശിഷ്യന്മാരെ തെരഞ്ഞെടുക്കുന്നു (മത്താ. 4:18).

ശിഷ്യത്വം അനുഗൃഹീതമാണ് (ഭാഗ്യവാന്മാർ). ക്രിസ്തുവിന്റെ വാക്കുകളിൽ പറഞ്ഞാൽ ആത്മാവിൽ ദരിദ്രരായവരും വിലപിക്കുന്നവരും ശാന്തശീലരും നീതിക്കുവേണ്ടി വിശക്കുന്നവരും കരുണയുള്ളവരും ഹൃദയശുദ്ധിയുള്ളവരും സമാധാനം സ്ഥാപിക്കുന്നവരും നീതിക്കുവേണ്ടി പീഡനം ഏൽക്കുന്നവരും അനുഗൃഹീതരാണ് (മത്താ. 5:1-10). ക്രിസ്തുശിഷ്യൻ ഈ ജീവിത സൗഹചര്യങ്ങളിലൂടെ കടന്നുപോകുന്നവരാണ്, കടന്നുപോകേണ്ടവരാണ്. 'ഭാഗ്യവാൻ' എന്ന വാക്കിന് 'പരിശുദ്ധനെന്നോ' 'സന്തോഷവാനെന്നോ' അർത്ഥമില്ല. ഭാഗ്യവാൻ എന്നത് ജീവിത സാഹചര്യമാണ്, ആയിരുന്ന അവസ്ഥയാണ്.

ക്രിസ്തീയ ശിഷ്യത്വം സ്വർഗരാജ്യത്തിലേക്കുള്ള ക്ഷണമാണ്. ക്രിസ്തുവിനെ പ്രതി വേദനകളിലൂടെയും സങ്കടത്തിലൂടെയും കണ്ണീരിലൂടെയും ഒറ്റപ്പെടലിലൂടെയും കടന്നുപോകുന്നവരാണ് ഈ ക്ഷണത്തിന് അർഹരാകുക. സ്വർഗരാജ്യമാണ് ഭാഗ്യം നിറഞ്ഞ ഇടം. ഈ ഇടത്തിൽ എത്തിച്ചേരുന്നവരാണ് ഭാഗ്യവാന്മാർ. ആത്യന്തികമായ സ്വർഗരാജ്യത്തിൽ പ്രവേശിക്കുക എന്നതാണ് ക്രിസ്തുശിഷ്യന്റെ ലക്ഷ്യം.

ക്രിസ്തു പരസ്യജീവിതം ആരംഭിക്കുന്നതു തന്നെ ഇവ്വിധമാണ്; സ്വർഗരാജ്യം സമാപിച്ചിരിക്കുന്നു (മത്താ. 4:17). ഒടുവിൽ ക്രിസ്തുനാഥൻ ശിഷ്യന്മാരെ പ്രസംഗിക്കുന്നതിനും സുഖപ്പെടുത്തുന്നതിനും അയക്കുന്നു. സ്വർഗരാജ്യം ലോകമെങ്ങും വ്യാപിക്കുന്നതിന് തുടക്കംകുറിച്ചു (മത്താ. 10:1;5-8).

അഷ്ടസൗഭാഗ്യത്തിന് പഴയനിയമത്തോളം ചരിത്രമുണ്ട്. ഏശാ 61:1-5; സങ്കീ. 24:3-4; സങ്കീ. 37, സങ്കീ. 11:42:1-2 എന്നിവ പഴയനിയമത്തിന്റെ ഓർമപ്പെടുത്തലാണ്. ക്രിസ്തു കടന്നുപോയ ജീവിതരീതിയിലേക്കാണ് ക്രിസ്തുശിഷ്യന്റെയും ക്ഷണം. അഷ്ടസൗഭാഗ്യത്തിന്റെ പ്രതിഫലവും ക്രിസ്തു പറയുന്നുണ്ട്. നിങ്ങൾ ആനന്ദിച്ചാഹ്ലാദിക്കുവിൻ; സ്വർഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും (മത്താ. 5:12).

അഷ്ടസൗഭാഗ്യത്തിന് ചില പ്രത്യേകതകളുണ്ട്. ഈ ഭൂമിയിൽ നാം കടന്നുപോകുന്ന കണ്ണീരിനെ 3-ാം വാക്യവും 10-ാം വാക്യവും ഓർമിപ്പിക്കുന്നു. സ്വർഗരാജ്യം ഈ ഭൂമിയിലെ ജീവിതമാണ്. 4-ാം വാക്യവും 9-ാംവാക്യവും ഭാവിയിലെ ജീവിതവുമായി ബന്ധപ്പെട്ടുനിൽക്കുന്നു. ഇന്നത്തെ ജീവിതത്തിലെ ഭാഗ്യക്കേടിന് നാളത്തെ ജീവിതത്തിലെ ആർക്കും തരാനാകാത്ത ഭാഗ്യം ഒളിഞ്ഞുകിടപ്പുണ്ട്. ആ ഭാഗ്യം ക്രിസ്തുവിലുണ്ട്. ആ ക്രിസ്തുവിനെ കണ്ടെത്തുക എന്നതാണ് പ്രധാനം. ■

ഇന്നത്തെ ജീവിതത്തിലെ ഭാഗ്യക്കേടിന് നാളത്തെ ജീവിതത്തിലെ ആർക്കും തരാനാകാത്ത ഭാഗ്യം ഒളിഞ്ഞുകിടപ്പുണ്ട്. ആ ഭാഗ്യം ക്രിസ്തുവിലുണ്ട്. ആ ക്രിസ്തുവിനെ കണ്ടെത്തുക എന്നതാണ് പ്രധാനം.

വചനജ്വാല

2023 ഫെബ്രുവരി മാസത്തെ ബി.സി.സി. കൂട്ടായ്മകളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്



# തിരുകുടുംബം: സമർപ്പിതജീവിതത്തിന്റെ മാതൃക



സിസ്റ്റർ ഡാളി ജോൺബോസ്കോ

**ആമുഖം**

സാർവ്വത്രിക സഭ "കർത്താവിന്റെ സമർപ്പണതിരുനാൾ ഫെബ്രുവരി മാസം 2-ാം തീയതി ആഘോഷിക്കുന്നു. ഈ തിരുനാൾ, തിരുകുടുംബത്തിൽ നിറഞ്ഞുനിന്നിരുന്ന സമർപ്പണത്തേയും നമ്മുടെ കുടുംബങ്ങളിൽ ഉണ്ടാകേണ്ട സമർപ്പണത്തേയും ഓർമ്മപ്പെടുത്തുന്നു. കുടുംബങ്ങളുടെ കൂട്ടായ്മയാണല്ലോ അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങൾ. കുടുംബജീവിതം ഒരു സമർപ്പിത ജീവിതമാണ്. നസ്രത്തിലെ തിരുകുടുംബം സമർപ്പിത ജീവിതത്തിന്റെയും സമൃദ്ധിയുടെയും വിശുദ്ധിയുടെയും നിറകുടവും സഹനത്തിന്റെയും പങ്കുവയ്ക്കലിന്റെയും ജീവിതമാതൃകയുമാണ്.

2021 മാർച്ച് 19 ന് തുടങ്ങി 2022 ജൂൺ 26 ന് റോമിൽ നടന്ന ആഗോള കുടുംബ സംഗമത്തിന് ഫ്രാൻസിസ് പാപ്പ തിരഞ്ഞെടുത്ത പ്രമേയം "കുടുംബം: സ്നേഹത്തിലേക്കുള്ള വിളിയും വിശുദ്ധിയിലേക്കുള്ള വഴിയും" എന്നായിരുന്നു. കുടുംബത്തിന്റെ സുവിശേഷം ഹൃദയങ്ങളേയും ജീവിതങ്ങളേയും നിറയ്ക്കുന്ന സന്തോഷമായി അനുഭവിക്കുവാൻ വിശ്വസികളെ സഹായിക്കുക എന്നതായിരുന്നു ഈ സംഗമത്തിന്റെ ലക്ഷ്യം.

കത്തോലിക്കാ സഭയുടെ ആധികാരിക മതബോധനഗ്രന്ഥത്തിൽ (CCC. 2225) വിശ്വാസജീവിതത്തിന്റെ ആദ്യപാഠങ്ങളും സുവിശേഷ മൂല്യങ്ങളും നൽകി കുട്ടികളെ വളർത്തുന്നതിനുള്ള കടമകളും ഉത്തരവാദിത്തവും മാതാപിതാക്കൾക്ക് ലഭിക്കുന്നു. ക്രിസ്തീയ ജീവിതം വിശുദ്ധവും നവീനവും ശാശ്വതവും നിരന്തരവുമായ ഒരു ഉടമ്പടിയാണ്. മാതാപിതാക്കൾ കുഞ്ഞുങ്ങളുടെ നെറ്റിത്തടത്തിൽ കുരിശ് വരച്ച് അനുഗ്രഹിക്കുന്നതും കുടുംബങ്ങൾ എല്ലാവരും ഒരുമിച്ച് പ്രാർഥിക്കുന്നതും ദിവ്യബലിയിൽ ഒരുമിച്ച് പങ്കുചേരുന്നതും വിശുദ്ധരുടെ ജീവിത കഥ അറിയുന്നതിലൂടെ ആത്മീയ ഉണർവ് സമ്പാദിക്കുന്നതും, പരോപകാരങ്ങൾ ചെയ്യുന്നതും മുതിർന്നവരെ സ്നേഹിക്കുന്നതും ബഹുമാനിക്കുന്നതും കുടുംബങ്ങളിൽ പണ്ട് മുതൽക്കെ നിലനിന്നിരുന്ന

നല്ല ശീലങ്ങളാണ്. ഇവ ഇപ്പോഴും കുടുംബങ്ങളിൽ തുടർന്നു കൊണ്ടു പോകുന്നതിനുള്ള ഉത്തരവാദിത്തവും കടമയും മാതാപിതാക്കൾക്ക് തന്നെയാണ്. ഇന്നത്തെ തലമുറയിൽ വാട്സ് ആപും യൂട്യൂബും സിനിമയും സീരിയലും കുടുംബത്തിൽ സ്ഥാനം പിടിക്കുമ്പോൾ കുടുംബജീവിതത്തിൽ താളപ്പിഴകൾ ഉണ്ടാകുന്നു. മാറി വരുന്ന ജീവിത സാഹചര്യങ്ങൾക്കുവിധേയമായി കുടുംബബന്ധങ്ങളിൽ വിള്ളലുകൾ സംഭവിക്കുമ്പോൾ തിരുകുടുംബമെന്ന ജീവിത മാതൃകയെ പിന്തുടരാൻ നമുക്ക് പരിശ്രമിക്കാം.

**ദൈവ വചന പാരായണം:-**

ലൂക്കാ 2:22-32

**വചന വിചിന്തനം**

നാം ശ്രവിച്ച തിരുവചനഭാഗം സുപ്രധാന സന്ദേശം ഉൾക്കൊള്ളുന്നു. മരിക്കുന്നതിനു മുമ്പ് രക്ഷകനെ കാണാൻ കഴിയുമെന്ന് ഉറപ്പുള്ള ശിമയോൻ ക്ഷമയോട് കാത്തിരുന്നു. അതുകൊണ്ട് യേശുവിനെ കാണാൻ കഴിയുകയും യേശു വഹിച്ച രക്ഷയെ തിരിച്ചറിയുകയും ചെയ്തു. അതുപോലെ തന്നെ തന്റെ ജീവിതകാലം മുഴുവൻ പ്രാർഥനയിലും തപസിലും ചെലവഴിച്ച അന്നയും യേശുവിനെ തിരിച്ചറിയുകയും അവിടത്തെ കാത്തിരിക്കുന്നവരോട് അവിടത്തെക്കുറിച്ച് സംസാരിക്കുകയും ചെയ്തു. അന്നയും ശിമയോനും മറ്റു പലരിലും നിന്ന് വ്യത്യസ്തമായി, യേശുവിനെ ക്രിസ്തുവാണെന്ന് മനസിലാക്കി. കാരണം, ദൈവഹിതം അനുസരിച്ച് ജീവിച്ച അവരുടെ കണ്ണുകൾ ശുദ്ധവും അവരുടെ വിശ്വാസം ലളിതവുമായിരുന്നു. പരിശുദ്ധ കന്യകാമറിയവും വിശുദ്ധ യൗസേപ്പും തങ്ങളെത്തന്നെ സമർപ്പിച്ചതിന്റെ ഭാഗമായാണ് രക്ഷാകരദൗത്യം പൂർത്തിയാകുന്നത്. ലോകത്തിൽ കുടുംബജീവിതത്തിന്റെ പ്രാധാന്യം തിരുകുടുംബം നമ്മളെ പഠിപ്പിക്കുന്നു. യേശു സ്നേഹത്തിന്റെയും കരുണയുടെയും ബാലപാഠങ്ങൾ പഠിപ്പിച്ചത് പരിശുദ്ധ അമ്മയുടെ മടിത്തട്ടിൽ ഇരുന്നിട്ടാണ്. അതിനാൽ കുടുംബങ്ങളിൽ നിന്നാണ് കൃപയുടെ ചാലുകൾ ഒഴുകി തുടങ്ങേണ്ടത്. സമർപ്പണ സന്നദ്ധരായ മാതാപിതാക്കളുടെ വീടുകളിൽ വിശുദ്ധരായ കുട്ടികളുണ്ടാകുന്നു. അങ്ങനെ കുടുംബത്തിൽ തെളിയുന്ന തിരിവെട്ടം സമൂഹപീഠത്തിൽ ജ്വലിച്ചുയരുന്നു. ഒപ്പമുള്ളവരുടെ ജീവിതം ഇരുളടയുമ്പോൾ വെളിച്ചം പകരാനാണ് നമ്മളോരോരുത്തരും വിളിക്കപ്പെട്ടിരിക്കുന്നത്. സ്വന്തം ജീവിതത്തിലും നാം ജീവിക്കുന്ന ചുറ്റുപാടിലും ഒരു തിരിവെട്ടമായി മാറാൻ സ്വയം എരിഞ്ഞ് ലോകത്തിന് പ്രകാശം നൽകിയ പരിശുദ്ധ അമ്മയെപ്പോലെ ആകാനുമുള്ള കൃപയ്ക്കായി പ്രാർഥിക്കാം. സമർപ്പണത്തിന് ത്യാഗം ആവശ്യമാണ്. സ്വാർത്ഥത നിറഞ്ഞ സമൂഹത്തിലല്ലേ നാം ജീവിക്കുന്നത് എന്നൊക്കെ ചിലപ്പോഴെങ്കിലും നാം ചിന്തിച്ചുപോയിട്ടുണ്ടാകാം. എന്നാൽ ഇതിൽ എവിടെയാണ് എന്റെ അവസ്ഥ എന്ന് ഒരിക്കലെങ്കിലും ചിന്തിച്ചിട്ടുണ്ടോ? സമർപ്പിക്കുമ്പോൾ പൂർണമായും പ്രതിഫലേച്ഛ കൂടാതെയും മാതാവിനെപ്പോലെയും സമർപ്പിക്കുക.

**ചർച്ച**

1. വിശ്വാസ ജീവിതത്തിലെ വളർച്ചയിൽ മാതാപിതാക്കൾ കുഞ്ഞുങ്ങളുടെ ഉത്തരവാദിത്തം എന്തുമാത്രം ഏറ്റെടുക്കുന്നു?
2. അർത്ഥവത്തായ ക്രിസ്തീയ ജീവിതം ഇന്നത്തെ ജീവിത സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ എങ്ങനെ രൂപപ്പെടുത്താം?
3. നീതിക്കുവേണ്ടി പോരാടേണ്ട ജീവിത സാഹചര്യങ്ങളോട് നാം എങ്ങനെ പ്രതികരിക്കുന്നു? ■



*പാളയം ഫെറോന മതബോധന സമിതിയുടെ നേതൃത്വത്തിൽ 2021 22 വർഷത്തിൽ ആദ്യകുർബ്ബാന സ്വീകരിച്ച കുട്ടികളുടെ ക്രൈസ്തവ വിശ്വാസം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 'പെനുവേൽ 2022', പാളയം കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് നടന്നപ്പോൾ*

നേർക്കാഴ്ച

ജെ.സി.

# വിദ്യാഭ്യാസത്തിനും തൊഴിലിനുമായി കേരളം വിടുന്ന പുതിയ തലമുറ

നമ്മുടെ വിദ്യാഭ്യാസ രീതികളിൽ കാതലായ മാറ്റങ്ങൾ വരാത്തിടത്തോളംകാലം ഈ കുടിയേറ്റം തുടരുക തന്നെ ചെയ്യും. യുവതയുടെ പലായനം ഒരു ആഗോള പ്രതിഭാസമാണ്. വിദഗ്ധ തൊഴിൽ പരിശീലനം നേടുന്ന മലയാളികൾ മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകൾക്കായി അന്യനാടുകളിലേക്ക് കുടിയേറുന്നു. കാലത്തിന്റെ അനിവാര്യതയാണിത്. വിദ്യാഭ്യാസത്തിനായി വിദേശത്തേക്ക് പോകുക്കയെന്നത് ഒരു കൊളോണിയൽ പാരമ്പര്യമാണ്. നമ്മുടെ ദേശീയ നേതാക്കളിൽ പലരും വിദേശ വിദ്യാഭ്യാസം നേടിയവരാണ്. സ്വാതന്ത്ര്യലബ്ധിക്കുശേഷം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വളർച്ചയെത്തുടർന്ന് ഭൂരിഭാഗം യുവജനങ്ങളും സ്വദേശത്ത് തന്നെ നിലയുറപ്പിച്ച് വിദ്യാഭ്യാസം നേടുകയും ജോലി കരസ്ഥമാക്കുകയും ചെയ്തു. അടിസ്ഥാന പ്രൊഫഷണൽ ബിരുദം നേടിയ അനേകം യുവജനങ്ങൾ (1960) അറുപതുകളിൽ യൂറോപ്പിലും അമേരിക്കയിലും കുടിയേറിയത് ഉന്നതവിദ്യാഭ്യാസം നേടാനും ജോലി ലഭിക്കാനുള്ള അവസരം ഉറപ്പാക്കാനുമായിരുന്നു. വിദ്യാഭ്യാസത്തിന് കേരളീയർ ഏറ്റവും വലിയ മുൻഗണനയാണ് എല്ലാകാലത്തും നൽകിയിട്ടുള്ളത്. സാമ്പത്തികശേഷിയുള്ളവർ മെച്ചപ്പെട്ട അവസരങ്ങളും ജീവിതനിലവാരവുംതേടി വിദേശത്തേക്ക് പോയി. ഗൾഫ് രാജ്യങ്ങളിൽ ദേഹാധ്വാനം ആവശ്യമുള്ള തൊഴിലുകൾക്ക് ഏറെ അവസരം ലഭിച്ചു. കുടിയേറ്റക്കാർ കേരളത്തിലേക്ക് അയച്ച പണം കേരളത്തിന്റെ സാമ്പത്തിക വ്യവസ്ഥയ്ക്ക് വലിയൊരു താങ്ങായി ഭവിച്ചു.



കേരളത്തിൽ ലഭിക്കുന്ന വിദ്യാഭ്യാസം ലോക നിലവാരത്തിനനുസരിച്ചുള്ളതല്ലയെന്ന തിരിച്ചറിവാണ് വിദേശവിദ്യാഭ്യാസത്തിന് അവരെ കൂടുതൽ ഉത്സുകരാക്കിയത്. പ്രഫഷണൽ വിദ്യാഭ്യാസത്തിന് വേണ്ടത്ര സീറ്റുകൾ ഇവിടെ ലഭ്യമല്ല, തത്ഫലമായി എത്രയോ കുട്ടികൾ കേരളത്തിൽനിന്ന് ബിരുദം നേടുന്നതിനായി വിദ്യാഭ്യാസച്ചിലവുകുറഞ്ഞ രാജ്യങ്ങളിലേക്ക് പോകുന്നത്. ഇന്നത്തെ സാഹചര്യങ്ങൾ നന്നാകുന്ന പക്ഷം ഇതര രാജ്യങ്ങളിൽ നിന്ന് യുവജനങ്ങൾ ഇങ്ങോട്ട് പലായനം ആരംഭിക്കും. ഇന്ന് വിദേശത്ത് പഠിക്കുക്കയെന്നത് വലിയ ബുദ്ധിമുട്ടുള്ള കാര്യമല്ല. ഇച്ഛാശക്തിയുണ്ടെങ്കിൽ, ആത്മാർത്ഥ പ്രയത്നങ്ങളിലൂടെ മുന്നോട്ട് നീങ്ങുവാനുള്ള ആഗ്രഹമുണ്ടെങ്കിൽ തീർച്ചയായും ആർക്കും അത് സാധ്യമാകും. അതിന് ധാരാളം സൗകര്യങ്ങൾ ഇപ്പോൾ ലഭ്യമാണ്. കേരളത്തിലെ മധ്യവർഗത്തിൽ നിന്നാണ്, ഭൂരിഭാഗം കുടിയേറ്റവും നടക്കുന്നത്. മധ്യവർഗജനതയുടെ മാറുന്ന ജീവിത സങ്കല്പങ്ങളും ഉയർന്ന ക്രയശേഷിയും അതിന് അവരെ പ്രേരിപ്പിക്കുന്നു. ആഗോളവൽക്കരണം യാഥാർത്ഥ്യമായ ഇക്കാലത്ത് യുവാക്കളുടെയും വിദ്യാസമ്പന്നരായ തൊഴിലാളികളുടെയും വിദേശത്തിലേക്കുള്ള ഒഴുക്ക് തടയാനോ കുറയ്ക്കാനോ ആർക്കും സാധിക്കില്ല. മികച്ച പ്രൊഫഷണലുകളെ ഇവിടെ നിലനിറുത്തണമെങ്കിൽ നമുക്കതിനുള്ള ഭൗതിക സൗകര്യങ്ങളും ശേഷിയും അവതരങ്ങളും വേണം.

മസ്തിഷ്ക ചോർച്ചയിലൂടെയുള്ള ഇന്ത്യയിലെ നൈപുണ്യ വിടവ് നികത്താൻ, ഇത്രയും കാലം ശ്രദ്ധിക്കാതെപോയ സമൂഹങ്ങളിലുള്ളവരെ മുഖ്യധാരയിൽ എത്തിക്കുക എന്നതുകൂടി ലക്ഷ്യമിടേണ്ടതുണ്ട്. അവർ ഒട്ടും മോശക്കാരല്ല. നീതിവൽക്കരണമില്ലാത്ത ചില സാമൂഹിക ചുറ്റുപാടുകളിൽ അവരെ അകറ്റി നിറുത്തിയതാണ്. പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെ ഉന്നത വിദ്യഭ്യാസ മേഖലയിലേക്ക് ആകർഷിക്കുന്നതിന് നമുക്ക് കിട്ടിയ നല്ലൊരവസരമാണ് ഇവിടെയുള്ളത്. ദളിത്, അദിവാസി, മത്സ്യത്തൊഴിലാളി തുടങ്ങിയ സമൂഹങ്ങളിൽനിന്നുള്ളവരെ പരിശീലിപ്പിച്ച് ശക്തീകരിക്കാൻ ശ്രമിക്കേണ്ടതാണ്. സ്വയം ആശ്രയിക്കാനും ഭാവി കരുപ്പിടിപ്പിക്കാനും സംരംഭകത്വകഴിവുകൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഇത്തരം യുവതയ്ക്ക് അഭിവൃദ്ധി പ്രാപിക്കാൻ ആവശ്യമായ അറിവും അവസരങ്ങളും നൽകുമ്പോൾ രാജ്യത്തിന്റെ വികസനത്തിന് ഒരു പ്രേരക ശക്തിയായി അവർ മാറും. ■

8 NIGHTS 9 DAYS

# HOLY LAND PILGRIMAGE TOUR

Explore the spiritual experience of travelling to Holy Land through **MANGALAM TRAVEL & TOURS**



**ATTRACTIONS**

Every Month Departure
Every Day holy mass during the tour
All inclusive package
Accompanied by Priests

**COUNTRIES**

EGYPT,ISRAEL,PALESTINE,JORDAN

## EXPERIENCE EUROPEAN COUNTRIES

**PILGRIMAGE**

Attractions :Vatican | Assisi | Lourdes | Fatima Avila | SanGiovani
Countries : ITALY,SPAIN,FRANCE,PORTUGAL,SWITZERLAND

**15 Nights 14 Days ,Departures Months:**
**APRIL, MAY, SEPTEMBER, OCTOBER**

**Other Services**

Airline Reservation & Ticketing
Visa Processing & Passport Services | Foregin Exchange
Worldwide Hotel Reservation | All over the year Excursions and itineraries | Free Ticket delivery |Travel Insurance

Mangalam Travel & Tours
The Ultimate Travel Professionals

REGISTERD OFFICE: 5, 6, 1ST FLOOR
OUR TOWER, VELLAYAMBALAM, SASTHAMANGALAM
THIRUVANANTHAPURAM-695010
LANDLINE: 0471-4078 400 (30 LINES)
0471-2720031 / 32

**FOR FURTHER DETAILS**

89395 08477 / 94471 50070
80866 77961 (GLOBAL VISA)
80866 77966 (TOUR PACKAGE)

www.mangalamtravel.com support@mangalamtravel.com

NAGARCOIL | MARTHANDAM | MADURAI | CHENNAI | CHACKAI | COCHIN

Total Page 60
Pub. Date : 01.01.2023
RNI Registered NO. 36056/81 REG NO. KL/TV(S)266/2021-2023. WPP NO. KL/TV(S)WPP/171/2021-2023 JEEVANUM VELICHAVUM Rs. 30.00




## Our Departments:

- Anesthesiology, General Surgery, General Medicine.
- Supportive Services: Fully automated Lab facility
- USG and Doppler, Cath lab
- Echo Cardiogram Holter monitor facility
- C-Arm facility
- Endoscopy, Colonoscopy PFT, OAE, Mortuary through,althca,Healthe,TMT,ESWL
- 24 Hours Emergency
- Pharmacy Digital X ray, ECG,CT Scan
- Cardiology with Minimally Invasive Surgery.
- Laparoscopic and Minimally invasive surgery.
- Bariatric Surgery, Medical Gastroenterology.
- Obstetrics and Gynecology, Paediatrics.
- Orthopaedic, Dermatology. Ophthalmology, ENT.
- Medical Oncology, Nephrology.Neurology, Neurosurgery.
- Dentistry, Oral and Maxillofacial surgery.
- Plastic and reconstructive surgery.
- Urology, Psychiatry.Psychotherapy, Physiotherapy.

## Supportive Services:

- A24 Hours Emergency
- Fully automated Lab facility
- Pharmacy
- Digital X ray, ECG
- Scan
- USG and Doppler, Cath lab
- TMT
- Echo Cardiogram
- Holter monitor facility
- C-Arm facility
- ESWL
- Endoscopy, Colonoscopy
- PFT, OAE, Mortuary

## Jubilee's Pride:

- Replacement, Radio
- Arthroscopy & Joint freequency Abiation for Vericose Veins
- ENT Fascility
- Reconstructive Cancer Surgery & World Class

**EXECUTIVE HEALTH CHECK-UP PACKAGES AVAILABLE**

ECONOMY CHECK-UP | REGULAR CHECK-UP | PREMIUM CHECK-UP | HEALTH PLUS CHECK-UP

ഫാ. തിയോഡോഷ്യസ് ഡിക്രൂസ്
മാനേജിംഗ് ഡയറക്ടർ

Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Deepak Anto